# കരയോഗ സൗഹൃദം


*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 68

വാല്യം - 8 ലക്കം - 8 കർക്കിടകം - 1190 ആഗസ്റ്റ് 2015



## ആദരാഞ്ജലികൾ

**എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറത്തിന്റെ 17-ാമത് വാർഷികാഘോഷത്തിൽ നിന്ന്**





അന്തരിച്ച മുൻ രാഷ്ട്രപതി എപിജെ അബ്ദുൾ കലാമിന് പ്രണാമമർപ്പിച്ചു കൊണ്ട് എറണാകുളം കരയോഗം, കാളിദാസ സാംസ്ക്കാരിക വേദി, സിബിഎസ്ഇ സ്ക്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എന്നിവ സംയുക്തമായി ടി.ഡി.എം.ഹാളിൽ സംഘടിപ്പിച്ച പ്രാർത്ഥനാ സദസ്സ്.



ടി.ഡി.എം. ഹാളിൽ നടന്ന ക്ഷേത്രധർമ്മ അവബോധനസമിതി രൂപീകരണ യോഗത്തിൽ നിന്ന്

വാല്യം 8 ♦ ലക്കം – 8 ♦ ആഗസ്റ്റ് 2015

ഉള്ളടക്കം


| ഉള്ളടക്കം | നം |
|---|---|
| എഡിറ്റോറിയൽ | - 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | - 5 |
| അംഗങ്ങളുടെ ശ്രദ്ധയ്ക്ക് | - 7 |
| ഓണം | - 8 |
| ബാലലോകം | - 9 |
| ആരോഗ്യവും നല്ല ശീലങ്ങളും | - 10 |
| രാഗപരിചയം | - 12 |
| വാസ്തു | - 13 |
| ജനിതകം | - 14 |
| ഭാരതീയ പൈതൃക സന്ദേശം | - 17 |
| പറക്കും സ്വാമികൾ | - 20 |
| കേരള വാറ്റ് രജിസ്ട്രേഷന് ബാദ്ധ്യതയുള്ളവർ | - 21 |
| അനശ്വരമായ ആത്മാവ് | - 24 |
| മുത്തശ്ശിയും കൊച്ചുമക്കളും | - 27 |
| ഡാർവിനും പരിണാമസിദ്ധാന്തവും | - 28 |
| ഒരു മുത്തശ്ശിക്കഥ | - 30 |
| ഒരിക്കൽ അവൾ പറഞ്ഞത്... | - 31 |
| സംസ്കൃതദിന ചിന്തകൾ | - 32 |
| നവരാത്രി 2015 | - 35 |
| രാമായണാമൃതം | - 39 |
| ഗാന്ധിസൂക്തം | - 40 |
| ഹിമാലയത്തിന്റെ മടിതട്ടിൽ | - 41 |
| നെഫ്രോട്ടിക് സിൻഡ്രോം | - 44 |
| മുടി കൊഴിച്ചിൽ | - 45 |
| ചിക്കൻ പോക്സ് | - 48 |
| ക്ഷേത്രധർമ്മ അവബോധന സമിതി | - 49 |
| വദതു സംസ്കൃതം | - 51 |
| എൽഡർ സിറ്റിസൺഫോറം | - 52 |
| ആദരാഞ്ജലി | - 53 |
| മാസഫലം | - 57 |
| മാംഗല്യം | - 54 |
| ചരമവാർഷികം | - 56 |



## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
*(മാനേജിംഗ് എഡിറ്റർ)*

**എം. ശ്രീവല്ലഭൻ നായർ**
*(എഡിറ്റർ)*

**പി. രാമചന്ദ്രൻ (വേണു)**
**കെ. ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**




എഡിറ്റോറിയൽ........

# അഗ്നിച്ചിറകുകളിലേറി അനശ്വരതയിലേയ്ക്ക്

ഡോ. എ.പി.ജെ.അബ്ദുൾ കലാം. അഭിമാനാദരവോടുകൂടി മാത്രമെ ഏതൊരു ഭാരതീയനും ആ നാമം സ്മരിക്കുവാനോ, ഉച്ചരിക്കുവാനോ കഴിയുകയുള്ളു. അത്രയ്ക്കു തീക്ഷ്ണമായ ദീപ്തസ്മരണകൾ അവശേഷിപ്പിച്ചുകൊണ്ടാണ് സ്വപ്നങ്ങളുടെ ആ രാജകുമാരൻ വിട പറഞ്ഞത്, നമ്മെ വിട്ടു പിരിഞ്ഞത്. വിദ്യാഭ്യാസകാലം മുതൽ മരണസമയം വരെ നാടിനുവേണ്ടി, അവിരാമം, അക്ഷീണം പ്രവർത്തനനിരതമായിരുന്നു ആ കർമ്മയോഗി. ലാളിത്യത്തിന്റെ മഹനീയമാതൃക, ദേശസ്നേഹത്തിന്റെ ദീപസ്തംഭം, നിശ്ചയദാർഢ്യത്തിന്റെ ആൾരൂപം, ഭാരതത്തെ ബഹിരാകാശ ശാസ്ത്രരംഗത്ത് അസൂയാർഹമാംവിധം ഉയരങ്ങളിലെത്തിച്ച അതുല്യനായ ശാസ്ത്രജ്ഞൻ, പ്രതിഭാധനനായ അദ്ധ്യാപകൻ, വിദ്യാർത്ഥികളെ വലിയ വലിയ സ്വപ്നങ്ങൾ കാണാൻ പഠിപ്പിച്ച മാർഗ്ഗദർശി, തൊട്ടതെല്ലാം പൊന്നാക്കിയ കർമ്മധീരൻ, ഇന്ത്യയുടെ മിസൈൽമാൻ, അതിനുമപ്പുറം ജനങ്ങളുടെ പ്രസിഡണ്ട്, ദീർഘദർശിയായ രാജ്യതന്ത്രജ്ഞൻ അങ്ങനെ എത്രയെത്ര വിശേഷണങ്ങളാണ് ആ മഹാനെപ്പറ്റി പറയുവാനുള്ളത്. കാരണം അദ്ദേഹം കൈ വയ്ക്കാത്ത മേഖലകളില്ല.

എത്ര താഴെ തട്ടിൽ ജനിച്ചാലും, നിശ്ചയദാർഢ്യവും,കഠിനാദ്ധ്വാനവും കൈമുതലായുള്ള ഏതൊരാൾക്കും ഇന്ത്യയിൽ ഏതു സ്ഥാനം വരെയും എത്താൻ കഴിയും എന്നുള്ള തിന്റെ പ്രത്യക്ഷോദാഹരണമാണ് നമ്മുടെ മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ അബ്ദുൾ കലാമിന്റെ ജീവിതം. തമിഴ്നാട്ടിലെ രാമേശ്വരം ഗ്രാമത്തിൽ വളരെ താണനിലയിൽ ജീവിതം നയിച്ചിരുന്ന വള്ളക്കാരനായിരുന്ന എ. പി. ജയിനുലാബ്ദീൻ മരയ്ക്കാരുടേയും, മഹമ്മദ് അസീഖാ അമ്മാളിന്റെയും ഏഴ് മക്കളിൽ ഏറ്റവും ഇളയവനായാണ് 1931 ഒക്ടോബർ 15 ന് അവുൽ പക്കീർ ജയ്നുലാബ്ദീൻ അബ്ദുൾ കലാം

എന്ന എ.പി.ജെ അബ്ദുൾ കലാം ജനിച്ചത്. വിദ്യാഭ്യാസകാലത്ത് ഉണ്ടായ ലോകമഹായുദ്ധ സമയത്തെ ദാരിദ്ര്യത്തെ അതിജീവിക്കുന്നതിന് യാതൊരു വൈമനസ്യവും കൂടാതെ വിദ്യാർത്ഥി യായ അബ്ദുൾ കലാം പത്ര വിതരണക്കാരന്റെ ജോലി സ്വയം ഏറ്റെടുത്തു. അത് തനിക്കും കുടുംബത്തിനും ആശ്വാസം പകർന്ന പ്രവർത്തി യായിരുന്നുവെന്ന് അഭിമാനത്തോടകൂടി തന്നെ അദ്ദേഹം പലപ്പോഴും പറഞ്ഞിട്ടുണ്ട്. പിന്നീടാണ് കോളേജ് വിദ്യാഭ്യാസവും, മദ്രാസ് ഐ.ഐ.ടി. യിലെ പഠനവും ഒക്കെ ഉണ്ടായത്.

ചെറുപ്പത്തിലെ അദ്ദേഹത്തിന്റെ മോഹം വിമാനം പറപ്പിക്കുന്ന പൈലറ്റ് ആവുക എന്നുള്ളതായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന് സമർത്ഥനായ തന്റെ മകൻ ഒരു ജില്ലാ കളക്ടറാകുന്നതായിരുന്നു ഇഷ്ടം. ഏതായാലും പൈലറ്റ് ടെസ്റ്റിന് പോയി പരാജിതനായി മടങ്ങിയ അദ്ദേഹം ഋഷികേശിലെത്തി ഗംഗാ മാതാവിനെ വന്ദിച്ച് സ്വാമി ശിവാനന്ദജിയുടെ അടുത്തെത്തി. സ്വാമിജിയിൽ നിന്നും, ആത്മ ധൈര്യത്തിന്റെയും, ആത്മജ്ഞാനത്തിന്റെയും അണയാത്ത പൊൻപ്രഭ ഉള്ളിലേയ്ക്ക് ആവാഹി ച്ചെടുത്ത അബ്ദുൾ കലാം പരാജയത്തെ എങ്ങനെ വിജയത്തിന്റെ ചവുട്ടുപടി ആക്കണ മെന്ന് പഠിച്ചു. പിന്നീടുള്ള അദ്ദേഹത്തിന്റെ ജീവിതയാത്രയിൽ നിരാശ എന്നൊന്ന് ഒരിക്കലും ഉണ്ടായിട്ടില്ല. ഉയരങ്ങളിൽ നിന്ന് ഉയരങ്ങളി ലേയ്ക്കും വിജയങ്ങളിൽ നിന്ന് ഉന്നത വിജയങ്ങളിലേയ്ക്കുമുള്ള കർമ്മനിരതമായ യാത്ര. അന്ത്യ നിമിഷം വരെയും അതു തുടർന്നു. 27.7.2015 ന് ഷില്ലോങ് ഐ.ഐ.റ്റി-യിൽ ശാസ്ത്രസംബന്ധമായ വിഷയത്തിൽ പ്രഭാ ഷണം നടത്തിക്കൊണ്ടിരിക്കെ കുഴഞ്ഞു വീണ് അന്ത്യം സംഭവിക്കുകയായിരുന്നു.

നാം ഇന്ന് കൈവരിച്ചിട്ടുള്ള ബഹിരാ കാശ ഗവേഷണ നേട്ടങ്ങൾക്കെല്ലാം തുടക്കം കുറിച്ചതും മാർഗ്ഗദർശിയായിരുന്നതും, വളരെ ലളിതമായ ജീവിതശൈലി പുലർത്തി പോന്നി രുന്ന, സാധാരണക്കാരായ ജനതതിയോടൊപ്പം ജീവിച്ച ഡോ. അബ്ദുൾകലാം തന്നെയെന്നത് തർക്കമറ്റ വസ്തുതയാണ്. രാജ്യസ്നേഹ പ്രചോതിതമായ മാർഗ്ഗദർശനം നൽകാൻ, ഗാന്ധിജിക്ക് ശേഷം ഡോ. കലാമിനെപ്പോലെ മറ്റൊരാൾക്കും കഴിഞ്ഞിട്ടില്ല. വലിയ വലിയ സ്വപ്നങ്ങൾ കാണുവാനാണ് അദ്ദേഹം കുട്ടികളോട് ആഹ്വാനം ചെയ്തത്. നിങ്ങളുടെ സ്വപ്നങ്ങൾ ചെറുതാകരുത് എന്നും പറഞ്ഞു. അദ്ദേഹത്തിന്റെ തന്നെ ഭാഷയിൽ "Small aim is a crime" ആണ്.

മറ്റുള്ള എല്ലാ ആചാര്യൻമാരെയും പോലെ രാജ്യത്തിന്റെ ഭാവി വാർത്തെടു ക്കേണ്ടതായ ഇന്നത്തെ കുട്ടികളിൽ, വിദ്യ അഭ്യസിപ്പിക്കുന്ന അദ്ധ്യാപകർക്കാണ് രാജ്യ സ്നേഹവും, ശാസ്ത്രബോധവും, ഭാഷാ സ്നേഹവും എല്ലാം വളർത്തിയെടുക്കാൻ കഴിയുന്നത്. സ്കൂൾ വിദ്യാഭ്യാസക്കാലത്ത് അവന്റെ / അവളുടെ മനസ്സിലേയ്ക്ക് കടത്തി വിട്ട് ഉറപ്പിക്കുന്ന സദ്ഗുണങ്ങളെ പിന്നീട് ആർക്കും മാറ്റുവാൻ കഴിയില്ല. അതെപ്പറ്റി അദ്ദേഹം പറഞ്ഞത് സ്കൂൾ വിദ്യാഭ്യാസ കാലത്ത് സദ്ഗുണങ്ങൾ നേടിക്കഴിഞ്ഞാൽ പിന്നെ " Neither the Devil nor the God can change them" എന്നാണ്.

അടുത്ത കാലത്ത് ഏറ്റവും കൂടുതൽ വിറ്റഴിഞ്ഞ പുസ്തകമായ 'അഗ്നിച്ചിറകുകൾ' കുട്ടികൾക്ക് പഠിക്കുന്നതിന് സാഹചര്യം ഒരുക്കിയാൽ അത് വളരാൻ കൊതിക്കുന്ന കുട്ടികൾക്ക് പ്രചോദനമായിരിക്കുമെന്ന് മാത്രമല്ല അദ്ദേഹത്തെ വരും തലമുറയ്ക്ക് പരിചയപ്പെടു ത്തുവാനുള്ള ഒരു മാർഗ്ഗം കൂടി ആയിരിക്കും. അധികൃതർ ഈ വഴിക്ക് ചിന്തിക്കണമെന്ന അഭ്യർത്ഥനയോടുകൂടി ജീവിതാന്ത്യം വരെ ലോകത്തിലെങ്ങും, പ്രത്യേകിച്ച് ഭാരതത്തിൽ ജ്ഞാന ജ്യോതിസ് തെളിയിച്ച, ഇന്ത്യാവിഷൻ 2020 നമുക്ക് സമ്മാനിച്ച, ഭാവനാസമ്പന്നനും ദീർഘ ദർശിയുമായിരുന്ന ആ ധന്യാത്മാവിന്റെ ഓർമ്മകൾക്കു മുമ്പിൽ നമ്രശിരസ്കരായി നിന്ന് നമിക്കാം. ജനഹൃദയങ്ങളിൽ കുടികൊള്ളുന്ന അനശ്വരനായ നേതാവേ! അങ്ങേക്ക് പ്രണാമം... എറണാകുളം കരയോഗത്തിന്റെ വിനീതമായ പ്രണാമം.

■

## ശ്രീ വിദ്യാധിരാജാ വചനം

കപട സ്നേഹത്തെയും
സ്നേഹാഭിനയത്തേയും സ്നേഹത്തിന്റെ
പട്ടികയിൽ പെടുത്താതിരിക്കുകയാണ്
യഥാർത്ഥ സ്നേഹം.

# ജനറൽ സെക്രട്ടറിയുടെ പംക്തി

## "ഓണാശംസകൾ"

മലയാളികളുടെ ദേശീയോത്സവം "ഓണം" വീണ്ടും പടിവാതിൽക്കലെത്തി നിൽക്കുന്നു. ഗതകാലസ്മരണകൾ ഉണർത്തിക്കൊണ്ട്, പഴയ തലമുറയ്ക്ക് ഓർക്കുവാനും പങ്കുവയ്ക്കുവാനും ധാരാളമുണ്ട്. എന്നാൽ, പുതിയ തലമുറയുടെ ഓണം അത്തരം സ്മരണകളിലേക്ക് വരും കാലങ്ങളിൽ ബാക്കി വയ്ക്കാനുണ്ടാകും എന്ന് പ്രതീക്ഷയില്ല. ആഗോള കച്ചവട താല്പര്യത്തിൻെറയും ഓണസദ്യ പാക്കേജുകളുടെയും റെഡിമെയ്ഡ് പൂക്കളുടെയും ഈ കാലത്ത് ജീവിക്കുന്ന നമ്മുടെ കുട്ടികൾ നവയുഗത്തിൻെറ പ്രതിനിധികളാണ്. അവരെ കുറ്റം പറയുവാൻ കഴിയില്ല. ഒന്നു രണ്ടു തലമുറയ്ക്ക് മുൻപുള്ള പഞ്ഞകർക്കിടകവും പിന്നെ വരുന്ന പൂക്കളുടെയും, വർണ്ണങ്ങളുടെയും, വള്ളംകളികളുടെയും പുലികളികളുടെയും, കുമ്മാട്ടിയുടെയും, എന്നു വേണ്ട ആഘോഷങ്ങളുടെ, ഉത്സവങ്ങളുടെ, പെരുമഴയായിരുന്ന ഒരു കാലത്ത് അന്ന് ഓരോ ഭവനങ്ങളും ദാരിദ്ര്യവും കഷ്ടപ്പാടും ബുദ്ധിമുട്ടുകളും അനുഭവിച്ചപ്പോൾപോലും, ഓണക്കാലം ഇന്നും ഓർക്കുവാൻ സുന്ദരമായ ഒരു ഗതകാലസ്മരണയാവുന്നു എന്നതാണ് സത്യം. സത്യസന്ധതയുടെയും, രാജഭക്തിയുടെയും, കള്ളവും ചതിയുമില്ലാത്ത സുന്ദരമായ ആ നാളുകൾക്കായി നമുക്ക് പരിശ്രമിക്കാം, പ്രാർത്ഥിക്കാം. എല്ലാവർക്കും എറണാകുളം കരയോഗത്തിൻെറ ഓണാശംസകൾ.

എറണാകുളം കരയോഗം ഓണം വിപണന മേള മുൻവർഷങ്ങളിലെ പോലെ വിപുലമായ രീതിയിൽ ഓണസദ്യ കിറ്റ്, വിവിധതരം ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, പാലട പരിപ്പ് പ്രഥമനുകൾ എന്നിവയുടെ സ്റ്റാളുകളോടെ ആഗസ്റ്റ് 13 മുതൽ 27 വരെ ടിഡിഎം ഹാളിൽ നടത്തുന്നതാണ്. മേളയുടെ ഉദ്ഘാടനം 13-ാം തീയതി വൈകുന്നേരം 4 മണിക്ക് നടത്തുന്നു.

ഈ വർഷം രണ്ടു പുതിയ ജനോപകാരപ്രദമായ പദ്ധതികൾ കൂടി പൊതുജനസമക്ഷം പ്രഖ്യാപിക്കുകയുണ്ടായി. അതിൽ ഒന്ന് കൊച്ചി നഗരസഭയുമായി സഹകരിച്ചുകൊണ്ട് കൊച്ചി നഗരത്തിൽ "വിശക്കുന്നവന് ഭക്ഷണം" എന്നൊരു പദ്ധതിയാണ്. ധാരാളം ജീവകാരുണ്യ സംഘടനകളും അതുപോലെ പല നല്ല മനസ്സുള്ള വ്യക്തികളും കൊച്ചി നഗരത്തിൽ ഉച്ചഭക്ഷണം വിതരണം ചെയ്യുന്നുണ്ട്. എന്നാൽ, എറണാകുളം കരയോഗം ഇതിൽ നിന്നും വ്യത്യസ്തമായി നഗരസഭയുടെ സഹകരണത്തോടെയും, നഗരത്തിലെ സാമൂഹ്യസേവന പ്രതിബദ്ധതയുള്ള എൻജിഒ കളുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് നഗരത്തിലെ ഏകദേശം പത്തിടങ്ങളിലായി സമൂഹത്തിലെ നിർധനരും അവശരും രോഗികളുമായവർക്കും, കൃത്യസമയത്ത്, ഭക്ഷണശാലയിൽ ഭക്ഷണം വിളമ്പിക്കൊടുക്കുന്ന രീതിയിൽ സേവനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. നഗരത്തിൻെറ വിവിധ ഭാഗങ്ങളിലായി പുറമ്പോക്കായോ, മറ്റ് ഏതെങ്കിലും തരത്തിലോ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ശുചിത്വവും വൃത്തിയുമുള്ള ഒരു അന്തരീക്ഷത്തിൽ ഭക്ഷണം കഴിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുകയാണ് ലക്ഷ്യം. നഗരസഭ തത്വത്തിൽ അംഗീകരിച്ച ഈ പദ്ധതി പ്രായോഗിക തലത്തിൽ കൊണ്ടുവരാനുള്ള ശ്രമത്തിലാണ് നമ്മൾ. എല്ലാ സൻമനസ്സുകളുടെയും നിർലോഭമായ സഹായം ഈ പദ്ധതിക്ക് ആവശ്യമാണ്. നിങ്ങൾ ജീവകാരുണ്യ പ്രവർത്തനത്തിന് നൽകുന്ന സംഭാവനകൾക്ക് ഇൻകംടാക്സ് വകുപ്പിൻെറ 80ജി ആനുകൂല്യം ലഭ്യമാണ് എന്ന് ഓർമ്മിപ്പിക്കുന്നു. ഈ പദ്ധതി ഭംഗിയായി നടത്തുവാൻ എല്ലാവരുടെയും സഹകരണം ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.


മറ്റൊരു ബൃഹത്തായ പദ്ധതിക്ക് കൂടി രൂപരേഖ തയ്യാറാക്കി നഗരസഭ മേയർക്ക് എറണാകുളം കരയോഗം കൈമാറിയിട്ടുണ്ട്. ആയത് കുറേക്കൂടി വിശാലമായ കാഴ്ചപ്പാടും സമൂഹത്തിന് ഏറ്റവും അത്യന്താപേക്ഷിതവുമായ ഒരു പദ്ധതിയായാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. പ്രത്യേകിച്ച് ഹിന്ദു സമൂഹത്തെ സംബന്ധിച്ച് ക്ഷേത്രങ്ങളും ശ്മശാനങ്ങളും സർക്കാർ നിയന്ത്രണത്തിലാണ്. എറണാകുളം നഗരത്തെ സംബന്ധിച്ച് നമ്മുടെ ശ്മശാനങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണെന്ന് ഏവർക്കും അറിയാവുന്നതാണല്ലോ. നമ്മൾ വിഭാവനം ചെയ്യുന്നത് അത്യന്താധുനിക രീതിയിലുള്ള ബഹുനില മന്ദിരത്തോടു കൂടി ഏഴ്

എട്ട് ശവസംസ്ക്കാരം ഒരേ സമയം നടത്തുവാനുള്ള സൗകര്യം, അനുശോചനയോഗമുൾപ്പെടെയുള്ള കാര്യങ്ങൾക്കാവശ്യമായ ഹാൾ, പിതൃക്കളുടെ ചിതാഭസ്മം സൂക്ഷിക്കുന്നതിനുള്ള ലോക്കറുകൾ, അന്ത്യകർമ്മങ്ങൾക്ക് എത്തുന്നവർക്കുള്ള ശാന്തമായ അന്തരീക്ഷം, പരിസ്ഥിതി സൗഹൃദമായിട്ടുള്ള അന്തരീക്ഷം, എല്ലാ മതവിഭാഗക്കാർക്കും ഉപയോഗിക്കുവാനുള്ള അവസരം എന്നീ നിർദ്ദേശങ്ങളടങ്ങിയ പദ്ധതിയാണ്. 50 കൊല്ലത്തേക്ക് എറണാകുളം കരയോഗത്തെ നഗരസഭ ഈ പദ്ധതിക്കായി 50-100 സെൻറ് സ്ഥലം ഏൽപ്പിക്കുകയാണെങ്കിൽ പൂർണ്ണമായും എറണാകുളം കരയോഗം ഏറ്റെടുത്തുകൊണ്ട് എല്ലാ ജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കുവേണ്ടി കരയോഗം കൊച്ചി മേയർക്ക് നൽകിയ കത്തിൻെറ അടിസ്ഥാനത്തിൽ നഗരസഭയുടെ കൗൺസിലിൽ പരിഗണനയ്ക്ക് വച്ചിരിക്കുന്ന ടി വിഷയത്തെ നമ്മുടെ ചില സമുദായ നേതാക്കൻമാർ "മൂക്കുമുറിച്ച് ശകുനം മുടക്കുന്ന പ്രവണത" നല്ലതല്ല എന്നു സൂചിപ്പിക്കട്ടെ. എറണാകുളം കരയോഗം വിഭാവനം ചെയ്തതുപോലെ ആര് ഏറ്റെടുത്തു നടത്തുവാൻ വന്നാലും അതിനെ സ്വാഗതം ചെയ്യുന്നു. "എമ്പ്രാൻെറ വിളക്കത്ത് വാര്യരുടെ അത്താഴം" എന്ന രീതിയോട് നമുക്ക് യോജിപ്പില്ല. നമ്മളെ സംബന്ധിച്ച് സമൂഹത്തിന് ഗുണകരമായ പദ്ധതികളും പരിപാടികളും നടപ്പിലാക്കുകയും നടത്തിക്കൊണ്ടു പോവുകയും ചെയ്യുന്ന യഥാർത്ഥ കൈകളിലാവണം ഈ പദ്ധതി എത്തിച്ചേരേണ്ടത് എന്നു മാത്രം. എന്തായാലും എറണാകുളം കരയോഗത്തെ ഈ പദ്ധതി ഏൽപ്പിക്കുകയാണെങ്കിൽ പൂർണ്ണമായും സുതാര്യതയോടെ പൊതു താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് മുന്നോട്ടു പോകുമെന്നു മാത്രം സവിനയം ഉറപ്പു നൽകുന്നു.

ബാങ്ക് ജീവനക്കാരുടെ സംഘടനയായ ബീം എറണാകുളം കരയോഗവുമായി സഹകരിച്ച് നടത്തുന്ന പ്രതിമാസ പരിപാടി പ്രമുഖ ഗായകർ ഒരുക്കുന്ന നാടകഗാനങ്ങളുടെ ഒരു സായാഹ്നം ഓഗസ്റ്റ് 18ന് വൈകുന്നേരം 6.15ന് ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നു.

എറണാകുളം കരയോഗത്തിൻെറ കലാസാംസ്ക്കാരിക വിഭാഗമായ എറണാകുളം കഥകളി ക്ലബിൻെറ പ്രതിമാസ പരിപാടി നളചരിതം നാലാം ദിവസം കഥകളി ആഗസ്റ്റ് 25-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6.15 ന് ടിഡിഎം ഹാൾ ഗംഗയിൽ നടക്കുന്നതാണ്.

എറണാകുളം കരയോഗം നടത്തുന്ന വിവിധ സാമൂഹ്യ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സമൂഹം നൽകിയിട്ടുള്ള നിർലോഭമായ സഹകരണങ്ങൾക്ക് വീണ്ടും വീണ്ടും നന്ദി പറയുന്നു.



**ജനറൽ സെക്രട്ടറി**

## എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം
## ആഗസസ്റ്റ് - സെപ്റ്റംബർ മാസത്തെ പരിപാടികൾ

| തീയതി | ഇന്നത്തെ ചിന്താവിഷയം | മുഖ്യപ്രഭാഷകൻ | വിഷയം | ഹോസ്റ്റ് | നമ്പർ |
|---|---|---|---|---|---|
| 12.8.15 | എം.കൃഷ്ണമേനോൻ | ടി.കെ.ശ്രീകുമാരൻ നായർ | ആഗസ്റ്റ് 1947 | ശാന്താനന്ദകുമാർ | 838 |
| **20.8.15 27.8.15** | **യോഗം ഉണ്ടായിരിക്കുന്നതല്ല.** | | | | |
| 03.9.15 | ടി.ഗംഗാധരൻ | കെ. വിജയൻ | പെർഫ്യൂം | കെ. ഭാസ്കര പണിക്കർ | 839 |
| 10.9.15 | ശാന്തകുമാരി നന്ദകുമാർ | വി.ആർ.രാമചന്ദ്രൻ നായർ | ആശ്രമങ്ങൾ | വി.ആർ.രാമചന്ദ്രൻ നായർ | 840 |

# അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

പ്രിയ സുഹൃത്തേ,

എറണാകുളം കരയോഗാംഗമായ താങ്കളുടെ ശ്രദ്ധ ഒരു വിഷയത്തിലേക്ക് ക്ഷണിക്കുന്നു. ഭാരതത്തിനു തന്നെ സമുദായ മൈത്രിക്ക് മാതൃകയായിരുന്ന നമ്മുടെ കൊച്ചു കേരളം, സമകാലീന വിഷയങ്ങൾ, സാമൂഹ്യ സാമുദായിക രാഷ്ട്രീയപ്രശ്നങ്ങളുമായി കൂട്ടിക്കുഴച്ച് ഭൂരിപക്ഷം എന്നും ന്യൂനപക്ഷം എന്നും പറഞ്ഞ് സാമുദായികമായി നമ്മെ വേർതിരിച്ച് ഒരു വിഭാഗം വിദ്യാഭ്യാസപരമായും, സാമ്പത്തികപരമായും, നേതൃത്വപരമായും, രാഷ്ട്രീയപരമായും തന്നെ ഭൂരിപക്ഷസമുദായത്തെ മറികടന്ന് ബഹുദൂരം മുന്നോട്ടു പോയിരിക്കുന്നു.

നമുക്ക് ഇതിനെപ്പറ്റി ഒന്നു ചിന്തിക്കണ്ടെ? എന്തുകൊണ്ട് നമുക്ക് നേതൃസ്ഥാനത്ത് എത്തുവാൻ കഴിയുന്നില്ല? വിദ്യാഭ്യാസത്തിന്റെ കുറവുകൊണ്ടാണോ? നേതൃത്വപാടവത്തിന്റെ കുറവുകൊണ്ടാണോ? സാമൂഹ്യപരമായ പിന്നോക്കാവസ്ഥ നിങ്ങൾ അനുഭവിക്കുന്നുണ്ടോ? അതുമല്ല കഴിവും, ശേഷിയും, ശേമുഷിയുമുള്ള നമ്മുടെ സമുദായത്തെ ഏതെങ്കിലും വിധത്തിൽ ഒരു വിഭാഗം പാർശ്വവൽക്കരിക്കുന്നുണ്ടോ? ഇതിനെതിരെ നമ്മൾ ശക്തിയാർജ്ജിക്കേണ്ടതല്ലേ?

നിങ്ങൾ ഏത് രാഷ്ട്രീയ തത്വസംഹിതയും, ആശയവും ഉൾക്കൊള്ളുന്നവനോ പ്രതിനിധീകരിക്കുന്നവനോ ആയിക്കൊള്ളട്ടെ, സാമുദായികമായി ഒരു വിഭാഗത്തെ അവഗണിക്കാതിരിക്കുവാൻ നമുക്ക് എന്തു ചെയ്യുവാൻ കഴിയും - ചിന്തിക്കണം. ഈ വിഷയത്തെ സംബന്ധിച്ച് താങ്കളുമായും, സമാനമനസ്കരുമായും ഒരു ആശയവിനിമയം നടത്തുവാൻ ആഗ്രഹിക്കുന്നു.

കരയോഗം അംഗമായ താങ്കൾ മേൽപ്പറഞ്ഞ വിഷയം ഉൾക്കൊള്ളുന്നുവെങ്കിൽ, ആഗസ്റ്റ് മാസം 15-ാം തീയതി വൈകുന്നേരം 4 മണിക്ക് ടി.ഡി.എം.ഹാളിൽ, അംഗങ്ങളായ സമാനചിന്താഗതിക്കാരുമായി എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

നമുക്കും സാമ്പത്തികമായും, രാഷ്ട്രീയമായും സാമൂഹ്യപരമായും വളരെയേറെ ദൂരം മുന്നോട്ടു പേകേണ്ടതുണ്ട്. താങ്കളുടെ സാന്നിദ്ധ്യം പ്രതിക്ഷിച്ചുകൊണ്ട്

പി. രാമചന്ദ്രൻ (വേണു)
ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

## അനുസരിക്കാൻ പഠിക്കുക -അസൂയ ഉപേക്ഷിക്കുക



ഭാരതത്തിൽ സകലർക്കും നേതാക്കൻ മാരാകണം. അനുയായി ആവാൻ, അനുസരി ക്കുവാൻ ആരും തയ്യാറല്ല. എന്നാൽ ആജ്ഞാപിക്കാറാകും മുമ്പ് അനുസരിക്കാൻ പഠിക്കുകയാണ് വേണ്ടത്. അതിരില്ലാത്ത അസൂയക്കാരുമാണ് നമ്മൾ. ഹിന്ദു വലിയവനാകും തോറും അവന്റെ അസൂയയും വർദ്ധിച്ചുകൊണ്ടേയിരിക്കും. അസൂയ ഉപേക്ഷിക്കാതെയും, നേതൃത്വത്തെ അനുസരിക്കാൻ പഠിക്കാതെയും ഹിന്ദുവിന് സംഘടനാശക്തി കൈവരിക്കാൻ കഴിയില്ല. ഇന്നത്തെ അവസ്ഥപോലെ ആശയറ്റ, കലങ്ങിമറിഞ്ഞ, തമ്മിൽ തമ്മിൽ മത്സരിച്ച് അധ:പ്പതിക്കുന്നവരായി തുടരേണ്ടി വരും.

**- സ്വാമി വിവേകാനന്ദൻ -**

# ഓണം

ഓണം എന്ന സുന്ദരമായ പദത്തിനു പിന്നിലെ അന്തഃസത്തയെപറ്റി നാം ചിന്തിച്ചിട്ടുണ്ടോ? ധർമ്മത്തിന്റെയും, സ്നേഹത്തിന്റെയും ഒരു കാലഘട്ടം. അന്ന് മലങ്കാറ്റുകൾക്കും, ഇന്ദ്രധനുസ്സിനും, നാഗങ്ങൾക്കും, മുന്നിൽ വിനമൃതനായി നിന്ന മനുഷ്യൻ. യുഗങ്ങൾ കഴിയുന്തോറും പരിവർത്തനങ്ങൾ സംഭവിച്ചു കൊണ്ടിരുന്നു. ആധുനികതയും, നൂതനവുമായ ആശയങ്ങളും വികാസം പ്രാപിക്കുന്നതോടൊപ്പം നമ്മളുടെ ബന്ധങ്ങളും ശിഥിലമായിക്കൊണ്ടിരിക്കുകയാണ്. കാക്കപ്പൂവും, പൂക്കളവും ഓണത്തപ്പനും, ഓണക്കളിയും, ഊഞ്ഞാലാട്ടവും, പുലികളിയും എല്ലാം ഇന്നും ഉണ്ടെങ്കിലും എല്ലാം ആവിഷ്ക്കരിക്കുന്നത് വാശിയോടു കൂടിയ മത്സരങ്ങളിലൂടെയാണെന്ന് മാത്രം. അന്ന് ഓരോ അണുവിലും, അതിരില്ലാത്ത സ്നേഹവും, സ്വപ്നങ്ങളുമായിരുന്നു ഉണ്ടായിരുന്നത്. സത്യസന്ധതയും, നീതിയുക്തവുമായ ജീവിതശൈലി ഇന്ന് നമ്മൾക്ക് നെറ്റിപ്പട്ടം കെട്ടിയ മധുരിക്കുന്ന ഓർമ്മകൾ മാത്രമാണ്. സദാചാര വിരുദ്ധത നിറഞ്ഞ നാട്ടിൽ വൈചിത്രവും, വൈവിധ്യവും, വൈരുദ്ധ്യവുമായ സംഭവങ്ങൾ അരങ്ങേറുമ്പോൾ അതിനെ വിപാടനം ചെയ്യുവാൻ പ്രബുദ്ധതയുള്ള, ബാഹുബലിയായ രാഷ്ട്രതന്ത്രജ്ഞൻമാരായ അതികായൻമാരുടെ അപര്യാപ്തത ശാപമായി പിന്തുടർന്നു കൊണ്ടിരിക്കുന്നു. ഓണവും, ഓണാഘോഷവുമെല്ലാം സുന്ദരമായ സ്മൃതിയുടെ അവശിഷ്ടങ്ങൾ മാത്രമാണിപ്പോൾ. സമൃദ്ധിയുടേയും, സമാധാനത്തിന്റെയും സന്ദേശം നൽകുന്ന ആഘോഷമാണ് ഓണമെങ്കിലും അതിനുമപ്പുറത്ത് വേദനകളുടെയും, നിരാശയുടെയും ഇടയിൽപ്പെട്ട് ഉഴലുന്ന ഒരു പാട് മനുഷ്യജീവിതങ്ങളുണ്ട്. അവർക്ക് സ്വപ്നം കാണാനെങ്കിലും അവകാശമുണ്ടെന്ന കാര്യം നാം വിസ്മരിക്കരുത്. കാലഹരണപ്പെട്ട ഒരു വർണ്ണാഭമായ കാലഘട്ടം നമ്മൾക്ക് ഉണ്ടായിരുന്നു എന്ന് ഓർത്ത് നമ്മൾക്ക് ഇന്ന് അഭിമാനിക്കാം. ആ കാലഘട്ടം വിവരണാതീതവുമാണ്. ആയിരം നാവുള്ള അനന്തനുപോലും അതിനെപറ്റി വർണ്ണിക്കുവാൻ കഴിയില്ലാ എന്നതാണല്ലോ സത്യവും.

*ആശംസകളോടെ*
*കരയോഗ സൗഹൃദം*





# ബാലലോകം



ലക്ഷ്മിദേവി നായർ

**പ്രിയപ്പെട്ട കൂട്ടുകാരെ,**

എല്ലാവരും ഉത്സാഹിച്ച് പഠിക്കുന്നുണ്ടാവുമല്ലോ. പുസ്തകപഠനം മാത്രമല്ല വേണ്ടത് എന്ന് മുമ്പ് പറഞ്ഞത് ഓർമ്മയുണ്ടല്ലോ അല്ലെ? മഴയെക്കുറിച്ച് വീണ്ടും കൂട്ടുകാരെ ഓർമിപ്പിക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

ഈ വർഷം നമുക്ക് നന്നായി മഴ കിട്ടിയില്ല. അങ്ങിനെ വരുമ്പോൾ എന്താണ് സംഭവിക്കുന്നത്. ചൂട് കൂടും വൃക്ഷങ്ങൾ കരിയും. പാവം ഭൂമി നമുക്ക് എന്തെല്ലാം തരുന്നുണ്ട്. ഭൂമിയോട് നാം അധികം കരുണ കാട്ടാറില്ല. എല്ലായിടവും കുഴിച്ചു കെട്ടിടങ്ങൾ ഉണ്ടാക്കുന്നു. അനാവശ്യമായി വൈദ്യുതി ചെലവാക്കുന്നു. വെള്ളം പലപ്പോഴും ആവശ്യത്തിലധികം കളയുന്നു. ഇവിടെ കൂട്ടുകാർക്ക് ഒന്നും ചെയ്യാനാവില്ല. പക്ഷെ 'പലതുള്ളി പെരുവെള്ളം' എന്ന് കേട്ടിട്ടുണ്ടല്ലോ. ഉപയോഗം കഴിഞ്ഞാൽ പൈപ്പുകൾ അടക്കാനും വെള്ളം അനാവശ്യമായി ചെലവാക്കാതിരിക്കാനും കൂട്ടുകാർക്ക് കഴിയും അല്ലെ? അതുപോലെ വൈദ്യുതിയുടെ കാര്യവും. ആവശ്യം കഴിഞ്ഞാൽ ലൈറ്റും, ഫാനും അണക്കാനും കൂട്ടുകാർ ഓർക്കണേ.

ഇനി കൂട്ടുകാർക്ക് ഒരു ഈസോപ്പ് കഥ പറഞ്ഞുതരാം. എല്ലാം എനിക്ക് വേണം എന്ന ചിന്താഗതി കൂട്ടുകാർക്ക് ഉണ്ടാവരുതേ. അത്യാഗ്രഹം മൂത്താൽ ഉള്ളതും കൂടി നശിക്കും എന്ന് കേട്ടിട്ടില്ലേ? ആഗ്രഹിച്ചോളു. ആവശ്യമുള്ളതുമാത്രം. സ്വന്തം കൂട്ടുകാരുടെ കൈയ്യിൽ കാണുന്നതെന്തും വേണമെന്നാഗ്രഹിക്കുന്നത് ശരിയല്ല എന്നറിയാമല്ലോ? അത്യാഗ്രഹിയായ ഒരു സിംഹത്തിന്റെ കഥ കേട്ടോളു.

ഒരിക്കൽ ഒരു സിംഹം ഏറെ വിശന്നു തളർന്ന് കാട്ടിലൂടെ ഇരക്കു വേണ്ടി ഓടി നടന്നു. അപ്പോഴാണ് ദൂരെ ഒരു കുഞ്ഞൻ മുയൽ ഉറക്കം തൂങ്ങിയിരിക്കുന്നത് കണ്ടത്. ഏറെ കൊതിയോടെ സിംഹം അതിനടുത്തേക്ക് പാഞ്ഞു ചെന്നു. കുഞ്ഞൻ മുയൽ ഞെട്ടിയുണർന്നു. ഇടയിൽ വെച്ചു സിംഹം തടിച്ചുകൊഴുത്ത ഒരു കലമാനിനെ കണ്ടു. ദുര മൂത്ത സിംഹം സാവധാനം നടക്കുന്ന മാനിന്റെ പിറകെ കൂടി. വിശപ്പു മാറാൻ ഏറ്റവും പറ്റിയത് ഇവൻ തന്നെ എന്ന് കരുതി. രണ്ടിനെയും പെട്ടന്ന് തന്നെ ഉള്ളിലാക്കാം എന്നും അവൻ കൊതിച്ചു. ഓലച്ചെവിയുള്ള കുഞ്ഞൻ മുയൽ പെട്ടെന്ന് തന്നെ അടുത്തുകണ്ട ഒരു മാളത്തിൽ പോയി ഒളിച്ചു സിംഹം തന്റെ അടുത്തേക്ക് വരുന്നത് കണ്ട കലമാൻ ഒരു പൊന്തക്കാട്ടിൽ ഒളിച്ചു. സിംഹത്തിനു അവനെ കണ്ടെത്താൻ ആയില്ല. അവൻ വീണ്ടും കുഞ്ഞൻ മുയലിനെ ലക്ഷ്യമിട്ട് നീങ്ങി. പക്ഷെ ഇളിഭ്യനായി നിൽക്കാനേ അവനു കഴിഞ്ഞുള്ളു. ഇതിൽ നിന്നെന്താ കൂട്ടുകാർക്ക് മനസ്സിലായത്. അത്യാഗ്രഹം അരുത് എന്നു തന്നെ അല്ലേ?.


കൂട്ടുകാരുടെ ഭക്ഷണ ശീലത്തെക്കുറിച്ചു അച്ഛനമ്മമാരുടെ സഹായത്തോടെ ഒരു ചാർട്ട് തയ്യാറാക്കു. താഴെ കൊടുത്തവയിൽ. ജങ്ക് ഭക്ഷണം ഏതൊക്കെയെന്നും, ആരോഗ്യകരമായ ഭക്ഷണം ഏതൊക്കെയെന്നും കൂട്ടുകാർ സ്വയം അറിയൂ.

പാൽ, മുട്ട, പച്ചക്കറികൾ, പഴ വർഗങ്ങൾ, ബർഗർ, മത്സ്യം, പരിപ്പുവർഗങ്ങൾ, ഫ്രഞ്ച് ഫ്രൈസ്, ധാന്യങ്ങൾ, മൈദകൊണ്ടുണ്ടാക്കിയ സാധനങ്ങൾ

പ്രകൃതിയിലെ സർവചരാചരങ്ങളും ദൈവസൃഷ്ടിയാണെന്ന് നിങ്ങൾക്ക് അറിയാമല്ലോ. എല്ലാം നല്കുന്ന പ്രകൃതിയെ നമുക്ക് വണങ്ങാം.

“വന്ദിപ്പിൻ മാതാവിനെ വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ വരേണ്യയെ വന്ദിപ്പിൻ വരദയെ”

ബാലലോകം



# ആരോഗ്യവും നല്ല ശീലങ്ങളും

എ.ശിവസുബ്രഹ്മണ്യൻ

ഇന്ന് ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും പതിവുകാഴ്ചയാണ് പ്രഭാതത്തിലെ നടത്തം. വ്യായാമത്തിനു വേണ്ടിയുള്ള ഈ നടപ്പിൽ സ്ത്രീ പുരുഷ ഭേദമില്ലാതെ ആബാലവൃദ്ധം ജനങ്ങളുമുണ്ട്. ഡയബറ്റീസ്,(പ്രമേഹം) പ്രഷർ, ഹാർട്ട് ട്രബിൾ മുതലായ ജീവിത ശൈലീ രോഗങ്ങൾ വന്നിട്ട് അതിന്റെ ചികിത്സയുടെ ഭാഗമായിട്ടായിരിക്കും മിക്കവരുടേയും ഈ നടപ്പ്. കുട്ടികളെ, നിങ്ങൾക്കറിയാമല്ലോ ഇത്തരം ജീവിതശൈലീ രോഗങ്ങൾ വന്നാൽ സാധാരണ അസുഖങ്ങൾ പോലെ പൂർണ്ണമായി ചികിത്സിച്ചു മാറ്റി അവയുടെ മരുന്നു നിർത്തുവാൻ സാധിക്കുകയില്ല. ജീവിതം മുഴുവൻ മരുന്നും, വ്യായാമവും, ഭക്ഷണ ക്രമീകരണവും കൊണ്ടു മാത്രമേ അതിനെ നിയന്ത്രിക്കാൻ കഴിയുകയുള്ളു. അത്തരം പ്രശ്നങ്ങൾ വരാതിരിക്കണമെങ്കിൽ ചെറുപ്രായത്തിൽ തന്നെ നല്ല ഭക്ഷണ ശീലം നടപ്പിലാക്കണം. എങ്കിൽ മാത്രമേ രോഗങ്ങളെ നമ്മുടെ ജീവിതത്തിന്റെ പടിക്കു പുറത്തു നിർത്താൻ സാധിക്കയുള്ളു. കാരണം 90 % അസുഖങ്ങൾ വരുന്നത് തെറ്റായ ഭക്ഷണ ശീലങ്ങളിലൂടെയാണ്. താഴെ കാണിച്ചിരിക്കുന്ന ഫുഡ് പിരമിഡ് പോലെയുള്ളതാകണം നമ്മുടെ ഭക്ഷണക്രമീകരണം ഉദാ: ചോറ്, ചപ്പാത്തി, ദോശ, ഇഡ്ഡലി, അപ്പം, പുട്ട്, മുതലായവയും, പച്ചക്കറികളും പഴവർഗ്ഗങ്ങളും ധാരാളമായും, പാലും പാലുൽപ്പന്നങ്ങളും ഒന്നോ രണ്ടോ പ്രാവശ്യവും മുട്ട, മത്സ്യം, മാംസവിഭവങ്ങൾ ആവശ്യത്തിനുമാത്രവും (കറിവച്ചത് അഭികാമ്യം). മറ്റ് മധുരപലഹാരങ്ങൾ ചിപ്സ്, ബേക്കറി ഉൽപ്പന്നങ്ങൾ എണ്ണയിൽ വറുത്ത സാധനങ്ങൾ മിഠായി, ചോക്ലേറ്റ്സ് ഐസ് ക്രീം, മുതലായവ വളരെക്കുറച്ച് വല്ലപ്പോഴും മാത്രം ഉപയോഗിക്കുക. കൂടാതെ ഓരോ പ്രായത്തിനും ഉയരത്തിനും അനുസരിച്ച് ശരീരഭാരം നിയന്ത്രിക്കുകയും (മുതിർന്നവർക്ക് Height in cm-100, ഉദാ: Height 170 CM -100 = 70kg (Ideal weight, Ideal calorie (ഊർജ്ജം) 70Kg x30 (weight x30) = 2100 calorie) ദിവസേന നിർബന്ധമായും കളികളിലും വ്യായാമങ്ങളിലും ഏർപ്പെടുകയുമാണെങ്കിൽ നല്ല ആരോഗ്യത്തോടെ നമുക്ക് ജോലിയെടുത്ത് ജീവിതം ആസ്വദിക്കാം.



| Ideal Body weight chart for Children According to Height & Age | | | | |
|---|---|---|---|---|
| Age in Year | Boys | | Girls | |
| | Height(cm) | Weight(kg) | Height (cm) | Weight |
| 4 | 102.9 | 16.7 | 101.6 | 16 |
| 5 | 109.9 | 18.7 | 108.4 | 17.7 |
| 6 | 116.1 | 20.7 | 114.6 | 19.5 |
| 7 | 121.7 | 22.9 | 120.6 | 21.8 |
| 8 | 127 | 25.3 | 126.4 | 24.8 |
| 9 | 132.2 | 28.1 | 132.2 | 28.5 |
| 10 | 137.5 | 31.4 | 138.5 | 32.5 |
| 11 | 140 | 32.2 | 142 | 33.7 |
| 12 | 147 | 37 | 148 | 38.7 |
| 13 | 153 | 40.9 | 155 | 44 |
| 14 | 160 | 47 | 159 | 45 |
| 15 | 166 | 52.6 | 161 | 51.4 |

| **Estimated Calorie Requirements (in kilocalories) for Each Gender and Age Group at Three Levels of Physical Activity** | | | | |
|---|---|---|---|---|
| | | **Activity Level** | | |
| Gender | Age (Years) | Sendentary | Moderately Active | Active |
| Child | 2-3 | 1,000 | 1000-1400 | 1000-1400 |
| Female | 4-8 | 1200 | 1400-1600 | 1400-1800 |
| | 9-13 | 1600 | 1600-2000 | 1800-2200 |
| | 14-18 | 1800 | 2000 | 2400 |
| | 19-30 | 2000 | 2000-2200 | 2400 |
| | 31-50 | 1800 | 2000 | 2200 |
| | 51+ | 1600 | 1800 | 2000-2200 |
| Male | 4-8 | 1400 | 1400-1600 | 1600-2000 |
| | 9-13 | 1800 | 1800-2200 | 2000-2600 |
| | 14-18 | 2200 | 2400-2800 | 2800-3200 |
| | 19-30 | 2400 | 2600-2800 | 3000 |
| | 31-50 | 2200 | 2400-2600 | 2800-3000 |
| | 51+ | 2000 | 2200-2400 | 2400-2800 |

(തുടരും)



(രാഗപരിചയം)

# മാണ്ഡ്



ഡോ. ജയലക്ഷ്മി നന്ദകുമാർ

വടക്കേ ഇന്ത്യയിൽ ഉത്ഭവിച്ച് പ്രസിദ്ധിയാർജ്ജിക്കുകയും തെക്കേ ഇന്ത്യയിൽ പ്രചാരത്തിലാവുകയും ചെയ്ത ഒരു ദേശ്യ രാഗമാണ് മാണ്ഡ്. ലളിതഗാനങ്ങൾക്കും അർദ്ധശാസ്ത്രീയ ഗാനങ്ങൾക്കും ഏറെ അനുയോജ്യമായ രാഗമാണിത്. ഗായകർക്കും ശ്രോതാക്കൾക്കും ഒരേപോലെ ആനന്ദവും ആവേശവും പകരുന്ന രാഗമാണ്. രാജസ്ഥാനി നാടോടി ഗാനങ്ങളിൽ നിന്നും ഉടലെടുത്ത ഈണമാണ് മാണ്ഡ് രാഗത്തിന്റേത് എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. 29 ാ മത്തെ മേളകർത്താ രാഗമായ ശങ്കരാഭരണത്തിന്റെ ജന്യരാഗമാണിത്.

ആരോഹണം : സ ഗ മ ധ നി സ
അവരോഹണം : സ നി ധ മ പ ഗ മ രി ാ സ
സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതുഃശ്രുതി രിഷഭം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതുഃശ്രുതി ധൈവതം, കാകളി നിഷാദം.

സഗമപധസ സനിധപമഗരിസ എന്നൊരു ആരോഹണ അവരോഹണവും നിലവിലുണ്ട്. ആരോഹണത്തിൽ അഞ്ചും അവരോഹണത്തിൽ ഏഴും സ്വരങ്ങൾ ഉള്ളതുകൊണ്ട് മാണ്ഡ് ഒരു ഔഡവ വക്ര സമ്പൂർണ്ണ രാഗമാണ്. ഹിന്ദുസ്ഥാനി സംഗീതത്തിലും മാണ്ഡ് എന്ന പേരു തന്നെയാണ് ഈ രാഗത്തിനുള്ളത്. ബിലാവൽ ഥാട്ടിൽ ഉൾപ്പെടുന്നു.

ഹംസവിനോദിനി, വസന്ത എന്നീ രാഗങ്ങളുടെ ഛായ ഉള്ളതിനാൽ മാണ്ഡ് ഒരു ഛായാലക രാഗമാണെന്നു പറയാം. അന്യസ്വരങ്ങൾ ഉൾപ്പെടുത്തി മിശ്രമാണ്ഡ് ആക്കി പാടുന്ന ഒരു പ്രവണതയും നിലവിലുണ്ട്. ശൃംഗാരം, സന്തോഷം, സമാധാനം എന്നീ ഭാവങ്ങൾ പ്രതിഫലിപ്പിക്കുന്നു.


## ഈ രാഗത്തിലുള്ള കീർത്തനങ്ങൾ

| | | | |
|---|---|---|---|
| 1. | രാമനെ ഭജിത്താൽ | ആദി | പാപനാശം ശിവൻ |
| 2. | ബാരോ കൃഷ്ണയ്യ | ആദി | വിജയ വിഠല ദാസർ |
| 3. | മുരളീധര ഗോപാലാ | ആദി | പെരിയസ്വാമി തൂറൻ |
| 4. | ജാനകീ മനോഹരം | ആദി | മൈസൂർ വാസുദേവാചാർ |
| 5. | തന ധീംത ധീം ധിരനാ | ആദി | ലാൽഗുഡി ജി. ജയരാമൻ |

തീരാത് വിളയാട്ട് പിള്ളൈ എന്ന ഗാനത്തിൽ പുല്ലാങ്കുഴൽ കൊണ്ടു വരുവാർ എന്ന ഭാഗം മാണ്ഡ് രാഗത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. | ലക്ഷാർച്ചന കണ്ടു മടങ്ങുമ്പോൾ | അയലത്തെ സുന്ദരി |
| 2. | നിന്നെ പുണരാൻ നീട്ടിയ കൈകളിൽ | സരസ്വതീ യാമം |
| 3. | അഞ്ചു ശരങ്ങളും പോരാതെ | പരിണയം |
| 4. | എന്തേ കണ്ണനു കറുപ്പു നിറം | ഫോട്ടോഗ്രാഫർ |
| 5. | നിലാമലരേ നിലാമലരേ | ഡയമണ്ട് നെക്ലെസ് |
| 6. | സായന്തനം ചന്ദ്രികാ | കമലദളം |
| 7. | പൊന്നാമ്പൽ പുഴയിറമ്പിൽ | ഹരികൃഷ്ണൻസ് |
| 8. | രാവേറെയായ് പൂവേ | റോക്ക് ആൻഡ് റോൾ |
| 9. | മനസ്സിനകത്തൊരു പെണ്ണ് | പാലാട്ടു കോമൻ |
| 10. | ഇന്ദുമുഖി ഇന്ദുമുഖീ | അടിമകൾ |
| 11. | ആടുവോ മേ നാം | ഇരുവർ (തമിഴ്) |
| 12. | ഒരു നാൾ പോതുമാ (പല്ലവി) | തിരുവിളൈയാടൽ (തമിഴ്) |
| 13. | അജ്ഞലീ അജ്ഞലീ | ഡ്യുയറ്റ് |
| 14. | സൗഖിയമാ കണ്ണേ | സംഗമം |
| 15. | ഫിർ തേരി കഹാനി | ദിൽ ദിയാ ദർദ് ലിയാ |
| 16. | ചെമ്പൈയ്ക്ക് നാദം നിലച്ചപ്പോൾ | മയിൽപ്പീലി (ഭക്തിഗാനം) |



# വാസ്തുവും ജ്യോതിഷവും



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്
റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ

എറണാകുളത്ത് ഒരു വീടിന്റെ വാസ്തു നോക്കാൻ പോയപ്പോൾ വളരെ വിചിത്രമായ ഒരു സംഭവമുണ്ടായി. ആ വീടിന്റെ ഉടമസ്ഥന്റെ നാളും പേരും പ്രകാരം വീടിന്റെ കണക്കുകൾ ശരിയല്ല എന്ന് ജോത്സ്യൻ പറഞ്ഞത് അനുസരിച്ചാണ് എന്നെ വിളിച്ചത്.

എന്റെ പരിശോധനയിൽ ആ വീടിന് യാതൊരു ദോഷങ്ങളും കണ്ടില്ല. ഒരു വീട്ടിൽ 6 പേരുണ്ടെങ്കിൽ ആരുടെ പേരും നാളും വച്ചാണ് വീടു പണിയുന്നത്. ഗൃഹനാഥൻ മരിച്ചാൽ വീണ്ടും കണക്കുകൾ ശരിയാക്കേണ്ടതുണ്ട്. ഇതെല്ലാം എങ്ങനെ സാധിക്കും. ജോത്സ്യൻ നിർദ്ദേശിക്കുന്ന ആളുടെ അടുത്തുപോയിട്ടു വേണം കണക്കുകൾ ശരിയാക്കുവാൻ. കൂടാതെ പൂജയും വേണം. ഞാനിതിനൊന്നും എതിരല്ല. ജ്യോതിഷം നവഗ്രഹങ്ങൾ തരുന്ന ഫലത്തെ അനുസരിച്ച് ജീവിതം നീങ്ങുമെന്നു പറയുന്നു. ഗ്രഹങ്ങളുടെ സ്ഥാനം മാറ്റുവാൻ ആർക്കാണ് കഴിയുക. എന്നാൽ വീടിന്റെ മുറികളുടെ സ്ഥാനം, ഗേറ്റ്, കിണർ എന്നിവ മാറ്റുവാൻ കഴിയും.

കണക്കുകളിലും, അളവിലും ജാതി തിരിച്ചുള്ള കോലുകളാണുള്ളത്. ബ്രഹ്മണർക്കും, ക്ഷത്രിയർക്കും പ്രത്യേക അളവുകളാണ്. കേരളത്തിൽ ഉപയോഗിക്കുന്ന കണക്കുകളും, അളവുകളും അടുത്ത സംസ്ഥാനമായ തമിഴ് നാട്ടിലുള്ള അളവുകളും, കണക്കുകളുമായി യാതൊരു ബന്ധവുമില്ല. അടുത്ത കാലത്ത് മദ്ധ്യകേരളത്തിൽ അമ്പലത്തിന്റെ നടപ്പുര പണിയുവാൻ തടസം വന്നപ്പോൾ വളരെയധികം വാസ്തു നോക്കുന്നവർ വന്ന് വീണ്ടും വീണ്ടും കണക്കുകൾ പരിശോധിച്ചു. അമ്പലത്തിന്റെ നടപ്പുരയുടെ കാലുകൾ(തൂണുകൾ) പണിഞ്ഞിട്ട് 20 കൊല്ലം കഴിഞ്ഞു. ജോത്സ്യൻമാർ പറഞ്ഞ തനുസരിച്ച് പൂജയും ഹോമവും നടത്തി യെങ്കിലും ഗുണം കണ്ടില്ല. അവസാനം അവിടുത്തെ സെക്രട്ടറി ശ്രീ. കരുണന്റെ നിർബ്ബന്ധ പ്രകാരം ഞാൻ അവിടെ എത്തി. കിഴക്കോട്ടു മുഖമുള്ള വളരെ ഭംഗിയും, ഐശ്വര്യവുമുള്ള അമ്പലത്തിന്റെ കിഴക്കു തെക്ക് വലിയ ഗേറ്റുണ്ട്. അമ്പലപ്പറമ്പിന്റെ നീരൊഴുക്ക് പടിഞ്ഞാറോട്ടാണ്. തെക്ക് പടിഞ്ഞാറെ മൂലയിൽ കുളവുമുണ്ട്.

കിഴക്ക് വടക്ക് ഒരു ചെറിയ ഗേറ്റു വച്ച് പടിഞ്ഞാറു ഭാഗത്ത് മണ്ണിട്ട് നീരൊഴുക്ക് വടക്കു കിഴക്കേ മൂലയിലേക്കാക്കി മാറ്റി. കുളത്തിന് ഒരു ചെറിയ മതിലു കെട്ടി വേർ തിരിച്ചു. ഇതോടുകൂടി എല്ലാ പ്രശ്നങ്ങളും മാറി നടപ്പുരയും,സ്വർണ്ണം പൂശിയ കൊടിമരവും പണിതു.

അളവിനെക്കാൾ പ്രാധാന്യം സ്ഥാനത്തിനാണ്. ഓരോ മുറിയുടെയും ഉപയോഗം അനുസരിച്ച് സ്ഥാനങ്ങൾ നിശ്ചയിച്ചാൽ അവിടെ താമസിക്കുന്നവർ Health and Mental Power ഉള്ളവരായിരിക്കും. അതുപോലെ സ്ഥലം വാങ്ങുന്നതിനു മുൻപ് പടിഞ്ഞാട്ടോ, തെക്കോട്ടോ ചരിവുള്ള ഭൂമി വാങ്ങരുത്. കിഴക്കോട്ടോ, തെക്കോട്ടോ, വടക്കോട്ടോ ചരിവുള്ള ഭൂമി മാത്രമെ കൈവശം വയ്ക്കാവൂ.

---

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്ന താണ്. ഈ സേവനം തികച്ചും സൗജന്യ മായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

---

*(തുടർച്ച)*

# ജനിതകം



പത്മജ മേനോൻ

പിറ്റേന്ന്, രോഗികളുടെ കൂട്ടത്തിൽ ഒരു സെലിബ്രറ്റി ഉണ്ടായിരുന്നു. സാംസ്കാരിക മന്ത്രിയും വലിയ ബിസിനസ്സുകാരനുമായ ജെയിംസ് കുരുവിളയായിരുന്നു അത്. ഒരു നിമിഷം ഹൃദയസ്പന്ദനം നിലച്ചു. താൻ കാണാൻ കൊതിച്ച മുഖം. മനഃസാന്നിദ്ധ്യം വീണ്ടെടുത്ത് അയാൾ മുഖത്ത് പുഞ്ചിരി വരുത്തി. അയാളുടെ രോഗവിരണ ഫയൽ വായിക്കുകയായിരുന്നു. അപ്പോഴെക്കും തന്റെ കൈയ്യിൽ പിടിച്ചുകൊണ്ട് അയാൾ പറഞ്ഞു. എന്നെ രക്ഷിക്കണം. ഡോക്ടർ സാറിന് മാത്രമേ അതിന് കഴിയുകയുള്ളു എന്നാണ് എല്ലാവരും പറയുന്നത്. റിലാക്സ് ചെയ്യൂ. ഒരു ഹൃദ്രോഗി വികാര പരവശനാകരുത്. എന്നു പറഞ്ഞ് നേഴ്സിനോട് അഡ്മിറ്റ് ചെയ്യുവാനുള്ള ഏർപ്പാട് ചെയ്യുവാൻ പറഞ്ഞു. തന്റെ അമ്മയോടൊപ്പം ചേർന്നുനില്ക്കുന്ന ഈ സാംസ്കാരിക മന്ത്രിയാണ് തന്റെ അച്ഛൻ. സാംസ്കാരം തൊട്ടു തീണ്ടിയിട്ടില്ലാത്ത ആൾ സാംസ്കാരിക മന്ത്രി. ഈ വിരോധാഭാസത്തെ ഓർത്ത് അയാൾ ഉള്ളിൽ പുച്ഛിച്ചു.

മന്ത്രി ജെയിംസ് കുരുവിളക്ക് ഒരു ഓപ്പൺ ഹൃദയശസ്ത്രക്രിയ തന്നെ വേണമായിരുന്നു. പല ദിവസങ്ങളിലും പല ടെസ്റ്റുകളും മുറപോലെ നടന്നു. മന്ത്രിയോടൊപ്പം മന്ത്രിയുടെ ഭാര്യയും വന്നിരുന്നു. ഒരു ദിവസം റൗണ്ട്സിന് പോയതായിരുന്നു. മന്ത്രി ചോദിച്ചു എന്താ ഡോക്ടർ സാറെ എന്നാണ് എന്റെ ഓപ്പറേഷൻ. അടുത്ത ദിവസം ഉണ്ടാകുമെന്ന് പറഞ്ഞു. ഡോക്ടർ ഭാര്യയെ നോക്കി കരഞ്ഞ് കലങ്ങിയ കണ്ണുകളുമായി നിൽക്കുന്നു. പിന്നീട് നേഴ്സ് ആണ് പറഞ്ഞത് അവർക്ക് കുട്ടികൾ ഒന്നുമില്ലായെന്നും. കുട്ടികൾ ഉണ്ടാവാത്തതിന് ഇപ്പോഴും ആ അമ്മയെ കുത്തുവാക്കുകൾ കൊണ്ട് വേദനിപ്പിക്കാറുണ്ടെന്നും. ഡോക്ടർ ഓർത്തു കടിഞ്ഞൂൽ പുത്രനായ എന്നെ അംഗീകരിക്കുവാൻ തയ്യാറാവാത്ത നിങ്ങൾക്ക് ഇനി ഒരു കുഞ്ഞ് വേണ്ടായെന്ന് ദൈവം തീരുമാനിച്ചു കാണും. അടുത്തദിവസം തന്നെ മന്ത്രിയെ ഓപ്പറേഷൻ തീയേറ്ററിലേക്ക് കൊണ്ടുപോയി. ഓപ്പറേഷൻ വിജയകരമായി കഴിഞ്ഞു. സാധാരണ ജീവിതത്തിലേക്ക് തിരിച്ചു വന്ന മന്ത്രി വളരെ സന്തോഷവാനായിരുന്നു. മന്ത്രി ജെയിംസ് കുരുവിളയോട് ചില കാര്യങ്ങൾ സംസാരിക്കണമെന്ന ഉദ്ദേശത്തിൽ ഡോക്ടർ റൂമിലേക്ക് പോയി. എന്താ ഡോക്ടർ സാറെ വിശേഷം എന്നു ചോദിച്ചുകൊണ്ട് മന്ത്രി എഴുന്നേറ്റ് ഇരുന്നു. താൻ കരുതിയിരുന്ന ഫോട്ടോ കാണിച്ചു കൊണ്ട് ഈ സ്ത്രീയെ പരിചയമുണ്ടോയെന്ന് ചോദിച്ചു. കുറച്ചു പുറകിലേക്ക് പോകണം. ആ ഫോട്ടോ കണ്ട മന്ത്രിയുടെ മുഖം വിളറി വെളുത്തു. പിന്നെ രണ്ടുപേരും ചേർന്നുനിന്ന ഫോട്ടോ കാണിച്ചു. എന്നിട്ട് പറഞ്ഞു ഇവർക്ക് രണ്ടുപേർക്കും കൂടി ഉണ്ടായ പുത്രനാണ് ഡോക്ടർ ജയദേവൻ. മന്ത്രി ചാടി എഴുന്നേറ്റു നീ ആരാണ്? എന്നെ അപകീർത്തിപ്പെടുത്തുവാൻ വന്നവനാണോ? ആരാണ് ഇതിന്റെ പിന്നിൽ. പ്രതിപക്ഷമാണോ? മന്ത്രി നിറുത്താതെ ഉച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു. പതുക്കെ സംസാരിക്കു ഒന്നു ഉറക്കെ തുമ്മിയാൽ നിലക്കാവുന്ന ഹൃദയമാണ് നിങ്ങളുടേതെന്നു മറക്കണ്ടാ. പിന്നെ അപമാനവും, വേദനയും ഒറ്റപ്പെടുത്തലും എല്ലാം സഹിച്ച് അങ്ങ് ദൂരെ കിള്ളികുറിശ്ശി മംഗലത്ത് ഒരു സ്ത്രീ ജീവിച്ചിരുന്നു, എന്റെ അമ്മ. അവർ ഒഴുക്കിയ കണ്ണുനീർ വറ്റിയില്ലായിരുന്നെങ്കിൽ കിള്ളികുറിശ്ശി മംഗലത്തുകാർക്ക് ഒരു പുഴകിട്ടിയേനേ. ഡോക്ടർ ശക്തിയിൽ വാതിൽ തുറന്ന് പുറത്തേയ്ക്ക് പോയി. അന്നു രാത്രി ഡോ. ജയദേവന് ഉറങ്ങുവാൻ കഴിഞ്ഞില്ല. രണ്ടു മനസ്സുകളുടെ സംവാദം

ആയിരുന്നു. അച്ഛൻ ആരാണെന്ന് അറിഞ്ഞു. ഇനി അയാളെ അയാളുടെ പാട്ടിന് വിട് മറ്റേ മനസ്സ് പറഞ്ഞു. വെറുതെ വിട്ടാൽ എങ്ങനെയാ അയാൾ ചെയ്ത ക്രൂരതയ്ക്ക് ശിക്ഷ കൊടുക്കണം. ഒരു ഹൃദ് രോഗിയാണ് എന്തെങ്കിലും സംഭവിച്ചാൽ അത് പിന്നെ തീരാ വേദനയാകും. ഇല്ല ഒന്നും സംഭവി ക്കില്ല. അങ്ങനെ പൊട്ടുന്ന ഹൃദയമല്ലത്. അയാൾ അറിയപ്പെടുന്ന മന്ത്രിയാണ്. എല്ലാവരും ഈയൊരു കാര്യം ലാഘവത്തോടെ എടുക്കണമെന്നില്ല. എന്റെ അമ്മയോടും എന്നോടും ചെയ്ത ക്രൂരതക്ക് ആര് ഉത്തരം പറയും. എല്ലാവർക്കും സ്വന്തം കാര്യമാണ് വലുത്. അനുഭവിക്കുന്നവർക്ക് മാത്രമേ അതിന്റെ തീവ്രത മനസ്സിലാവുകയുള്ളൂ. കഴിഞ്ഞത് കഴിഞ്ഞു വെറുതെ ഊതി കത്തിയ്ക്കണ്ട. എല്ലാവരും അങ്ങനെ വിചാരി ച്ചാൽ ദുഷ്ടൻമാർ പനപോലെ വളരും. തെറ്റുകൾ ആവർത്തി ക്കുവാൻ അവർക്ക് ഒരു മടിയും ഉണ്ടാവില്ല. ഗീതോപദേശത്തിൽ ഭഗവാൻ കൃഷ്ണൻ എന്താണ് പറഞ്ഞിരിക്കുന്നത്. വേണ്ട ഒന്നും വേണ്ട ക്ഷമിക്കുവാനുള്ള കഴിവ് അത് ഒരു അനുഗ്രഹമാണ്. എന്ത് ചെയ്യണമെന്നറി യാതെ അയാൾ ആശയകുഴപ്പത്തിലായി. തന്റെ ഉപബോധ മനസ്സിന്റെ നീറ്റൽ അനുസരിച്ച് അത് പെരുമാറട്ടെ എന്ന വിശ്വാസത്തിൽ അയാൾ ഉറക്കത്തിന്റെ കയങ്ങളിലേക്ക് വഴുതിവീണു.

അടുത്ത ദിവസം തന്നെ ഡോക്ടർ ഒരു റിപ്പോർട്ടുമായി മന്ത്രിയുടെ മുറിയിൽ എത്തി. DNA ടെസ്റ്റ് നടത്തിയ റിപ്പോർട്ട് ആണ് ഇത്. അത് വാങ്ങി വായിച്ച മന്ത്രി നീ എന്തു ഭാവിച്ചാണ് ഈ റിപ്പോർട്ട് കൊണ്ട് എന്തു ചെയ്യുവാൻ പോകുന്നു. അമ്മ എനിക്ക് ജയദേവൻ എന്നു പേരിട്ടെങ്കിലും ഞാനറിയപ്പെട്ടത് തന്തയില്ലാത്തവൻ എന്ന പേരി ലാണ്. അമ്മക്ക് വേണമെങ്കിൽ നിങ്ങളെ ചൂണ്ടി കാണിക്കാമായിരുന്നു. പക്ഷേ പിതൃത്വം ഏറ്റെടുക്കു വാൻ തയ്യാറാവാത്ത പൗരുഷവും, നട്ടെല്ലും ഇല്ലാത്ത നിങ്ങളെ ചൂണ്ടി കാണിക്കേണ്ടായെന്ന് അമ്മയും വിചാരിച്ചു കാണും. അമ്മ സ്വയം, ചെയ്ത തെറ്റ് ഏറ്റെടുക്കുകയായിരുന്നു. നിങ്ങളെ അമിതമായി സ്നേഹിക്കുകയും, വിശ്വ സിക്കുകയും ചെയ്തതിന്റെ പ്രതീകമാണല്ലോ ഞാൻ. പക്ഷേ ഈ ലോകത്തിനു മുന്നിൽ എനിക്കു തെളിയിക്കണമായിരുന്നു തന്റെ പിതൃത്വത്തിന്റെ അവകാശിയെ പിതാവ് ഇല്ലാതെ ഒരു കുഞ്ഞും ജനിക്കുകയില്ലല്ലോ.

മന്ത്രി കൈകൾ കൂപ്പികൊണ്ട് പറഞ്ഞു എത്ര പണം വേണങ്കിലും തരാം. എന്റെ രാഷ്ട്രീയ ജീവിതം തകർക്കരുത്. പണം, അത് ഇന്ന് എനിക്ക് ആവശ്യമില്ല. പണത്തിന് ബുദ്ധിമുട്ടിയ ഒരുകാലം ഉണ്ടായിരുന്നു. അന്ന് എനിക്ക് അത് കിട്ടിയില്ല. പണം എന്ന ആ രണ്ട് അക്ഷരം പലതുമാണ് എനിക്ക് നഷ്ടപ്പെടുത്തിയത്. മന്ത്രി വീണ്ടും അപേക്ഷിച്ചു. എന്നെ അപമാനിക്കരുത്. ഡോക്ടർ പറഞ്ഞു, ഒരു കൊച്ചു ബാലന്റെ ഹൃദയ ത്തിനു താങ്ങാവുന്നതിലും അപ്പുറമായിരുന്നു ഞാൻ അനുഭവിച്ചത്. അവഗണനയും, പുച്ഛവും, പരിഹാസവും, വെറുപ്പും, തരംതാഴ്ത്തലും എന്നിട്ടും ജീവിതത്തെ അള്ളിപിടിച്ചു നിന്നു. ചരടുപൊട്ടിയ പട്ടം പോലെ അവിടെയും ഇവിടെയും തട്ടി മുറിവേറ്റ്, നിങ്ങൾക്ക് അതൊന്നും മനസ്സി ലാവില്ല. മനസ്സിലാവണമെങ്കിൽ മനുഷ്യത്വം ഉണ്ടായിരിക്കണം. നാളത്തെ പത്രത്തിൽ നിങ്ങളുടെ മുഖം മൂടി അഴിഞ്ഞു വീഴുമെന്ന് പറഞ്ഞ് ഡോക്ടർ ധൃതിയിൽ നടന്നു.

പിറ്റേന്ന് പത്രത്തിൽ വെണ്ടക്ക അക്ഷര ത്തിൽ തന്നെ ചൂടുള്ള മന്ത്രിയുടെ മകന്റെ വാർത്ത സ്ഥാനം പിടിച്ചു. വാരിക്കുഴിയിൽ വീണ കാട്ടാനയുടെ ദൈന്യഭാവമായിരുന്നു മന്ത്രിക്ക്. ഒരു ദിവസം മന്ത്രി ഡോക്ടറോടു ചോദിച്ചു എല്ലാവരും എല്ലാം അറിഞ്ഞ സ്ഥിതിക്ക് മോനെ നിനക്ക് എന്നെ അച്ഛനായി അംഗീകരിച്ചുകൂടെ? നീ എന്നെ "അപ്പ" എന്നു വിളിക്കുവാൻ ഞാൻ കൊതിക്കുകയാണ്. മോനെ എന്നു വിളിക്കേണ്ട നാവുകൊണ്ട് നിങ്ങൾ പലവട്ടം എന്നെ സാറേ എന്നു വിളിച്ചു. എനിക്ക് എന്റെ പിതൃത്വത്തിന്റെ അവകാശി ആരാണെന്ന് അറിയണമെന്നേ ആഗ്രഹമുണ്ടായിരുന്നുള്ളൂ. അയാളെ അച്ഛനായി അംഗീകരിക്കുവാൻ ഞാൻ തയ്യാറല്ല. ജന്മം നല്കിയത് കൊണ്ടുമാത്രം ഒരാൾ അച്ഛനും ആകുന്നില്ല. മന്ത്രി തലതാഴ്ത്തി ഇരുന്നു. ഇനിയെങ്കിലും എന്നോട് ക്ഷമിച്ചു കൂടെ? ചില തെറ്റുകൾക്ക് മാപ്പില്ല. എന്റെ അമ്മ പറയുമായിരുന്നു. എവിടെയാണോ നീ കരഞ്ഞത്, എവിടെ യാണോ നീ നിന്ദിക്കപ്പെട്ടത്, എവിടെയാണോ നീ പരിഹസിക്കപ്പെട്ടത് അവിടെ തന്നെ ഒരിക്കൽ നീ മാനിക്കപ്പെടും. ഒരു തെറ്റും ചെയ്യാത്ത നിന്നെ കാലം അവിടെ കൊണ്ട് എത്തിക്കും. ആ മുഹൂർത്തം അരങ്ങേറിയ സന്ദർഭമാണിത് അതുപറയുമ്പോൾ ഡോക്ടറുടെ കണ്ണുകളിൽ

നനവു പടർന്നിരുന്നു. പിന്നീടുള്ള ദിവസങ്ങളിൽ റൗണ്ട്സിന് പോകുമ്പോൾ മന്ത്രിയുടെ കണ്ണുകളിൽ അകാരണമായ ഭയം കാണുവാൻ തുടങ്ങി. മന്ത്രി പറഞ്ഞു എനിക്ക് വല്ലാത്ത ക്ഷീണം. ഡോക്ടർ പറഞ്ഞു സാരമില്ല, വലിയ ഓപ്പറേഷൻ കഴിഞ്ഞതല്ലേ പിന്നെ പ്രായവും, മനസ്സ് കലുഷിതമാക്കാതെയിരിക്കുക. എല്ലാം സാവധാനം ശരിയായികൊള്ളും. മന്ത്രിക്ക് തൃപ്തിയായില്ല. നീ എന്നോട് പ്രതികാരം ചെയ്യുകയൊന്നുമില്ലല്ലോ? നിങ്ങൾ പൂർണ്ണമായും എന്റെ അധീനതയിലാണ് ഞാൻ നിങ്ങളെ ചികിത്സിക്കുന്ന ഡോക്ടറും. ഡോക്ടറെ വിശ്വസിക്കുക, വിശ്വാസമില്ലെങ്കിൽ മരുന്നുകൾ പോലും ഫലപ്രദമാകാതെ പോകും. പിന്നെ ചിരിച്ചു കൊണ്ട് പറഞ്ഞു നിങ്ങളുടെ രക്തമാണ് എന്റെ സിരകളിൽ ഓടുന്നുതെങ്കിലും എന്നെ വളർത്തിയത് ആദർശ ധീരയായ എന്റെ അമ്മയാണ്. അതുകൊണ്ട് Medical ethics ന് കളങ്കം വരുത്തുന്ന ഒന്നും ഞാൻ ചെയ്യില്ല. നിങ്ങളോട് തീർത്താൽ തീരാത്ത പക എനിക്ക് ഉണ്ടെങ്കിലും നിങ്ങളുടെ ശരീരത്തിൽ ഞാനത് പ്രകടപ്പിക്കില്ല. ആതുരസേവനത്തിന് അവാർഡ് കിട്ടിയ ജേതാവാണ് ഞാൻ.

പക്ഷേ സഹനശക്തിയുടെ പ്രതീകമായ മഹാത്മാഗന്ധിയല്ല ഞാൻ. വികാര വിക്ഷോഭങ്ങൾക്കു കടിഞ്ഞാൽ ഇട്ട ബുദ്ധനും അല്ല ഞാൻ. പച്ചയായ മനുഷ്യൻ മാത്രം. ഒറ്റക്ക് പോരാടുവാനാണ് എനിക്ക് ഇഷ്ടം. യുദ്ധക്കളത്തിൽ ശത്രു മാത്രമേയുള്ളൂ. അവിടെ ബന്ധങ്ങൾക്കു സ്ഥാനം ഇല്ല. ഒരു ഡോക്ടറായതു കൊണ്ട് വികാരങ്ങൾ പാടില്ലാ എന്നില്ലല്ലോ? ഇത്രയും കാലം കടന്ന് ഭരിച്ചില്ലേ ഇനി നവതലമുറക്ക് വഴി മാറികൊടുക്ക് നൂതനമായ ആശയങ്ങൾ അവർ നടപ്പിലാക്കാട്ടെ. ചെയ്തുപോയ തെറ്റുകൾക്കു മാപ്പിരന്നുകൊണ്ട് ശിഷ്ടകാലം ദൈവത്തോട് പ്രാർത്ഥിക്ക് പാപഭാരം കുറയുമ്പോൾ ഉടയ തമ്പുരാൻ മുകളിലേക്ക് വിളിക്കും. അന്ന് അന്ത്യ കൂദാശക്കും, അന്ത്യചുംബനം നൽകുവാനും എല്ലാത്തിനും ഞാൻ മുന്നിൽ തന്നെയുണ്ടാവും. ഈ ശരീരത്തിന്റെ സ്പന്ദനം നിലച്ചു കഴിഞ്ഞാൽ മകൻ എന്ന നിലക്ക് ഈ ബോഡി എനിക്കു സ്വന്തമാവും. പെട്ടിയിലാക്കി കുഴിച്ചിടുകയില്ലാ നിങ്ങളെ ഞാൻ കത്തിച്ച് ചാമ്പലാക്കും എന്നിട്ട് ആ വെണ്ണീറിനെ ഗംഗയിൽ കൊണ്ടു പോയി ഒഴുക്കും. ചെയ്തുപോയ പാപം ബാക്കിയുണ്ടെങ്കിൽ ഗംഗയിൽ അലിഞ്ഞ് തീരട്ടെ. തീപാറുന്ന ആ കണ്ണുകളിലെ രൗദ്രഭാവം കണ്ട് മന്ത്രിയുടെ ശരീരം വിയർത്ത് ഒഴുകി. നിങ്ങൾ ഭാര്യയായി സ്നേഹിക്കാത്ത, അംഗീകരിക്കാത്ത ഈ പാവം അമ്മയെ ഞാൻ കൊണ്ടു പോകുകയാണ്. എനിക്ക് സ്നേഹിക്കുവാൻ ഒരമ്മയില്ല അമ്മക്ക് എന്നെ ഒരു മകനായി സ്നേഹിക്കുവാൻ കഴിയുമെങ്കിൽ എന്നോടൊപ്പം വരാം. പരിപാലിക്കുവാൻ ആവശ്യത്തിലധികം പരിചാരകൻമാർ ഉള്ള നിങ്ങൾക്ക് ഈ അമ്മ ഒരു അധികപറ്റാണ്. വിങ്ങിപ്പൊട്ടുന്ന അമ്മയെയും ചേർത്തു പിടിച്ച് ഡോക്ടർ പടികളിറങ്ങുമ്പോൾ മനസ്സ് ശാന്തവും, സ്ഫടികം പോലെ തെളിഞ്ഞതുമായിരുന്നു.

**(അവസാനിച്ചു)** ■


## നായർ സ്ത്രീ സമാജത്തിലെ ആഗസ്റ്റ് മാസത്തിലെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 18.8.2015 | പൂക്കളമത്സരം, ഓണപ്പാട്ട് മത്സരം, പാചകമത്സരം | 10.30 AM |
| 20.8.2015 | ഫാൻസിഡ്രസ്സ്, പെയിന്റിംങ്ങ്, കൈയ്യക്ഷര മത്സരങ്ങൾ | 11.00AM |
| 24.8.2015 | ഓണാഘോഷപരിപാടികൾ (ടി.ഡി.എം.ഹാൾ) | (10.00 AM) |

**ഓണം വില്പനമേള ആഗസ്റ്റ് 14,15 തീയ്യതികളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ സമാജം ഹാളിൽ. ബന്ധപ്പെടേണ്ട നമ്പർ : 9895770618**



# ഭാരതീയ പൈതൃക സന്ദേശം



ഡോ. എൻ ഗോപിനാഥൻ നായർ

*(തുടർച്ച)*

**15) പത്മപുരാണം**

അതിബ്രഹത്തായ ഈ പുരാണത്തിലെ 628 അദ്ധ്യായങ്ങൾ 6 ഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നു.

**(1) ആദിഖണ്ഡം** ഃ- ജനങ്ങൾ അനുശാസിക്കേണ്ട ആത്മീയ - ഭൗതിക ആചാരാനുഷ്ഠാനങ്ങൾ വ്രതാനുഷ്ഠാനങ്ങളുടെ വിവരണങ്ങൾ

**(2) ഭൂമിഖണ്ഡം** ഃ- സംക്ഷിപ്ത രാമായണ കഥ. ശ്രീരാമ ജനനം മുതൽ സ്വർഗാരോഹണം വരെ.

**(3) ബ്രഹ്മഖണ്ഡം**ഃ മഹാഭാഗവത, മഹാഭാരത കഥകൾ, ദ്വാരകാ മഹത്വം, കുരുക്ഷേത്ര മഹത്വം.

**(4) പാതാളഖണ്ഡം** ഃ- മത്സ്യാവതാരം മുതൽ ശ്രീകൃഷ്ണാവതാരം വരെ മഹാവിഷ്ണുവിന്റെ അവതാരങ്ങളും അവയുടെ മഹത്വങ്ങളും.

**(5) സൃഷ്ടിഖണ്ഡം**ഃ-ബ്രഹ്മാവിരിക്കുന്ന, മഹാവിഷ്ണുവിന്റെ നാഭിയിലുള്ള താമരയെ (പത്മം) പ്പറ്റി സുദീർഘ വിവരണം. ഇതിനാലാണ് ഈ പുരാണം പത്മപുരാണം എന്ന് അറിയപ്പെടുന്നത്.

**(6) ഉത്തരഖണ്ഡം** ഃ- ജംബുദ്വീപിന്റെ പവിത്രത, ഭാരതഭൂമിയുടെ മഹത്വം, അനേകം ഋഷിമാരുടെ ചരിത്രം, ഋഷികേശം, പ്രയാഗ - ഗയ എന്നീ തീർത്ഥാടന കേന്ദ്രങ്ങളിലെ സന്ദർശന ഫലങ്ങൾ**16) നാരദ പുരാണം (നാരദീയ പുരാണം)**

നാരദീയ പുരാണമെന്നും പേരുണ്ട്. നാരദമഹർഷി സനൽകുമാരനോട് വിവരിക്കുന്ന 207 അദ്ധ്യായങ്ങളാണ് ഇതിലുള്ളത്. 125 അദ്ധ്യായങ്ങളുള്ള പൂർവ്വഭാഗങ്ങളും, 82 അദ്ധ്യായങ്ങളും ഉത്തരഭാഗങ്ങളുമായി വിഭജിച്ചിരിക്കുന്നു. നാരദ മഹർഷിയുടെ വിഷ്ണുസ്തുതി, ഗംഗയുടെ ഉത്ഭവ കഥ, ശ്രാദ്ധകർമ്മങ്ങൾ, വ്രതാനുഷ്ഠാന ഫലങ്ങൾ, വേദാംഗങ്ങളുടെ വിവരണം, പൂജാദി കർമ്മങ്ങൾ, ദുർഗ്ഗാമന്ത്രങ്ങൾ, 18 പുരാ ണങ്ങളുടെ സംക്ഷിപ്ത വിവരണം, വ്രതാനു ഷ്ഠാനങ്ങൾ കൊണ്ട് സിദ്ധിക്കുന്ന പുണ്യ ഫലങ്ങൾ, ഏകാദശിവ്രതം, കാശിവിശ്വനാഥ ക്ഷേത്രം, ഒറീസ്സയിലെ ജഗന്നാഥ ക്ഷേത്രം തുടങ്ങി ഭാരതത്തിലെ എല്ലാ ദിശകളിലുമുള്ള പുണ്യക്ഷേത്രങ്ങളുടേയും, നദികളുടേയും മാഹാത്മ്യ വിവരണങ്ങൾ. ഉത്തരാർധത്തിലെ 37 അദ്ധ്യായങ്ങളിലാണ് രുഗ്മാംഗദചരിതം വർണ്ണിച്ചിരിക്കുന്നത്.

**17) ലിംഗ പുരാണം**

ലിംഗരൂപിയായ ശിവൻ മഹർഷിമാർക്ക് വിവരിക്കുന്ന പുരാണം. ലോകങ്ങളുടെ വർണ്ണന, അഗ്നിയുടെ ഉത്പത്തി, സപ്തഋഷി വർണ്ണനം, കൃതയുഗത്തിലും കലിയുഗത്തിലും (യുഗാരംഭം മുതൽ യുഗാവസാനം വരെ) ഭാരതത്തിൽ വരുന്ന മാറ്റങ്ങൾ, നവഗ്രഹങ്ങളുടെ സഞ്ചാരപഥം, യയാതിയുടെയും ദേവയാനിയുടേയും കഥ, വൈഷ്ണവോപാസന, അംബരീക്ഷ ചരിതം, സുദർശനചക്ര ചരിതം.

**18) സ്കന്ദപുരാണം**

ഏഴു ഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നു.

**(1) മഹേശ്വര ഖണ്ഡം**ഃ ദക്ഷയാഗം, ശിവനിന്ദ, ദക്ഷന്റെ ശിരസ്സറുക്കുന്നത്, ശിവൻ നീലകണ്ഠനായത്. നഹുഷ ചരിതം, ശിവരാത്രി മാഹാത്മ്യം, വാരാണസി-സോമനാഥം, കേദാരം, സിദ്ധേ ശ്വരം, ഗണേശക്ഷേത്രം, അംബികാക്ഷേത്രം എന്നിവയുടെ മാഹാത്മ്യം, അരുണാചലേശ്വരം, ശോണാദ്രീശ്വരം, നന്ദികേശ്വരം.

**(2) വൈഷ്ണവ ഖണ്ഡം**ഃ- വെങ്കിടാചലപതി ചരിതം, ശ്രീനിവാസ - പത്മാവതി വിവാഹം, ആന്ധ്രാദേശത്തിലെ അനേകം ക്ഷേത്രങ്ങൾ, ഒറീസ്സ, ജഗന്നാഥ ക്ഷേത്രം, ബദരികാശ്രമം, ബദരീനാഥ ക്ഷേത്രം, പരീക്ഷിത്ത് രാജചരിതം, അയോധ്യയിലെ ക്ഷേത്രങ്ങൾ, സീതാകുണ്ഡം, സരയൂനദി, മായകൂപം,

ഗയാമഹത്വം, അയോധ്യായാത്രാവിധി.

**(3) ബ്രഹ്മ ഖണ്ഡം:-**

രാമേശ്വര ക്ഷേത്രം, സേതുബന്ധനം, ഗന്ധമാദന പർവ്വത വിവരണം, സീതാ തീർത്ഥം, ബ്രഹ്മകുണ്ഡം, ഹനുമത്കുണ്ഡം, അഗസ്ത്യ തീർത്ഥം, ശിവരാത്രി പൂജ, സോമവാര വ്രതം, ഭസ്മ മഹത്വം, രുദ്രാക്ഷ മഹത്വം, ശിവകഥകൾ .

**(4) കാശീഖണ്ഡം:-** കാശി ക്ഷേത്രം, കാശ്മീരം, അയോധ്യ, ഗംഗാതീരം, ഉത്തരാഖണ്ഡം, വാനപ്രസ്ഥം, വിവാഹാചാരങ്ങൾ, കൈലാസ വർണനം, ദക്ഷയജ്ഞം, ശിവക്ഷേത്ര മഹത്വം.

**(5) അവന്തി ഖണ്ഡം:-** അവന്തി ദേശത്തെ പ്രസിദ്ധങ്ങളായ ക്ഷേത്രങ്ങൾ, കൽപ്പത്തിന്റെ ആരംഭം, 75 - ൽപ്പരം ക്ഷേത്രങ്ങളുടെ വിവരണം, മാർക്കണ്ഡേയ ചരിതം.

**(6) നാഗര ഖണ്ഡം:-** ഭാരത ഭൂമിയിലെ അനവധി ക്ഷേത്രങ്ങൾ, ഋഷിമാരുടെ ആശ്രമങ്ങൾ, മഹാഭാരത - രാമായണ കഥകൾ, ചക്രപാണ - മണിഭദ്രൻ രാജാക്കളുടെ ചരിതം, കാശീരാജ ചരിതം, പിപ്പലാദ മുനിയുടേയും ശുകമുനിയുടേയും ഉൽപ്പത്തി.

**(7) പ്രഭാഖണ്ഡം:-** പ്രഭാസ ക്ഷേത്ര, ജംബുദ്വീപ് വിവരണം, ഭാരതത്തിലെ അനേകം ക്ഷേത്രങ്ങൾ, വസ്ത്രാപഥക്ഷേത്രം, ദാമോദര ക്ഷേത്രം, ഗംഗേശ്വര ക്ഷേത്രം, കോടീശ്വര ക്ഷേത്രം, യോഗവിദ്യകളുടെ വിവരണം, ദ്വാരകയുടെ മഹത്വം.

## ഇതിഹാസങ്ങൾ

ഇതിഹാസമെന്ന വാക്കിന് (ഇതിഹ+ആസ) 'ഇപ്രകാരം സംഭവിച്ചത്' എന്ന് അർത്ഥമുണ്ട്. ഇവ ധീരവീരൻമാരായ നായകൻമാരെ കേന്ദ്രമാക്കി രചിക്കപ്പെട്ട ആഖ്യാന കാവ്യങ്ങളാണ്. ഇതിഹാസത്തിന് 'പുരാവൃത്തമെന്നും' സമാന്യമായ ഒരർത്ഥം കൽപ്പിക്കുന്നുണ്ട്. ഭാരതീയ ഇതിഹാസങ്ങൾ രാമായണവും മഹാഭാരതവുമാണ്.

**(1) വാല്മീകി രാമായണം**

'രാമന്റെ അയനം' (മാർഗം) രാമായണം. ശ്രീരാമന്റെ കഥ പറയുന്ന ഇതിഹാസ കാവ്യം. ആദി കാവ്യം എന്ന പ്രസിദ്ധിയും ഇതിനുണ്ട്. വല്മീകി മഹർഷിയാൽ രചിക്കപ്പെട്ടതിനാൽ വല്മീകി രാമായണം എന്ന പേരിൽ അറിയപ്പെടുന്നു.

മഹർഷി രാമായണം രചിക്കുവാനിടയായ സന്ദർഭം സുപ്രസിദ്ധമാണ്. അദ്ദേഹം സ്വശിഷ്യനായ ഭരദ്വാജനോടൊപ്പം തമസാനദിയിൽ കുളിക്കുവാനായി എത്തി. നദീതീരത്തുള്ള മരത്തിൽ രണ്ട് പക്ഷികൾ ഒന്നിച്ചിരുന്നിരുന്നു. അവ പരസ്പരം കൊക്കുകൾ ഉരുമ്മി സന്തോഷിച്ച് രസിച്ചുകൊണ്ടിരിക്കുകയായിരുന്നു. മഹർഷി ഈ പക്ഷികളെ കണ്ടു. അപ്പോൾ സമീപം ഒരു വേടൻ ആൺപക്ഷിയെ ലക്ഷ്യമാക്കി വില്ലുകുലച്ച് നിൽക്കുന്നതായി കണ്ട് മാനിഷാദ (അരുതേ... കാട്ടാളാ...) എന്ന് വേടനോട് പറയുന്നതും അവൻ അമ്പയയ്ക്കുന്നതും ഒരേ സമയത്തായിരുന്നു.

അമ്പേറ്റ് ആൺപക്ഷി നിലത്ത് വീണ് രക്തത്തിൽ കുളിച്ച് പ്രാണവേദനയോടെ പിടയുന്നതും പെൺപക്ഷി തന്റെ ഇണയെ നോക്കി വിലപിക്കുന്നതും കണ്ട വാല്മീകി വേടനെ ശപിക്കുന്നു. അദ്ദേഹത്തിന്റെ ശാപം ഒരു ശ്ലോകത്തിന്റെ രൂപത്തിലാണ് വായിൽ നിന്നും പുറത്തേയ്ക്ക് വന്നത്.

"മാ നിഷാദ! പ്രതിഷ്ഠാ ത്വ
മഗമശ്ശാശ്വതീഃ സമാഃ
യത് ക്രൗഞ്ചമിഥുനാദേക
മധവീഃ കാമമോഹിതം"

ഈ ശ്ലോക രൂപത്തിൽ തന്നെയാണ് വാല്മീകി മഹർഷി പിന്നീട് രാമായണം രചിച്ചത്.

വേദങ്ങളിലും, പുരാണങ്ങളിലും, ഉപനിഷത്തുകളിലും വിവരിക്കുന്ന ആത്മീയ മാർഗവും, ധർമ്മശാസ്ത്രങ്ങളിലും സ്മൃതികളിലും വിവരിക്കുന്ന ധാർമ്മികമാർഗവും മനുഷ്യ ജീവിതത്തിൽ എത്രമാത്രം പ്രായോഗികമാക്കുവാൻ സാധിക്കുമെന്നറിയാൻ ശ്രീരാമന്റെ ജീവിതശൈലി മനസ്സിലാക്കണം. ധർമ്മ - അർത്ഥ - കാമ - മോക്ഷ പ്രാപ്തിക്ക് രാമായണ കഥ എങ്ങനെ സഹായിക്കുന്നു എന്ന് ശ്രീരാമനിലൂടെ വാല്മീകി മഹർഷി വിവരിക്കുന്നു.

7 കാണ്ഡങ്ങളിലായിട്ടാണ് രാമായണം രചിച്ചിരിക്കുന്നത്. വാല്മീകി രാമായണത്തിലെ കഥ, വിഷയത്തിലും വിവരണത്തിലും കാലദേശാടിസ്ഥാനത്തിൽ ചെറിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. പുരാണങ്ങളിലും മഹാഭാരതത്തിലും രാമായണത്തിലെ പല പ്രസക്ത ഭാഗങ്ങളും വിവരിക്കുന്നുണ്ട്

മലയാള ഭാഷയിൽ, കിളിപ്പാട്ട് രൂപത്തിൽ, 'അദ്ധ്യാത്മ രാമായണം' എന്ന പേരിൽ രചിക്കുന്നത്, 16-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനാണ്. രാമനെ വിഷ്ണു

വിന്റെ അവതാരമായി ആരാധിക്കുകയും, ജീവാത്മാ - പരമാത്മാ സങ്കല്പം സന്നിവേശിപ്പിക്കുകയും ചെയ്തുകൊണ്ടാണ് 'അദ്ധ്യാത്മ രാമായണം' എന്ന പേര് നൽകിയിരിക്കുന്നത്.

**(2) വ്യാസ മഹാഭാരതം**

ലോകത്തിലെ ഏറ്റവും വലിയ സാഹിത്യ സൃഷ്ടിയായ 'മഹാഭാരതം' ഭാരതീയ സംസ്കൃത സാഹിത്യത്തിലെ ഇതിഹാസ കാവ്യമാണ്. ഗ്രീക്ക് ഭാഷയിലെ പുരാതന ഇതിഹാസ ഗ്രന്ഥങ്ങളായ ഇലിയഡും ഒഡീസിയും ഒരുമിച്ചു ചേർത്താൽ അതിന് മഹാഭാരതത്തിന്റെ എട്ടിലൊന്ന് വലിപ്പം മാത്രമേ വരികയുള്ളൂ.

വേദവ്യാസൻ ശിഷ്യനായ വൈശമ്പായനന് ഉപദേശിക്കുന്ന മഹാഭാരതം, ശിഷ്യൻ പരീക്ഷിത്ത് മഹാരാജാവിന്റെ പുത്രനായ ജനമേജയന് സർപ്പസത്രം നടത്തുമ്പോൾ വിവരിച്ചു കേൾപ്പിക്കുകയുമാണ് ചെയ്തിരിക്കുന്നത്.

മഹത്വവും ഭാരവും ഏറിയതുകൊണ്ട് 'മഹാഭാരതം' എന്നും അർത്ഥമുണ്ട്. ഭരതൻമാരുടെ ചരിത്രം പറയുന്ന ഗ്രന്ഥമായതുകൊണ്ട് മഹാഭാരതം എന്നു പറയുന്നതിലും യുക്തിയുണ്ട്. "ധർമ്മ - അർത്ഥ - കാമങ്ങളെ സംബന്ധിച്ചിടത്തോളം ഇതിലില്ലാത്തത് മറ്റെങ്ങുമില്ലെന്നും ഇതിലുള്ളത് മാത്രമേ മറ്റെവിടെയും കാണുകയുള്ളൂ" എന്ന പ്രസ്താവന മഹാഭാരതത്തിലുണ്ട്.

ധർമ്മ - അർത്ഥ - കാമ - മോക്ഷങ്ങളുടെ വിശദീകരണമാണ് മഹാഭാരതത്തിന്റെ രചനയിൽ കവി നിർവ്വഹിച്ചിരിക്കുന്നത്. "യതോ ധർമ്മ സ്തതോ ജയ" - ധർമ്മം എവിടെയാണോ അവിടെയാണ് ജയം. "ധർമോ രക്ഷതി രക്ഷിത" - ധർമ്മത്തെ രക്ഷിക്കൂ, ധർമ്മത്തെ രക്ഷിക്കുന്നവനെ ധർമ്മം രക്ഷിക്കും. ഈ തത്ത്വങ്ങളാണ് വ്യാസൻ എന്ന കവി ഉദ്ഘോഷിക്കുന്നത്. ഭരതന്റെ പിൻമുറക്കാരായ കൗരവ - പാണ്ഡവൻമാർ തമ്മിൽ രാജ്യലാഭത്തിന് വേണ്ടി നടത്തിയ മത്സരവും, അനന്തര ഫലമായുണ്ടായ മഹായുദ്ധവും സർവ നാശവുമാണ് മഹാഭാരതത്തിന്റെ ഇതിവൃത്തം. ബ്രഹത്തായ 18 പർവങ്ങളിലായിട്ടാണ് മഹാ ഭാരതം രചിച്ചിരിക്കുന്നത്.

ഭാരതീയ ആത്മീയ - വൈദിക - ഭൗതിക - ധർമ്മശാസ്ത്രങ്ങളുടെ പ്രായോഗിക വിവരണം മഹാഭാരതത്തിൽ കാണാം. നൻമതിൻമകളുടെ ശക്തിയും അശക്തിയും അന്ത്യത്തിൽ നൻമകളുടെ സമ്പൂർണ്ണ വിജയവും ഉദ്ഘോഷിക്കുന്ന ജീവിതകഥയത്രെ വ്യാസമഹാഭാരതം.

**ഭഗവദ്ഗീത**

**(മഹാഭാരതത്തിൽ)**

വിശ്വപ്രസിദ്ധമായ ഭഗവദ്ഗീതയെ ഹിന്ദു മത വിശ്വാസികൾ ഒരു പുണ്യഗ്രന്ഥമായി കരുതുന്നു. ഭഗവാൻ ശ്രീകൃഷ്ണൻ കുരുക്ഷേത്രത്തിലെ യുദ്ധരംഗത്ത് വച്ച് പാണ്ഡുപുത്രനായ അർജ്ജുനന് നൽകുന്ന ഉപദേശമാണ് ഭഗവദ്ഗീതയെന്ന് അറിയപ്പെടുന്നത്. മഹാഭാരതത്തിലെ ഭീഷ്മ പർവത്തിൽ 23 മുതൽ 40 വരെയുള്ള അദ്ധ്യായങ്ങളിലാണ് ഗീതോപദേശം രചിച്ചിരിക്കുന്നത്. പാൽ മഹത്തായ ഗീതാമൃതവുമാണ്. 18 അദ്ധ്യായങ്ങളിലായി 700 ശ്ലോകങ്ങളുള്ള ഗീതയിലെ ആദ്യത്തെ 6 അദ്ധ്യായങ്ങൾ കർമ്മകാണ്ഡമെന്നും അടുത്ത 6 അദ്ധ്യായങ്ങൾ ഉപാസനകാണ്ഡമെന്നും അവസാനത്തെ 6 അദ്ധ്യായങ്ങൾ ജ്ഞാനകാണ്ഡമെന്നും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. 18 അദ്ധ്യായങ്ങൾക്കും ഓരോ പേരും നൽകിയിട്ടുണ്ട്.

സംഘടിത ശക്തികളുടെ സഹായങ്ങളോ സമ്പന്ന വിഭാഗങ്ങളുടെ പ്രോത്സാഹനങ്ങളോ പ്രലോഭനങ്ങളോ ലഭിക്കാതിരിന്നിട്ടും ലോകത്തിൽ ഏറ്റവുമധികം പ്രചാരവും ആദരവും ഭഗവദ്ഗീതയ്ക്ക് ലഭിക്കാൻ എന്താണ് കാരണം? അടുത്തറിയുമ്പോൾ, ആഴത്തിൽ മുഴുകുമ്പോൾ, ഗീത നൽകുന്ന മനഃശക്തിയും മാനസിക സൗഖ്യവും അതുവഴി ധാർമ്മിക കാര്യങ്ങൾ ചെയ്യുവാനുള്ള പ്രചോദനവും ലഭിക്കുന്നു എന്നതാണ് ഈ ഗ്രന്ഥത്തിന് സർവ്വ ലൗകികമായ ആദരവ് നേടുവാനുള്ള കാരണം.

അളവിൽ കവിഞ്ഞ അർത്ഥ - കാമങ്ങൾ മനുഷ്യ മനസ്സിൽ ലോഭമോഹ മത്സരാദികൾ സൃഷ്ടിക്കുന്നു. അത് ദുഃഖങ്ങളും ദുരിതങ്ങളും ഉളവാക്കുന്നു. ഇതിനൊരു പരിഹാരം ആത്മ നിയന്ത്രണമാണ്. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ നാലു പുരുഷാർത്ഥങ്ങളുടെ പ്രസക്തി ഏറുന്നത് ഇവിടെയാണ്. ധർമ്മ (ന്യായം) മാർഗ്ഗത്തിലൂടെ അർത്ഥം (സ്വത്ത്) സമ്പാദിച്ച് കാമങ്ങളെ (ആഗ്രഹങ്ങളെ) സാധ്യമാക്കി മോക്ഷം (സംതൃപ്തി) നേടുക എന്ന

ലക്ഷ്യമായിരിക്കണം മനുഷ്യ ജീവിതത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.


ഗീത ഒരു ആത്മീയഗ്രന്ഥം മാത്രമല്ല ഒരു ശാസ്ത്ര ഗ്രന്ഥം കൂടിയാണ്. ജീവിതം എങ്ങനെ നയിക്കണമെന്ന് അനുശാസിക്കുന്ന ഗീത, ഭിന്ന സ്വഭാവമുള്ളവർക്ക് ഭിന്ന മാർഗങ്ങളിലൂടെ എന്നാൽ സമന്വയ ഭാവത്തിൽ ഉപദേശിക്കുന്നതു കൊണ്ടാണ് എവിടെയും എല്ലാവർക്കും എപ്പോഴും സ്വീകാര്യമായിരിക്കുന്നത്. വൻ പ്രതിസന്ധികളെ നേരിടേണ്ടിവരുമ്പോൾ മനുഷ്യന് അതിനെ അതിജീവിച്ച് വിജയം വരിക്കാൻ എങ്ങനെ സാധിക്കാമെന്ന് ഭഗവാൻ ശ്രീകൃഷ്ണൻ ഗീതയിൽ സമർഥിക്കുന്നു. സകല കർമ്മങ്ങളും ഈശ്വരാർപ്പിതമായി ആത്മീയ സാധനയായി നിഷ്കാമമായി നിസ്വാർത്ഥമായി ചെയ്യുക എന്നതു മാത്രമാണ് ഉപാധി.

**(തുടരും)**

---

**(വ്യക്തിവിശേഷം)**

# പറക്കും സ്വാമികൾ



പറക്കും സ്വാമികൾ എന്ന അപരനാമത്താൽ അറിയപ്പെടുന്ന സ്വാമി വിഷ്ണു ദേവാനന്ദ് ഒരു മലയാളി ആണെന്നും, പ്രത്യേകിച്ച് ഒരു നായരാണെന്നുള്ളതും പലർക്കും അറിവുള്ള കാര്യമല്ല. പൂർവ്വാശ്രമത്തിലെ പേര് കുട്ടൻ നായർ എന്നാണ്. മലബാറിലെ പേരാമ്പ്രയാണ് ജൻമ നാട്. വിദ്യാഭ്യാസത്തിനുശേഷം സായുധ സേനയിൽ ചേർന്ന അദ്ദേഹം സ്വാമി ശിവാനന്ദ യോഗിയുടെ 'Divine Life Society' യെക്കുറിച്ചുള്ള പ്രബന്ധം വായിക്കാനിടയാകുകയും, അതിന്റെ സ്വാധീനത്താൽ സ്വയം ആദ്ധ്യാത്മിക ജീവിതം സ്വീകരിക്കുകയുമാണുണ്ടായത്. തുടർന്ന് അദ്ദേഹം ശിവാനന്ദസ്വാമിയെ നേരിൽ കാണുകയും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ച് സ്വാമിയുടെ ആശ്രമത്തിൽ ചേരുകയും ചെയ്തു. സ്വാമിയാണ് അദ്ദേഹത്തിന് വിഷ്ണു ദേവാനന്ദ് എന്ന് പേര് നൽകിയതും. അങ്ങനെ കുട്ടൻ നായർ വിഷ്ണുദേവാനന്ദായി മാറി. 10 വർഷം അവിടെ സ്വാമിയുടെ ശിഷ്യനായി ജീവിച്ചു.

കാനഡയിൽ ഒരു ആശ്രമവും യോഗ കേന്ദ്രവും, ധ്യാന കേന്ദ്രവും സ്ഥാപിക്കുന്നതിനായി ശിവാനന്ദസ്വാമികൾ വിഷ്ണു ദേവാനന്ദിനെയാണ് തിരഞ്ഞെടുത്തയച്ചത്.

വ്യോമയാന പ്രകടനത്തിൽ അതീവ തല്പരനും വിദഗ്ധനുമായിരുന്ന വിഷ്ണു ദേവാനന്ദിനെ അദ്ദേഹത്തിന്റെ വ്യോമയാന പ്രകടനങ്ങൾ കണ്ട് ജനം പറക്കും സ്വാമികൾ എന്ന് വിളിച്ചു. പടിഞ്ഞാറെ ബർലിനിൽ നിന്നും, കിഴക്കെ ബർലിനിലേയ്ക്ക് നടത്തിയ ആകാശയാത്ര അദ്ദേഹത്തെ ലോകപ്രശസ്തനാക്കിത്തീർത്തു. യാത്രാരംഭത്തിന് മുമ്പ് അദ്ദേഹം പറഞ്ഞത് "ഈ സാഹസീക ദൗത്യത്തിൽ ഒരുപക്ഷെ ഞാൻ കൊല്ലപ്പെട്ടു എന്നു വരാം". അത്രയ്ക്ക് ദുഷ്കരമായിരുന്നു ആ യാത്ര. മോട്ടർ സൈക്കിളിന്റെ എൻജിൻ ഘടിപ്പിച്ച പ്രത്യേക വിമാനമായിരുന്നു അദ്ദേഹത്തിന്റേത്. ഈ വിമാനത്തിൽ പറന്ന് ലോകം മുഴുവനും സമാധാന സന്ദേശ ലഘുലേഖകൾ വിതറുക വഴി അദ്ദേഹം ഒരു വലിയ സമാധാന സന്ദേശ വാഹകനായി മാറി. ഭാരതവും പാകിസ്ഥാനും അണുവായുധ പ്രയോഗത്തെപ്പറ്റി ചിന്തിക്കുക പോലും ചെയ്യരുത് എന്ന് പറഞ്ഞ അദ്ദേഹം "നിങ്ങൾ ഒന്നിച്ച് ജീവിക്കുക അല്ലെങ്കിൽ ഒന്നിച്ച് മരിക്കുക" എന്നാണ് അഭിപ്രായപ്പെട്ടത്.

■



# കേരള വാറ്റ് രജിസ്ട്രേഷന് ബാദ്ധ്യതയുള്ളവർ



കെ. എസ്. രാജേന്ദ്ര ബാബു

കേരള വാല്യു ആന്റ് ടാക്സ് ആക്ട് 2003 പ്രകാരം താഴെ പറയുന്നവർ രജിസ്ട്രേഷൻ എടുക്കാൻ ബാദ്ധ്യസ്ഥരാണ്. (Sec. 15 (1)

**(Sec. 15 (1)**

ഒരു സാമ്പത്തിക വർഷം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ളവർ

**(Sec. 15 (2)**

1) കാഷ്വൽ ട്രെയ്ഡർ (താത്കാലികമായി ബിസിനസ് നടത്തുന്നവർ) ആക്ട് പ്രകാരം

2) CST ആക്ട് പ്രകാരം രജിസ്ട്രേഷൻ ഉള്ളവർ

3) KGST ആക്ട്പ്രകാരം വാറ്റു വരുന്നതിനുമുമ്പു രജിസ്ട്രേഷൻ ഉണ്ടായിരുന്നവർ

4) ബിസിനസ്സിന്റെ ഭാഗമായി അന്യസംസ്ഥാന ങ്ങളിൽ നിന്നും ചരക്കു കൊണ്ടുവരുകയോ, കയറ്റുമതി ചെയ്യുകയോ ചെയ്യുന്നവർ

5) കട്ടിപ്പൊന്ന്, നാണയം, സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, എന്നിവ കൊണ്ടുള്ള ആഭരണങ്ങൾ ക്രയവിക്രയം ചെയ്യുന്നവർ

6) സംസ്ഥാനത്തിനു പുറത്തു താമസിച്ചു കൊണ്ട് സംസ്ഥാനത്തിനകത്ത് വ്യാപാരം നടത്തുന്നവർ

7) സംസ്ഥാനത്തിനകത്തു താമസമില്ലാതെ ഏജന്റുമാർ മുഖേന വ്യാപാരം നടത്തുന്നവർ

8) കമ്മീഷൻ ഏജന്റുമാർ ബ്രോക്കർ ലേലം ചെയ്ത് ചരക്കുകൾ വാങ്ങുകയും വില്ക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നവർ

9) എല്ലാ കോൺട്രാക്ടർമാരും

10) കേരള സംസ്ഥാനത്തിനുള്ളിൽ വ്യാപാരം നടത്തുന്ന എല്ലാ സ്റ്റേറ്റ് ഗവണ്മെന്റുകൾ, സെൻട്രൽ ഗവണ്മെന്റ്, യൂണിയൻ ടെറിട്ടറി, എല്ലാ വകുപ്പുകളും, പ്രാദേശിക അധികാരികൾ സ്വയം ഭരണസ്ഥാപനങ്ങൾ

11) എല്ലാ ഹാൾമാർക്കിംഗ് യൂണിറ്റുകളും സെക്ഷൻ 15 (1) ഒഴികെ ബാക്കിയുള്ളവ

12) മൾട്ടി ലെവൽ മാർക്കറ്റിംഗ് കമ്പിനികളോ ഏജന്റുമാരോ

13) എല്ലാതരം ജോബ് വർക്കുകളും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ചെയ്യുന്ന **(Sec. 15 (2))** പ്രകാരമുള്ള 10 തരം വ്യാപാരികൾക്ക് 10 ലക്ഷം ടേണോവർ പരിധി ബാധകമല്ല. ഈ പറഞ്ഞ വ്യാപാരികൾ വിറ്റു വരവു പരിധി നോക്കാതെ തന്നെ രജിസ്ട്രേഷൻ എടുക്കാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ 1966 ലെ കേരളാ റേഷനിംഗ് Order പ്രകാരം രജിസ്റ്റർ ചെയ്ത മുഴുവനായും റേഷൻ സാധനങ്ങൾ മാത്രം വില്ക്കുന്ന വ്യാപാ രികൾക്ക് വാറ്റ് രജിസ്ട്രേഷൻ ബാധകമല്ല.

രജിസ്ട്രേഷൻ എടുക്കുന്നതിന് ഓൺ ലൈനായി അപേക്ഷ ഫാറം നമ്പർ 1 ൽ KVAT ആക്ട് രജിസ്ട്രേഷനും ഫാറം നമ്പർ 1A യിൽ CST രജിസ്ട്രേഷൻ ആവശ്യമുള്ളവരും സമർപ്പിച്ച് അതിന്റെ ഹാർഡ് കോപ്പി ബന്ധപ്പെട്ട രേഖകൾ സഹിതം കോമേഴ്സ്യൽ ടാക്സ് സർക്കിൾ ഓഫീസറുടെ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

രജിസ്ട്രേഷൻ ഫീസ് ടേണോവറിന്റെ അടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്.

10 ലക്ഷം ടേണോവർ തന്നാണ്ടിൽ പ്രതീക്ഷി ക്കുന്ന വാറ്റ് ഡീലർ സെക് 15 (1) അനുസരിച്ച് 500 രൂപയും CST യുള്ളവർ 1500 രൂപയും ഫീസായടയ്ക്കണം. പത്തു ലക്ഷത്തിനു മുകളിൽ വരുന്ന ഓരോ ലക്ഷത്തിനും 25 രൂപ വച്ചും 50 ലക്ഷം രൂപയ്ക്ക് മുകളിൽ ടേണോവർ വരികയാണെങ്കിൽ 50 ലക്ഷത്തിനു മുകളിൽ വരുന്ന ഓരോ ലക്ഷത്തിനും 50 രൂപ വച്ചും അതായത് (Rs. 1500+50 വീതം) അടക്കേണ്ടതാണ്. മാക്സിമം രജിസ്ട്രേഷൻ

ഫീസ് ഒരു വർഷത്തേക്ക് 20,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

രജിസ്ട്രേഷന്റെ കാലാവധി ഒരു വർഷം മാത്രമാണ്. എല്ലാ വർഷവും ഏപ്രിൽ 30-ാം തീയതിക്കു മുമ്പായി രജിസ്ട്രേഷൻ പുതുക്കേണ്ട താണ്.

**രജിസ്ട്രേഷൻ പുതുക്കുന്നതിന്**

കഴിഞ്ഞ വർഷം 25 ലക്ഷത്തിൽ താഴെ മാത്രം ടേണോവറുള്ള വാറ്റു മാത്രം രജിസ്ട്രേഷൻ ഉള്ളവർ - 500 രൂപ ഓൺ ലൈനായി അടക്കണം.

KVAT Act പ്രകാരം മാത്രം രജിസ്ട്രേഷനുള്ള കഴിഞ്ഞ വർഷം 25 ലക്ഷത്തിനു മുകളിൽ വിറ്റു വരവുള്ള വ്യാപാരി രജിസ്ട്രേഷൻ പുതുക്കുന്നതിന് 1000 രൂപ ഓൺ ലൈനായി അടക്കേണ്ടതാണ്. KVAT Act പ്രകാരവും CST Act പ്രകാരവും രജിസ്ട്രേഷനുള്ള വ്യാപാരി 3000 രൂപ ഒരു വർഷത്തേക്ക് രജിസ്ട്രേഷൻ പുതുക്കുവാൻ ഓൺലൈനായി അടയ്ക്കണം.

കൊമേഴ്സ്യൽ ടാക്സ് കമ്മീഷണറുടെ 28/2/2006 ലെ Circular 10/2006 അനുസരിച്ച് രജിസ്ട്രേഷൻ അപേക്ഷയുടെ കൂടെ താഴെ പറയുന്ന രേഖകൾ കൂടി വാണിജ്യ നികുതി ഓഫീസിൽ ഹാജരാക്കിയാൽ, ദിവസങ്ങൾക്കു ള്ളിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

1. വാണിജ്യ നികുതിയുടെ ബന്ധപ്പെട്ട സർക്കിൾ ഓഫീസറുടെ ഔദ്യോഗിക നാമത്തിൽ ബാങ്കിൽ നിന്നും എടുത്ത നിശ്ചിത തുകക്കുള്ള ഫീസ് ഡി.ഡി ആയി സമർപ്പിക്കേണ്ടതാണ്.

2. രണ്ടു പാസ്പോർട്ട് സൈസ് ഫോട്ടോകൾ - പ്രൊപ്രൈറ്ററുടെയോ പാർട്നേഴ്സിന്റെയോ, ഡയറക്ടർമാരുടെയൊ

3. സ്വയം സാക്ഷ്യപ്പെടുത്തിയ പാസ്പോർട്ടിന്റെയോ, ഡ്രൈവിങ് ലൈസൻസിന്റെയോ, ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റേയോ പകർപ്പ്.

4. മാനേജരുണ്ടെങ്കിൽ അതിനു ചുമതലപ്പടുത്തി ക്കൊണ്ടുള്ള ഒരു പ്രസ്താവന.

**5. പാർട്ണർ ഷിപ്പ് വ്യാപാരമാണെങ്കിൽ**

a) പാർട്ണർഷിപ്പ് എഗ്രിമെന്റിന്റെ അറ്റസ്റ്റു ചെയ്ത കോപ്പി

b) രജിസ്ട്രേഷനുള്ള അപേക്ഷ കൊടുക്കുവാനും ആയതിനു ഒരു പാർട്ണറെ ചുമതലപ്പെടുത്തി ക്കൊണ്ടുമുള്ള പ്രമേയത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

c) ഫോം നമ്പർ 2 ൽ ഉള്ള ഒരു പ്രസ്താവന എല്ലാ പാർട്ണർമാരും ഒപ്പിട്ട് അവരുടെ അഡ്രസ്സും ചേർത്തു ഓരോരുത്തർക്കുമുള്ള പങ്കിന്റെ ശതമാനം കാണിക്കുന്ന ഒരു പ്രസ്താവന

**6.** Proprietary Concern ഉമസ്ഥ സ്ഥാപനം ഉടമ സ്ഥനില്ലാതെ അപേക്ഷ സമർപ്പിക്കുവാൻ പ്രൊപ്രൈറ്റർ തയ്യാറാക്കിയ പവർ ഓഫ് അറ്റോർണി രജിസ്റ്റർ ചെയ്ത്, അതിന്റെ കോപ്പി അറ്റസ്റ്റ് ചെയ്തത്..

**7.കമ്പനികളോ അസോസിയേഷനുകളോ അപേക്ഷിക്കുമ്പോൾ**

**a)** മെമോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, സർട്ടിഫിക്കറ്റ് ഓഫ് ഇൻകോർപറേഷൻ എന്നിവയുടെ കോപ്പി.

**b)** രജിസ്ട്രേഷൻ എടുക്കുന്നതിനും അതിന് ഒരാളെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഡയറക്ടർ ബോർഡു യോഗത്തിന്റെ പ്രമേയത്തിന്റെ സർട്ടിഫൈഡ് കോപ്പി.

**c)** ഒപ്പിടുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള ആളുകളുടെ ഒരു സ്റ്റേറ്റ്മെന്റ് ഫോറം നമ്പർ 2 - A യിൽ.

**8.** 100 രൂപ മുദ്രപത്രത്തിൽ നോട്ടറിയെക്കൊണ്ട് ഒപ്പിടുവിച്ച ഒരു സ്റ്റേറ്റ്മെന്റ്.

**9.** വാടകച്ചീട്ടിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പി (ബാങ്ക് മാനേജരോ നോട്ടറിയോ)

**10.** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കൊടുത്തിട്ടുള്ള ലൈസൻസിന്റെ സ്വയം സാക്ഷിപ്പെടുത്തിയ പകർപ്പ്. ലൈസൻസ് കിട്ടിയില്ല എങ്കിൽ ലൈസൻസ് ഫീസ് ഒടുക്കിയ രസീതിന്റെ സ്വയം സാക്ഷിപ്പെടുത്തിയ കോപ്പി.

**11.** **SSI** രജിസ്ട്രേഷൻ വല്ലതുമുണ്ടെങ്കിൽ സ്വയം സാക്ഷിപ്പെടുത്തിയ കോപ്പി.

**12.** സെക്യൂരിറ്റി ഡപ്പോസിറ്റ് ഫിക്സഡ് ഡപ്പോസിറ്റായോ, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റായോ, ഡിമാന്റ് ഡ്രാഫ്റ്റ്, ബാങ്ക് ഗ്യാരണ്ടി എന്നിവയിൽ ഏതിലെങ്കിലും നിക്ഷേപിച്ചതിന്റെ ഒർജിനൽ.

വ്യാപാരികളുടെ ഇനം തിരിച്ച് താഴെ പറയും പോലെയുള്ള തുകക്കാണ് സെക്യൂരിറ്റി എടുക്കേണ്ടത്

| **ഇനം** | **സെക്യൂരിറ്റി ഡപ്പോസിറ്റ്** | |
|---|---|---|
| | KVAT | CSTW KVAT |
| **A. ഇൻഡിവിഡുവൽ/പ്രൊപ്രൈറ്റർഷിപ്പ്**<br>1.കേരളത്തിൽ താമസിക്കുന്നവർ<br>2. കേരളത്തിനു പുറത്തുള്ളവർ | Rs. 5 000/-<br>Rs. 10000/- | - Rs. 15 000/-<br>- Rs. 25000/- |
| **B. പാർട്ണർഷിപ്പ് വ്യാപാരി**<br>1. കേരളത്തിൽ താമസിക്കുന്നവർ<br>2. കേരളത്തിനു പുറത്തുള്ളവർ | Rs.10 000/-<br>Rs.20 000/- | - Rs. 25 000/-<br>- Rs. 50 000/- |
| **C. കമ്പനി**<br>1. കേരളത്തിൽ താമസിക്കുന്നവർ<br>2. കേരളത്തിനു പുറത്തുള്ളവർ | Rs. 25 000/-<br>Rs. 50 000/- | - Rs. 50 000/-<br>- Rs. 75 000/- |

തടി, ഇരുമ്പ്, പ്ലൈവുഡ്, പാക്കിംഗ് കേയ്സ്, ഹിൽപ്രൊഡൂസ് സിമന്റ്, ഭക്ഷ്യ എണ്ണ, റബ്ബർ, കോഫി, ചിക്കൻ, ഇലക്ട്രിക് ഗുഡ്സ്, ഓട്ടോമൊബൈൽ സ്പെയർപാട്സ്, റെഡിമെയ്ഡ് ഗാർമെന്റ്സ്, കശുവണ്ടി, കെമിക്കൽസ് എന്നീ ചരക്കുകൾക്ക് വിശദമായ എൻക്വയറി ആവശ്യമായതിനാൽ 21 ദിവസം വരെ രജിസ്ട്രേഷൻ കിട്ടുന്നതിന് കാലതാസം നേരിടാം.

# ഓണാശംസകൾ

സമൃദ്ധിയുടെയും സമാധാനത്തിന്റെയും, സന്ദേശം നൽകികൊണ്ട് വീണ്ടും പൊന്നോണം പടിവാതിൽക്കൽ എത്തിക്കഴിഞ്ഞു. മഹാബലി തമ്പുരാൻ നൻമകൾക്ക് ആഹ്വാനം ചെയ്തതുപോലെ പ്രപഞ്ചത്തിലെ സർവ്വതിലും സ്ഫുരിക്കുന്ന സ്നേഹം എന്ന വികാരം ഉൾക്കൊണ്ടുകൊണ്ടും, നൂതനമായ ആശയങ്ങൾ വാരിവിതറാൻ പാകത്തിന് ആത്മശക്തിയെ വർദ്ധിപ്പിച്ചുകൊണ്ടും നമുക്ക് ഓണത്തെ വരവേൽക്കാം.

മാവേലിമന്നന്റെ കാലത്തെപ്പോലെ കള്ളവും ചതിയുമില്ലാത്ത, കള്ളക്കടത്തും കരിഞ്ചന്തയുമില്ലാത്ത, അഴിമതിയും സ്വജനപക്ഷപാതവുമില്ലാത്ത, ജാതിമതപ്രീണനമില്ലാത്ത, എല്ലാവർക്കും തുല്യനീതി ഉറപ്പ് വരുത്തുന്ന സർവ്വൈശ്വര്യങ്ങളുടെയും വിളനിലമായ ഒരു സുന്ദരകേരളത്തിനായി പ്രാർത്ഥിച്ചുകൊണ്ട്, സത്യത്തിന്റെയും, ധർമ്മത്തിന്റെയും, ത്യാഗത്തിന്റെയും പ്രതീകമായ ഓണത്തെ ആദർശാഭിമാനത്തോടെ, ഒരുമയോടെ, ഐക്യത്തോടെ നമ്മുടെ സംസ്കാര പാരമ്പര്യാധിഷ്ഠിതമായ ചടങ്ങുകളോടെ വരവേൽക്കാം. എല്ലാവർക്കും, ശാന്തിയും സമാധാനവും നിറഞ്ഞ സമ്പൽസമൃദ്ധമായ പുതുവർഷവും, ഐശ്വര്യസമൃദ്ധമായ പൊന്നോണവും ഉണ്ടാവട്ടെ എന്ന് ആശംസിക്കുന്നു.

*ജനറൽ സെക്രട്ടറി*
*എറണാകുളം കരയോഗം*

(തുടർച്ച)



# അനശ്വരമായ ആത്മാവ്

യു.എസ് രവീന്ദ്രൻ



ഹിന്ദുപുരാണങ്ങളിൽ പുനർജ്ജന്മങ്ങളെപ്പറ്റിയും കർമ്മഫലങ്ങളെപ്പറ്റിയും വ്യക്തമായി കഥകളിലൂടെ പ്രതിപാദിക്കുന്നുണ്ട്. ത്രേതായുഗത്തിൽ ശ്രീരാമന്റെ ഒളിയമ്പേറ്റ് മരിക്കേണ്ടി വന്ന ബാലിക്ക് ദ്വാപരയുഗത്തിലെ ശ്രീകൃഷ്ണന്റെ അന്തകനാകാൻ വേടന്റെ ജന്മമെടുക്കേണ്ടി വന്നു. കാശിരാജാവിന്റെ പുത്രിയായ അംബയ്ക്ക് തന്നെ അപമാനിച്ച ഭീഷ്മരെ കൊല്ലാൻ അടുത്ത ജന്മത്തിൽ ശിഖണ്ഡിയായി തീരേണ്ടി വന്നു. ഈ ജന്മത്തിൽ മറ്റുള്ളവരോട് വിദ്വേഷങ്ങളും വൈരാഗ്യങ്ങളും വച്ച് പുലർത്തി ലോകം വിടേണ്ടതുണ്ടോ. അമേരിക്കയിലെ ജോർജ് ബുഷിനോടുള്ള വൈരാഗ്യം തീർക്കാൻ സദ്ദാംഹുസൈന് പുനർജനിക്കേണ്ടി വരില്ലേ? അമേരിക്കയിലെ ഒബാമയോട് പകരം ചോദിക്കാൻ ബിൻലാദന് പുനർജനിക്കേണ്ടി വരില്ലേ?

രണ്ടാം ലോകമഹായുദ്ധകാലത്ത് ഒരു ജാപ്പനിസ് ഓഫീസറുടെ ക്രൂരമർദ്ദനമേറ്റ് വർഷങ്ങൾക്കു ശേഷം എല്ലാ പീഡനങ്ങൾകക്കും മാപ്പ് കൊടുത്ത് ആത്മാവിനെ പോഷിപ്പിച്ച് ലോകം വിട്ടുപോയ ഒരു സ്കോട്ട്ലന്റ്കാരന്റെ കഥയാണ് അടുത്തത് (റീഡേഴ്സ് ഡൈജസ്റ്റ് 1994 ഒക്ടോബർ). എറിക് ജനിച്ചത് 1919 ൽ സ്കോട്ട്ലന്റിൽ. അച്ഛനമ്മമാരുടെ ഏക സന്താനം. ചെറുപ്പ കാലത്ത് ട്രെയിൻ യാത്ര വളരെ ഇഷ്ടമായിരുന്നു. പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ ക്ലർക്കായി ജോലി ചെയ്യുന്നു. അവിടെവെച്ച് സുന്ദരിയായ ഒരു പെൺകുട്ടിയുമായി പ്രണയത്തിലായി. വിവാഹം കഴിക്കാൻ തീരുമാനിച്ചു. പക്ഷേ 1939 ൽ രണ്ടാം ലോക മഹായുദ്ധം പൊട്ടിപുറപ്പെട്ടപ്പോൾ എറിക്കിന് പട്ടാളത്തിൽ ചേരേണ്ടി വന്നു. സിംഗപ്പൂരിൽ നിയമിതനായി. 1942 ൽ ജാപ്പാനീസ് പട്ടാളം എറിക്കിനെ തടവുകാരനാക്കി. തായ്‌ലന്റിലെ ബാൻപോങ്ങ് എന്ന പട്ടണത്തിനടുത്ത് മറ്റ് അറുനൂറു തടവുകാരോടൊപ്പം ജയിലിൽ അടച്ചു. കേടുവന്ന ഇലക്ട്രോണിക് ഭാഗങ്ങളെകൊണ്ട് എറിക് ഒരു റേഡിയോ ഉണ്ടാക്കി ജയിലധികൃതർ അറിയാതെ രാത്രി കാലങ്ങളിൽ ന്യൂഡൽഹിയിൽ നിന്നും പ്രക്ഷേപണം ചെയ്യുന്ന യുദ്ധവാർത്തകൾ മനസ്സിലാക്കി വന്നു. 1943 ൽ എല്ലാ തടവുകാരേയും കാഞ്ചനബരി എന്ന സ്ഥലത്തുള്ള ജയിലിലേക്ക് മാറ്റപ്പെട്ടു. പരിശോധനയിൽ എറിക്കിന്റെ റേഡിയോ ഒരു കോഫിടിന്നിൽ അടച്ചു വച്ചിരുന്നത് ജയിലധികൃതർ കണ്ടു പിടിച്ചു. ഇങ്ങിനെയുള്ള കുറ്റങ്ങൾക്ക് വധശിക്ഷയാണെന്ന് എറിക്കിന് അറിയാമായിരുന്നു. ആദ്യം കിട്ടിയ ശിക്ഷ 13 കിലോ ഗ്രാം തൂക്കമുള്ള മഴുകൊണ്ട് ദിവസം മുഴുവൻ വിറകു കീറലായിരുന്നു. കുറേ ദിവസങ്ങൾ അതേ ശിക്ഷ തന്നെ തുടർന്നു. എറിക്കിനെ വേറൊരു ജയിലിലേക്ക് മാറ്റപ്പെട്ടു. ഇതിനിടയിൽ എറിക്കിന്റെ ബാഗിൽ നിന്നും ഒരു ഏഷ്യൻ മാപ്പ് ജയിലധികൃതർ കണ്ടെടുത്തു. ജയിൽ ചാടാനുള്ള ശ്രമമാണെന്ന് പറഞ്ഞു എറിക്കിനെ ക്രൂരമായ ശിക്ഷകൾക്ക് വിധേയനാക്കി. രണ്ടു ദിവസത്തേയ്ക്ക് ഭക്ഷണവും വെള്ളവും നൽകാതെ പൊരി വെയിലത്ത് കെട്ടിയിട്ടു. മൂന്നാമത്തെ ദിവസം ക്രൂരമർദ്ദനം ഏൽക്കേണ്ടി വന്നു. എറിക്കിന് ബോധം നഷ്ടപ്പെട്ടു വാരിയെല്ലുകൾ പൊട്ടിയിരുന്നു. മൂക്കുപാലം തകർന്നിരുന്നു. കൈകൾ ഒടിഞ്ഞിരുന്നു. ഇങ്ങിനെയൊക്കെയാണെങ്കിലും ചോദ്യം ചെയ്യലിന് തക്കാഷി എന്ന ജാപ്പനീസ് ഉദ്യോഗസ്ഥൻ എറിക്കിനെ കൊണ്ടുപോകും.

ഉത്തരങ്ങൾ കിട്ടാതാകുമ്പോൾ തക്കാഷി എറിക്കിന്റെ മുഖത്തടിച്ചു. ദേഹത്ത് കുത്തി നോവിപ്പിച്ചു. അഞ്ചു ദിവസം ചോദ്യം ചെയ്യൽ നടത്തിയിട്ടും ഫലമൊന്നും കിട്ടാതായപ്പോൾ തക്കാഷി ഉയർന്ന മർദ്ദത്തിലുള്ള വെള്ളം എറിക്കിന്റെ മൂക്കിലേക്കും വായിലേക്കും ചീറ്റിച്ചു. എറിക്കിന് ശ്വാസം മുട്ടി വയർ വീർത്തു. ഈ ശിക്ഷ ദിവസങ്ങളോളം നീണ്ടു നിന്നു. ദിവസം ചെല്ലുന്തോറും തക്കാഷിയോടുള്ള വൈരാഗ്യവും വെറുപ്പും എറിക്കിന് കൂടി വന്നു. തുടർച്ചയായുള്ള പീഡനം മൂലം തുടർന്നു ജീവിക്കുവാനുള്ള ആഗ്രഹം തന്നെ എറിക്കിന് നഷ്ടപ്പെട്ടു. ഒരു നിമിഷം തക്കാഷിയെ കിട്ടുകയാണെങ്കിൽ കഴുത്ത് ഞെക്കിപിടിച്ച് ശ്വാസം മുട്ടിച്ച് കൊല്ലും എന്ന് എറിക്ക് മനസ്സിൽ വിചാരിച്ചു. തക്കാഷി യുടെ മുഖം ഓർത്തു വച്ചു. "ഒരു ദിവസം ഞാൻ എടുത്തോളാം".

യുദ്ധം അവസാനിച്ചു 1946 ൽ തക്കാഷി അദ്ധ്യാപക വൃത്തിയിൽ ചേർന്നു. കൂടെക്കൂടെ യുള്ള ശ്വാസം മുട്ടലും നെഞ്ചുവേദനയും തക്കാഷിയെ അലട്ടിക്കൊണ്ടിരുന്നു. തക്കാഷി ഓർമ്മിച്ചു. എന്തിനാണ് എറിക്കിനെ ഞാൻ ഇത്രയധികം ഉപദ്രവിച്ചത്. ഉയർന്ന മർദ്ദത്തിലുള്ള വെള്ളം ചീറ്റിയപ്പോൾ അയാൾക്കും ശ്വാസം മുട്ടിയിട്ടുണ്ടാകുകയില്ലേ. 1953 ൽ ഒരു ദിവസം ശ്വാസം കിട്ടാതെ തക്കാഷി ബോധം കെട്ടു വീണു. അതിനുശേഷം തക്കാഷിക്ക് മനസ്സിൽ തോന്നാറുണ്ട് എറിക്കിനെ ഒരു പ്രാവശ്യം കാണുകയാണെങ്കിൽ ഞാൻ കാലു പിടിച്ച് മാപ്പ് അപേക്ഷിച്ചേനേ, ഞാൻ ചെയ്ത ക്രൂരതയെല്ലാം സ്വന്തം മനസ്സാലെ അല്ലെന്നും പട്ടാളത്തിനു വേണ്ടിയാണെന്നും പറഞ്ഞേനെ. യുദ്ധത്തിനു ശേഷം നാട്ടിൽ തിരിച്ചു വന്ന എറിക് പഴയ കൂട്ടുകാരിയെ കല്യാണം കഴിച്ചു. രണ്ടു കുട്ടികളുടെ അച്ഛനുമായി. എങ്കിലും ചിലപ്പോൾ പഴയ പീഡനങ്ങളുടെ ഓർമ്മകൾ രാത്രി കാലങ്ങളിൽ എറിക്കിനെ ഞെട്ടി ഉണർത്താറുണ്ട്. "അയാളെ കിട്ടിയാൽ ഞാൻ ഞെക്കി ശ്വാസം മുട്ടിച്ച് കൊല്ലും" എന്ന് ഉറക്കെ വിളിച്ചു പറയും. പെട്ടെന്ന് ദേഷ്യം വരും. പോസ്റ്റ്മാൻ വൈകിയ പ്പോയാൽ, ചായ തണുത്തുപോയാൽ എല്ലാം അയാൾ പൊട്ടിത്തെറിക്കും. സഹജീവിതം ദുസ്സഹമായപ്പോൾ ഭാര്യ വിവാഹ മോചനം നേടി. ഒരു ജപ്പാൻകാരനെ കണ്ടാൽ എറിക് പേടിച്ചു വിറക്കും. ഒരിക്കൽ ബാങ്കിൽ നിന്ന് ഇറങ്ങി ഓടി. ബാങ്ക് മാനേജർ ജപ്പാൻകാരനായിരുന്നു. എറിക്കിനെ ചികിത്സിച്ചിരുന്ന നഴ്സിന് കാര്യങ്ങൾ മനസ്സിലായി. യുദ്ധത്തടവിൽ നിന്നും മോചിതനായി വന്ന എറിക്കിന്റെ മാനസികാവസ്ഥ മനസ്സി ലാക്കിയ പാറ്റിവാലസ് എന്ന നഴ്സ് എറിക്കിനെ വിവാഹം കഴിച്ചു. എറിക്കിനേയും തക്കാഷിയേയും നേരിൽ കണ്ടുമുട്ടിക്കാൻ ഒരവസരം ലഭിക്കുക യാണെങ്കിൽ എറിക്കിന്റെ അക്രമാസക്തമായ സ്വഭാവം മാറുമെന്ന് പാറ്റിവാലസിനറി യാമായിരുന്നു. പാറ്റിയുടെയും എറിക്കിന്റേയും 10-ാം വിവാഹ വർഷികത്തിൽ 1993 ൽ അവർ രണ്ടുപേരും ബാങ്കോക്കിലേക്ക് പുറപ്പെട്ടു. യുദ്ധ മൂസിയത്തിൽ പലതും കണ്ടുകൊണ്ടിരിക്ക യായിരുന്നു പാറ്റിയും എറിക്കും. അകലെ നിന്നും ഒരു വൃദ്ധൻ നടന്നു വരുന്നു. എറിക്കിന്റെ അടുത്തു വന്നിട്ട് പറഞ്ഞു. "എനിക്ക് വളരെ ദുഃഖമുണ്ട് നിങ്ങളെ ഉപദ്രവിച്ചതിൽ എനിക്ക് മാപ്പ് തരൂ" അയാൾ എറിക്കിനെ കെട്ടിപ്പിടിച്ചു കരയാൻ തുടങ്ങി. എറിക് ആ വൃദ്ധന്റെ കണ്ണുകളിലേക്ക് സൂക്ഷിച്ച് നോക്കി. പരിചയമുള്ള കണ്ണുകൾ. ഓർമ്മകൾ വർഷങ്ങൾ പിന്നിലേക്ക് കൊണ്ടു പോയി. എറിക് തിരിച്ചറിഞ്ഞു ഇതാണ് ഞാൻ ശ്വാസം മുട്ടിച്ച് കൊല്ലാൻ സ്വപ്നം കാണുന്ന തക്കാഷീ. അവർ തമ്മിലുള്ള മഞ്ഞുമലകൾ ഉരുകി. അവർ പരസ്പരം കെട്ടിപ്പിടിച്ചു. എറിക് മാപ്പു കൊടുത്തു. ഇനി നമ്മൾ സുഹൃത്തുക്കളാണ് പരസ്പരം പറഞ്ഞു. ഈ കൂടികാഴ്ച എറിക് അറിയാതെ പാറ്റിവാലസ് ഒരുക്കിയതാണ്. (തക്കാഷീ 2011 ൽ മരിച്ചു. എറിക് 2012 ൽ മരിച്ചു) എല്ലാ വൈരാഗ്യങ്ങളും വിദ്വേഷങ്ങളും തീർത്തിട്ടാണ് അവർ മരിച്ചത്. പകരം വീട്ടാൻ ഇനി ഒരു ജന്മം എടുക്കേണ്ട തില്ലല്ലോ. ഈ ജീവിതത്തിലെ ഓരോ അനുഭവങ്ങളും ഓരോ നിയോഗങ്ങളാണ് മദ്യപാനിയായ ഭർത്താവും, രോഗിയായ ഭാര്യയും അനുസരണയില്ലാത്ത മക്കളും സ്നേഹമില്ലാത്ത അച്ഛനമ്മമാരും, ഈ നിയോഗങ്ങൾ ഏറ്റു വാങ്ങാൻ കഴിഞ്ഞ ജന്മത്തിൽ നിന്നും ഉരിത്തിരിഞ്ഞു വന്ന് ജന്മമെടുത്തവരാണ്. ഇതറിഞ്ഞാൽ പിന്നെ ദുഃഖത്തിന്റേയോ ദേഷ്യത്തിന്റേയോ ചിന്തകൾ ഉദിക്കുന്നില്ല.

ഈ ഭൂമി സൃഷ്ടിച്ചിരിക്കുന്നത് എത്ര മനോഹരമായിട്ടാണ്. വികാരങ്ങളെ അനുഭവിച്ച റിയാം. ബന്ധങ്ങളെ അനുഭവിച്ചറിയാം, സ്നേഹിക്കാം സന്തോഷിക്കാം, ആനന്ദിക്കാം,

പൂക്കളുടെ സുഗന്ധം അനുഭവിക്കാം. ശിശുവിന്റെ മൃദുലമായ ചർമ്മം തൊട്ടറിയാം, പ്രകൃതി സൗന്ദര്യം ആസ്വദിക്കാം, നല്ല സംഗീതം കേൾക്കാം. ഇതാണ് ഉദ്ദേശിച്ചിട്ടുള്ളത്. എത്ര മനോഹരമായ ഒരു പഠന മുറി. ഇത് പരിപാലിക്കേണ്ടത് നമ്മളാണ്. ഈ പഠന മുറിയെ കാത്തു സൂക്ഷിക്കുക എന്നത് വരും കാലങ്ങളിൽ ശ്രമകരമായിരിക്കും. ഒറ്റക്കൊരാൾ വിചാരിച്ചാൽ സാദ്ധ്യമാകുകയില്ല എങ്കിലും നമ്മളുടെ ലക്ഷ്യമതായിരിക്കട്ടെ. എല്ലാവരുടെയും ആത്മാക്കൾക്ക് ഒരുപ്രായമാണ് - അതായത് ഒരേ പ്രായമില്ലായ്മയാണ്; എന്തുകൊണ്ടെന്നാൽ പ്രായം എന്നു പറയുമ്പോൾ സമയം എന്ന ഘടകം വരുന്നുവല്ലോ. അനശ്വരതയ്ക്കുള്ള യാത്രയിൽ ചില ആത്മാക്കൾ വേഗം പുരോഗമിക്കുന്നു. ഉദാഹരണത്തിന് സദ്ദാം ഹുസൈൻ മൂന്നാം ക്ലാസിലായിരുന്നുവെങ്കിൽ ദലായ്ലാമ ഗ്രാഡുവേഷൻ കഴിഞ്ഞയാളാണ്. സ്വന്തം പ്രയത്നം കൊണ്ടുമാത്രമാണ് ഈ പഠനം പുരോഗമിക്കുന്നത്. നമ്മുടെ ഇഷ്ടങ്ങൾക്കനുസരിച്ചുള്ള ഭക്ഷണം നമ്മൾ കഴിക്കുന്നു. നമുക്ക് ഇഷ്ടമുള്ള കാർ നമ്മൾ വാങ്ങുന്നു. നമ്മുക്കിഷ്ടമുള്ള വസ്ത്രങ്ങൾ വാങ്ങുന്നു. നമുക്കിഷ്ടമുള്ള പോലെ ഒഴിവു സമയം ചിലവാക്കുന്നു. നമ്മെ സ്നേഹിക്കുന്ന അച്ഛനമ്മമാരുടെ സന്താനങ്ങളായി ജനിക്കുന്നു. ഇഷ്ടമുള്ളപോലെ ബന്ധങ്ങൾ സ്ഥാപിക്കുന്നു. അതുപോലെ മറ്റുള്ളവരെ സ്നേഹിക്കുന്നു. എല്ലാം ഒരു പരസ്പര നിയോഗമാണ്. എല്ലാവരോടും സഹാനുഭൂതിയുണ്ടാകാനുള്ള കഴിവ് നമുക്ക് വളർത്തിക്കൂടെ?

അടുത്ത നല്ല ജന്മത്തിലേക്ക് എങ്ങിനെ തയ്യാറെടുക്കാം? നമുക്ക് ആത്മസംതൃപ്തി തരുന്ന ചെറിയ ചെറിയ സൽപ്രവർത്തികൾ ചെയ്തുകൂടെ? സ്വാർത്ഥതക്കു പകരം മഹാമനസ്കത വളർത്തിക്കുടെ? മറ്റുള്ളവരെപ്പറ്റിയുള്ള മുൻവിധികൾ മാറ്റി ആദരിക്കുവാൻ ശ്രമിച്ചുകൂടെ? ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ആത്മാവിനെ പരിപോഷിപ്പിക്കുന്ന നല്ല നല്ല തീരുമാനങ്ങൾ എടുത്തുകൂടെ? പുലിറ്റ്സർ സമ്മാനജേതാവായ ജോൺ മാക്ക് M D (ഹാർവാഡ് യൂണിവേഴ്സിറ്റി) ഇങ്ങനെ പറയുന്നു "നമ്മൾ ശാസ്ത്രവും, മനശാസ്ത്രവും, ആത്മീയതയും മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ സംയോജിച്ച് വരുന്ന ഒരു പ്രക്രിയക്ക് സാക്ഷ്യം വഹിച്ചു കൊണ്ടിരിക്കുകയാണ്. പരമമായ സത്യവും അകൈതവമായ സ്നേഹവും അപ്രാപ്യമായ ഒന്നല്ല. ബോധത്തിന്റെ പല തലങ്ങളെ അന്തസത്തയിലേക്കും അതിന്റെ സാധാരണ അതിരുകൾക്കപ്പുറത്തേക്കും നീട്ടാൻ സാധിക്കും.ആ അന്തസത്തയെ ഞാൻ ആത്മാവ് എന്ന് വിളിക്കുന്നു". നമ്മൾ അനശ്വരരാണ്. നമ്മൾ നിത്യരാണ്. ആത്മാവ് ഒരിക്കലും മരിക്കുന്നില്ല. അനശ്വരത നമുക്ക് കിട്ടിയ അനുഗ്രഹമാണെന്നറിഞ്ഞുകൊണ്ട് നമുക്ക് പ്രവർത്തിക്കാം. കുറച്ചുകൂടി ലളിതമായി പറഞ്ഞാൽ അനശ്വരതയിലേക്ക് നമുക്ക് തയ്യാറെടുക്കാം. ഇവിടെ, ഇപ്പോൾ, ഇന്ന് നാളെ, ഓരോദിവസവും, ഇനിയുള്ള ജീവിത കാലമത്രയും അങ്ങിനെ തയ്യാറെടുക്കുകയാണെങ്കിൽ ഈ പരിണാമ സോപാനത്തിൽ ആത്മാവ് കൂടുതൽ പരിപോഷിക്കപ്പെടുന്നു. കുറെക്കൂടി ഉയർന്ന തലത്തിൽ എത്തുന്നു. തയ്യാറല്ലെങ്കിൽ ഈ ജീവിതനില തുടർന്ന് ജീവിതം പുനരാവർത്തിക്കപ്പെടുന്നു. നല്ല കാര്യങ്ങൾ അടുത്ത ജന്മത്തിലേക്ക് മാറ്റി വയ്ക്കുന്നു - ഈ ജന്മത്തിൽ ചെയ്യാമായിരുന്നിട്ടും. അനശ്വരരായ നമ്മൾ എങ്ങിനെ പ്രവർത്തിക്കണം. എങ്ങിനെ നല്ല ബന്ധങ്ങൾ സ്ഥാപിക്കാം, നിലനിർത്തി കൊണ്ടുപോകാം എന്ന് നമുക്ക് പഠിക്കാം. എങ്ങിനെ കൂടുതൽ സ്നേഹിക്കാം എന്ന് പഠിക്കാം. എങ്ങിനെ അനുകമ്പയും സഹാനുഭൂതിയും ഉണ്ടാകാം എന്നു പഠിക്കാം. ശാരീരികമായും, ആത്മീയമായും, മാനസിക മായും വൈകാരികമായും നല്ല ആരോഗ്യം എങ്ങിനെ നിലനിർത്താം എന്ന് പഠിക്കാം. മറ്റുള്ള വരെ എങ്ങിനെ സഹായിക്കാം എന്നു പഠിക്കാം. ഈ ലോകം എങ്ങിനെ ആസ്വദിക്കാമെന്ന് പഠിക്കാം. ആത്മപരിപോഷണത്തിലേക്കുള്ള സോപാനത്തിൽ കുറച്ചു പടികൾ കൂടി കയറാം. അങ്ങിനെ അനശ്വരതയിലേക്ക് തയ്യാറെടുക്കുമ്പോൾ ഭയങ്ങൾ അകന്നു പോകുന്നു. നമ്മളെപ്പറ്റി കൂടുതൽ മതിപ്പ് തോന്നുന്നു. ആത്മീയമായി വളരുന്നു. ഓരോ നിമിഷവും ഭാവി ജന്മങ്ങളിലെ ജീവിതത്തെ കൂടി പരിപോഷിപ്പിച്ചുകൊണ്ടിരിക്കുന്നു. ഓർക്കുക നമ്മൾ അനശ്വരരാണ്. ആത്മാവ് മരിക്കുന്നില്ല. അനശ്വരമാണ്.

*(അവസാനിച്ചു)*

■



# മുത്തശ്ശിയും കൊച്ചുമക്കളും



പാർവ്വതി നായർ

മുത്തശ്ശിയും കൊച്ചുമക്കളും തമ്മിലുള്ള പവിത്രമായ ബന്ധം അനുഭവിക്കാത്തവർ വളരെ ചുരുക്കമാണ്. അതിന്റെ ആഴം അളക്കാൻ ആർക്കും കഴിയില്ല. കൊച്ചുമക്കൾക്ക് മിക്കവർക്കും അമ്മമാരെക്കാൾ മുത്തശ്ശിയെയായിരിക്കും കൂടുതൽ ഇഷ്ടവും അടുപ്പവും. കുസൃതി കാണിക്കുമ്പോഴും വാശി പിടിക്കുമ്പോഴെുമൊക്കെ അമ്മമാർ ദേഷ്യപ്പെടുകയും തല്ലുകയും ഒക്കെ ചെയ്യും. പക്ഷെ മുത്തശ്ശിക്ക് നല്ല ക്ഷമയുണ്ടാകും. അവര് അമ്മമാരെ ശാസിക്കുകയും ശകാരിക്കുകയും ചെയ്യും. കൊച്ചു മക്കൾക്ക് സന്തോഷമാകും. അമ്മമാർക്കു മറ്റ് ജോലികളും ഉത്തരവാദിത്വ ങ്ങളും ഒക്കെ ഉണ്ടാകും. അതുകാരണം കുട്ടികളുടെ കൂടെ ചിലവഴിക്കാൻ അധികം സമയം അവർക്ക് കിട്ടുകയില്ല. നല്ല നല്ല ഗുണപാഠങ്ങൾ ഉള്ള കഥകൾ പറഞ്ഞു കൊടുക്കുന്നത് മുത്തശ്ശിയായിരിക്കും. കുഞ്ഞുങ്ങൾക്ക് പുരാണ കഥകൾ പറഞ്ഞു കൊടുക്കുന്നതും മുത്തശ്ശിയായിരിക്കും. അത് മനസ്സിൽ മായാതെ കിടക്കുകയും ചെയ്യും.

'മുത്തശ്ശി' എത്ര സുന്ദരമായ പദം. അങ്ങിനെ വിളിക്കുമ്പോൾ തന്നെ മനസ്സിൽ ഒരു സുരക്ഷിതത്വം അനുഭവപ്പെടും. മുത്തശ്ശി ഇപ്പോ 'ഗ്രാനി'യായി മാറി കഴിഞ്ഞു. എന്റെ മുത്തശ്ശിയെ ഞാൻ നന്ദിയോടെയും സ്നേഹത്തോടെയും എന്നും ഓർക്കാറുണ്ട്. ഒരു കുഞ്ഞിന്റെ ജനനം മുതൽ എന്തിന് ജനനം തന്നെ ഏറ്റവും കൂടുതൽ കാത്തിരിക്കുന്നതും അവരുടെ ആയുരാരോഗ്യത്തിനായി പ്രാർത്ഥിക്കുന്നതും ഒരു പക്ഷെ മുത്തശ്ശിയായിരിക്കും.

മുത്തശ്ശിമാർ തരുന്ന സ്നേഹവും വാത്സല്യവും വളർന്നു വരുമ്പോൾ ഞങ്ങൾക്കും വേണമെന്ന് ഏതൊരാളും ആഗ്രഹിക്കും. അതിന് അവരെ പ്രാപ്തരാക്കേണ്ടത് അച്ഛനമ്മമാരാണ്. ഒരു കുടുംബത്തിന്റെ ഐശ്വര്യമായി അച്ഛനും അമ്മയും തന്റെ മുത്തശ്ശിയെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നത് കാണുന്ന കുട്ടി, തനിക്ക് നല്ല വാക്ക് ഓതി തന്ന തന്റെ പാരമ്പര്യം മനസ്സിലാക്കി തന്ന, തെറ്റ് ചെയ്താലും സ്നേഹത്തോടെ തിരുത്തി തന്ന തന്റെ മുത്തശ്ശിയെ വേണ്ട രീതിയിൽ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യും.


പ്രശസ്ത കവി ഒ.എൻ.വി. കുറുപ്പിന്റെ ഈ വരികൾക്ക് മേലെ വേറെ യാതൊന്നുമില്ല മുത്തശ്ശിയും കുഞ്ഞും തമ്മിലുള്ള ബന്ധത്തെ വർണ്ണിക്കാൻ.

"പ്ലാവിലകോട്ടിയ കുമ്പിളിൽ തുമ്പതൻ
പൂവുപോലിത്തിരിയുപ്പുതരിയെടു-
ത്താവി പാറുന്ന പൊടിയരികഞ്ഞിയിൽ
തൂവി പതുക്കെ പറയുന്ന മുത്തശ്ശി
ഉപ്പുചേർത്താലെ രുചിയുള്ളു കഞ്ഞിയിൽ
ഉപ്പുതരി വീണലിഞ്ഞുപോം-
മട്ടിലുണ്ണി നിൻമുത്തശ്ശിയും നിന്ന
നില്പിലൊരുന്നാൾ മറഞ്ഞുപോം എങ്കിലും
നിന്നിലെയുപ്പായിരിക്കുമേ മുത്തശ്ശി
യെന്നുംഎന്നുണ്ണിയെവിട്ടെങ്ങു പോകുവാൻ"

എന്റെ മുത്തശ്ശിയെ കുറിച്ച് ഓർത്തു പോകുകയാണ്. തിരുവാതിര ചുവട് പഠിപ്പിച്ചു തന്നത് മുത്തശ്ശിയാണ്. ഞാനും എന്റെ മുത്തശ്ശിയും ആയി നല്ല അടുപ്പത്തിലായിരുന്നു. എന്നെ വളരെ ഇഷ്ടമായിരുന്നു. നല്ല ഒരു മുത്തശ്ശിയെ തന്ന ജഗദീശ്വരനോട് നന്ദി പറയുന്നു. മുത്തശ്ശി മൺ മറഞ്ഞു പോയെങ്കിലും എന്റെ മുത്തശ്ശിയെ എന്നും ഓർക്കാറുണ്ട്.

ഈ കാലഘട്ടത്തിൽ കുട്ടികൾ യാന്ത്രിക ജീവിതം നയിക്കുമ്പോൾ അവർക്ക് മുത്തശ്ശി ഒരു അനുഗ്രഹം തന്നെയാണ്. മുത്തശ്ശി ആയിട്ടുള്ള സമ്പർക്കം മൂലം അവർക്ക് സമാധാന ജീവിതം നയിക്കുവാൻ പറ്റുന്നു. സന്ധ്യക്ക് വിളക്കു കൊളുത്തി മുത്തശ്ശി കൊച്ചു മക്കളെ പിടിച്ച് ഇരുത്തി നാമം ജപിക്കുന്നു പിന്നീട് കുട്ടികൾക്ക് പുരാണകഥകൾ പറഞ്ഞു കൊടുക്കും. അങ്ങിനെ മുത്തശ്ശിയും ആയി നല്ല അടുപ്പം വരും. അങ്ങിനെ ഒരു കാലം വരാൻ നമുക്ക് ജഗദീശ്വരനോട് പ്രാർത്ഥിക്കാം. ■

# ഡാർവിനും പരിണാമസിദ്ധാന്തവും പിന്നെ മാൽത്തുസും



സി. രാമചന്ദ്രൻ

ലോകം ഇരുപതാം നൂറ്റാണ്ടിന്റെ പടിവാതിക്കൽ എത്തുമ്പോഴേക്കും പ്രബുദ്ധ ലോകസമൂഹത്തിന്റെ കാഴ്ചപ്പാടുകളിലും, ദർശനങ്ങളിലും, വിപ്ലവകരമായ മാറ്റങ്ങൾ സംഭവിച്ചു കഴിഞ്ഞിരുന്നു. ദൂരദർശിനിയും, സൂക്ഷ്മദർശിനിയും നൽകിയ പുതിയ കാഴ്ചകളും ഇതിന് പ്രചോദനമേകിയിരുന്നു. ഇതിനെല്ലാം നിമിത്തമായത് മൂന്നു പ്രതിഭകൾ പത്തൊൻപതാം നൂറ്റാണ്ടിൽ മുന്നോട്ടു വച്ച ആശയങ്ങളായിരുന്നു. പദാർത്ഥങ്ങളെ അവയുടെ അടിസ്ഥാന കണികയായ ആറ്റങ്ങളുടെ ഘടനയുടെയും, സ്വഭാവത്തിന്റെയും അടിസ്ഥാനത്തിൽ വർഗ്ഗീകരിച്ച് ആവർത്തനപ്പട്ടികയുണ്ടാക്കിയ റഷ്യൻ ശാസ്ത്രജ്ഞൻ മെന്റലീഫ്, ഏകകോശ ജീവികൾ മുതൽ മനുഷ്യൻ വരെയുള്ള ജൈവജാതികളെ പരിണാമത്തിന്റെ അടിസ്ഥാനത്തിൽ വർഗ്ഗീകരിച്ച ഇംഗ്ലീഷുകാരൻ ഡാർവിൻ, ജൈവജാതികളിൽ അവസാനത്തേതായ മനുഷ്യൻ സാമൂഹ്യ സാമ്പത്തിക ജീവിതത്തിലൂടെ കടന്നുപോയ പരിണാമദശകളെ വിശദീകരിക്കുന്ന ജർമ്മൻകാരനായ മാർക്സ് എന്നിവരാണ് ഇവർ. ചിന്തകളിൽ വിപ്ലവത്തിനു തിരികൊളുത്തിയ മറ്റൊരു ചിന്തകനായ മനശാസ്ത്രജ്ഞൻ ഫ്രോയിഡിന്റെ സിദ്ധന്തങ്ങളുണ്ടാകുന്നതു ഇതിനെല്ലാം ശേഷം ഇരുപതാം നൂറ്റാണ്ടിലാണ്. ഐൻസ്റ്റൈന്റേതുമതെ.

വിജ്ഞാനത്തിന്റെ പാരമ്പര്യമുള്ള ഒരു കുടുംബത്തിലാണ് ഡാർവിൻ ജനിച്ചത്. അദ്ദേഹത്തിനുശേഷവും ആ പാരമ്പര്യം നിലനിന്നു. വാസ്തവത്തിൽ ആ കുടുംബത്തിൽ പഠിത്തത്തിൽ ശ്രദ്ധയില്ലായിരുന്ന ഒരു വിദ്യാർത്ഥിയായിരുന്നു ചാൾസ് ഡാർവിൻ; ഉപയോഗമില്ലാത്ത കാര്യങ്ങൾ ശ്രദ്ധിച്ച് സമയം കളയുന്ന ഒരു കുട്ടി. അതു കൊണ്ട്. പിന്നീട് കേംബ്രിഡ്ജ് സർവ്വകലാശാലയിൽ ദൈവശാസ്ത്രം (Theology) പഠിക്കുവാനാണ് നിയോഗിക്കപ്പെട്ടത്. ദൈവങ്ങളെയും ദൈവദൂതരേയും ദൈവജ്ഞരേയും കുറിച്ച് പഠിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിനു താല്പര്യം ഭൗമശാസ്ത്രത്തിലായിരുന്നു. ബിരുദം നേടിയശേഷം പാറകളേയും അസ്മകങ്ങളെയും (Focil) കുറിച്ചുള്ള പഠനങ്ങളിലാണ് അദ്ദേഹം വ്യാപൃതനായത്.

HMS ബീഗിൾ എന്ന ഒരു കപ്പൽ തെക്കേ അമേരിക്കൻ ദ്വീപസമൂഹങ്ങളിലേക്ക് ഒരു പ്രകൃതി പഠന പര്യടനം നടത്തിയതിൽ ഒരു ശാസ്ത്രവിദ്യാർത്ഥി എന്ന നിലയിൽ ഡാർവിന് അവസരം ലഭിച്ചു. അന്ന് ഡാർവിന് 22 വയസ്സാണ്. അച്ഛനമ്മമാരുടെ സമ്മതമില്ലാതെ ഒന്നും ചെയ്യുവാൻ ഡാർവിൻ ഒരുക്കമല്ലായിരുന്നു. വളരെ നിർബന്ധത്തിനുശേഷമാണ് അച്ഛൻ അവസാനം വഴങ്ങിയത്. ചിലവിന് ധനവും നൽകി. യാത്രയിൽ വായിക്കുവാൻ രണ്ടു പുസ്തകങ്ങളാണ് അദ്ദേഹം കൈവശം വച്ചിരുന്നത്. ഒന്ന് ബൈബിളും മറ്റേത് പ്രിൻസിപ്പിൾസ് ഓഫ് ജിയോളജി എന്ന ചാൾസ് ലൈൽ എന്ന ഭൗമശാസ്ത്രജ്ഞന്റെ പുസ്തകവുമായിരുന്നു. രണ്ടു വർഷത്തേക്ക് പരിപാടിയിട്ടിരുന്ന കപ്പൽ പദ്ധതി 1831 ൽ ആരംഭിച്ച് അഞ്ചുവർഷത്തിനുശേഷം 1836 ലാണ് ഇംഗ്ലണ്ടിൽ തിരിച്ചെത്തിയത്. തെക്കേ അമേരിക്കയിൽ നിന്ന് ശാന്തസമുദ്രം കടന്ന് ന്യൂസിലാന്റ്, ആസ്ട്രേലിയ, സൗത്ത് ആഫ്രിക്ക, തെക്കേ അമേരിക്ക എന്നിവിടങ്ങളിലെല്ലാം കറങ്ങിയ ശേഷമാണ് ഇംഗ്ലണ്ടിൽ തിരിച്ചെ

ത്തിയത്. ആ യാത്രയെക്കുറിച്ച് ഡാർവിൻ കാവ്യാത്മകമായ ഒരു പുസ്തകം രചിച്ചിട്ടുണ്ട് - 'വയജ് ഓഫ് ബീഗിൾ'.

തെക്കേ അമേരിക്കയുടെ പടിഞ്ഞാറൻ കടലിൽ സ്ഥിതിചെയ്യുന്ന ഗാലപ്പോസ് ദ്വീപ സമൂഹത്തിൽ നിന്നും അനേകം ജൈവമാതൃകകൾ കാണുവാനും പരിശോധിക്കുവാനും ശേഖരിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. പ്രകൃതിയുടെ പ്രകൃതത്തിന്റെ പ്രതിഫലനമെന്ന നിലയിൽ പരിണാമത്തെക്കുറിച്ചുള്ള ആശയങ്ങൾ പരിപുഷ്ടമാക്കുന്നതിന് അത് അദ്ദേഹത്തിന് അവസരം നൽകി. ഇരുപത്തിമൂന്നു വർഷത്തെ ഗഹനമായ പഠനത്തിനുശേഷമാണ് ഡാർവിൻ തന്റെ ഗവേഷണഫല ങ്ങൾ പ്രസിദ്ധീകരിക്കുന്നത്. അതിൽ ഊന്നിയ രണ്ടു പ്രധാനകാര്യങ്ങൾ ആറ്റിക്കുറുക്കിയ രൂപത്തിൽ പറഞ്ഞാൽ ഇതാണ്.

1) സസ്യങ്ങളായാലും ജന്തുക്കളായാലും അതു പരിണമിക്കുന്നത് അതിനേക്കാൾ പ്രാകൃതാവസ്ഥയിലുള്ള മുൻഗാമികളിൽ നിന്നാണ്.

2) പ്രകൃതി നിർദ്ധാരണ(Natural Selection)ത്തിലൂടെയാണ് നിലനില്പിനു യോഗ്യമായ പുതിയ ജൈവ രൂപങ്ങളുണ്ടാകുന്നത്.

ഫ്രഞ്ച് ശാസ്ത്രജ്ഞനായ ലാമാർക്ക് എന്ന പ്രകൃതി ശാസ്ത്രജ്ഞൻ 1800 ൽ തന്നെ ഇതിനോടടുത്ത ഒരു സിദ്ധാന്തം പ്രസിദ്ധീകരിച്ചിരുന്നു. ഡാർവിന്റെ തന്നെ മുത്തച്ഛൻ എറാസ്മസ് ഡാർവിൻ ഈ ആശയം മുന്നോട്ടു വച്ചിട്ടുണ്ടായിരുന്നു. എന്നാൽ വ്യക്തമായ ഉദാഹരണങ്ങളിലൂടെയും തെളിവുകളിലൂടെയും ബോധ്യപ്പെടത്തക്ക വാദഗതികളിലൂടെയും അടുക്കടുക്കായി കാര്യങ്ങൾ അവതരിപ്പിച്ചത് ഡാർവിനാണ്. അതിനു മുൻപ് ഇമ്മാതിരി കാര്യങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽ വരുകയോ പള്ളിക്കു ഭീഷണിയായിരിക്കുകയൊ ചെയ്തിരുന്നില്ല. പള്ളി എതിർത്തുതുകൊണ്ടു കൂടിയാണ് പരിണാമസിദ്ധാന്തിന് വമ്പിച്ച പ്രചാരം ലഭിച്ചത്. ബൈബിളിലെ കാലഗണനപ്രകാരം ദൈവത്തിന്റ ആറു ദിവസത്തെ പരിശ്രമത്തിനുശേഷമുണ്ടായ ആദാമിനും അവ്വയ്ക്കും ശേഷം അവരുടെ പരമ്പരകളും ആയുസ്സ് കണക്കാക്കുമ്പോൾ ഏതാണ്ട് 6000 വർഷങ്ങൾക്കു മുൻപാണ് ലോകമുണ്ടായത്. ഡാർവിന്റെ കണക്കിൽപോലും മുപ്പതുകോടി വർഷത്തെ പഴക്കമേയുള്ളൂ. എന്നാൽ ആധുനിക ശാസ്ത്രത്തിന്റെ കണക്കിൽ പ്രപഞ്ചം1350 കോടി വർഷങ്ങൾക്കു മുൻപും സൗരയൂഥം 500 കോടി വർഷങ്ങൾക്കു മുൻപുമാണുണ്ടായത്. മനുഷ്യ സംസ്കാരത്തിൽ മതങ്ങൾ ഉരുത്തിരിഞ്ഞു വന്ന കാലഘട്ടത്തിൽ കോടിയും കോടികളുമെല്ലാം സങ്കല്പത്തിനുമപ്പുറം വിദൂരതയിലുള്ള സംഖ്യകളാണ്.

കപ്പൽ യാത്രക്കുശേഷം തിരിച്ചെത്തിയ ഡാർവിന്റെ ചിന്തകളെ മഥിക്കാനിടയാക്കിയ ഒരു സിദ്ധാന്തം അദ്ദേഹത്തിന്റെ അറിവിലേക്ക് കടന്നു വന്നു. ഒരു സാമൂഹ്യ ശാസ്ത്രജ്ഞനായ തോമസ് മാൽത്തുസ് എന്ന ചിന്തകന്റെ 'ജനസംഖ്യാ വർദ്ധനവിന്റെ തത്വങ്ങളെക്കുറിച്ച ഒരു പ്രബന്ധം' എന്ന ഉപന്യാസമായിരുന്നു അത്. മാൽത്തുസിനും പ്രസ്തുത ആശയത്തിന്റെ ബീജം ലഭിച്ചത് ഒരു അമേരിക്കൻ ഭൗതിക ശാസ്ത്രജ്ഞനായ ബഞ്ചമിൻ ഫ്ളങ്ക്ളനിൽ നിന്നാണ്. ജൈവജാതികൾ പരസ്പരം സംഖ്യാപരമായ ബലാബലം നിലനിർത്തുന്നതുകൊണ്ടാണ് ഏതെങ്കിലുമൊന്ന് ക്രമാതീതമായി പെരുകുവാൻ ഇടയാക്കാത്തത്. അഥവാ അങ്ങിനെ പെരുകിയാൽ പ്രകൃതിയുടെ ജൈവ സന്തുലിതാവസ്ഥ ഇല്ലാതാകുകയും പ്രകൃതി താറുമാറാകുകയും ചെയ്യും. പ്രകൃതിയുടെ നിയമങ്ങൾ മനുഷ്യൻ മനസ്സിലാക്കുകയും തൻമയത്വ ത്തോടെ പ്രവർത്തിക്കുകയും ചെയ്യുന്നതുമൂലമാണ് അഭൂതപൂർവ്വമായ ജനസംഖ്യാ വർദ്ധനവ് ഉണ്ടാകുന്നത്. ഇന്ന് ഇത് മാൽത്തുസിന്റെ കണക്കുകൂട്ടലുകളെയും കടത്തി വെട്ടുന്നതാണ്. ഭക്ഷ്യവസ്തുക്കൾ സമാന്തരശ്രേണിയിൽ (Arithmetical Progression) വളരുമ്പോൾ ജനസംഖ്യ ഗുണോത്തരശ്രേണിയിൽ (Geometric Progression) വളരുന്നു എന്നാണ് മാൽത്തുസിന്റെ സാമ്പത്തിക ശാസ്ത്രസിദ്ധാന്തം.

ഇന്ന് ഭൂമിയിൽ നിലനില്ക്കുന്ന ജനസംഖ്യക്ക് ജീവിക്കാനാവശ്യമായതിന്റെ മൂന്നിൽ രണ്ട് വിഭവങ്ങളെ ഇവിടെയുള്ളൂ. ജീവിക്കാനുള്ള വ്യഗ്രതയിൽ അവന് കാടുകൾ വെട്ടിതെളിക്കേണ്ടതായും, കടലിൽ ട്രോളിംങ്ങ് നടത്തേണ്ടതായും കുന്നുകൾ നിരത്തേണ്ടതായും പാറകൾ പിളർക്കേണ്ടതായും, പാടങ്ങൾ നിരത്തേണ്ടതായും, പെട്രോൾ ഉറ്റേണ്ടതായും കൽക്കരി കുഴിച്ചെടുക്കേണ്ടതായും വരുന്നു. ഇത് ആത്മഹത്യാപരമാണെന്ന് പറയാതെ നിവൃത്തിയില്ല. ഒരു പരിധിവരെ മാത്രമേ ഇത് പ്രകൃതി സമ്മതിച്ചു കൊടുക്കൂ. പ്രകൃതിക്ഷോഭത്തെ ക്ഷണിച്ചു വരുത്തുന്നത് ജനസംഖ്യയാണ്.

അവികസിതരാജ്യങ്ങളിലാണ് ജനസംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നത്. മതങ്ങളുടെ സ്വാധീനവും വിദ്യാഭ്യാസത്തിന്റെ കുറവും ദാരിദ്ര്യത്തിന്റെ തീഷ്ണതയുമാണിതിനു കാരണം. ചേരികളിലാണ് ജനം പെറ്റുപെരുകുന്നതെന്ന് പ്രത്യേകം ശ്രദ്ധിക്കണം ഇത് ആപത്താണ്, ഇത് ആപത്തല്ല എന്നൊന്നുമാലോചിച്ചല്ല പ്രകൃതിയുടെ പ്രതിഭാസങ്ങളുണ്ടാകുന്നത്. മനുഷ്യന്റെ വീക്ഷണത്തിലാണ് ചിലത് ആപത്തും ചിലത് അനുഗ്രഹവുമായി മാറുന്നത്. ഉച്ചകോടികൾ നടത്തിയതുകൊണ്ടു വിശേഷമില്ല. തീരുമാനങ്ങൾ നടപ്പിലാക്കുവാൻ നിങ്ങൾക്ക് ആർജ്ജവമുണ്ടോ എന്നതാണ് പ്രശ്നം. അല്ലെങ്കിൽ അനുഭവിക്കുകതന്നെ ചെയ്യും. ■

കവിത

# ഒരു മുത്തശ്ശിക്കഥ

പറവൂർ ബാബു



എന്നും
വരുമായിരുന്നു
ഒരു ബലിക്കാക്ക
മുറ്റത്തെ
മുവ്വാണ്ടൻ മാവിൽ
മുത്തശ്ശിയെക്കാണാൻ.
മുത്തശ്ശിനൽകും
പലഹാരം
മതിയാകുവോളം
കാക്കയുടെ ഭാഷ
മുത്തശ്ശിയ്ക്കറിയാം.
മുത്തശ്ശിയുടെ ഭാഷ
കാക്കയ്ക്കും.
മാവിൻ കൊമ്പിലിരുന്ന്
വിരുന്നു വിളിക്കും കാക്ക.
വരാറുണ്ട്
വിരുന്നുകാർ
ആരെങ്കിലും.
അന്നും വന്നു
പതിവുതെറ്റിക്കാതെ
ബലിക്കാക്ക
മുത്തശ്ശിനൽകി
കാക്കയ്ക്ക് ഉണ്ണിയപ്പം.
അപ്പം തിന്ന്
കാക്കയിരുന്നു
മാവിൻകൊമ്പിൽ
മുത്തശ്ശിയോട്
ഉരിയാടാതെ
വിരുന്നുകാരൻ
വരുന്നവിവരം
പറയാതെ കാക്ക
പറന്നകന്നു
കരഞ്ഞുകൊണ്ട്
അന്ന്...
മുത്തശ്ശിയെത്തേടി
എത്തിയൊരു
വിരുന്നുകാരൻ
പോയി മുത്തശ്ശി
അയാളോടൊപ്പം
ത്രിസന്ധ്യയ്ക്ക്
മുവ്വാണ്ടൻ മാവുവെട്ടി
ചിതയൊരുക്കി
മുത്തശ്ശിയ്ക്ക്
തെക്കേ മുറ്റത്തെ
ചിതയിലെരിഞ്ഞു
മുത്തശ്ശി
അന്നുമുതൽ
എത്തിയില്ല ബലിക്കാക്ക
മുത്തശ്ശിയെത്തേടി. ■

## എറണാകുളം കരയോഗം

**ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2015 ജൂലൈ മാസത്തിൽ സംഭാവന നൽകിയവർ**

| | |
|---|---|
| 1. ശ്രീ. എം. ജയറാം, ചാക്യാട്ട് ഏജൻസീസ് പ്രൈ.ലിമിറ്റഡ്, സുബ്രഹ്മണ്യൻ റോഡ്, പോസ്റ്റ് ബോക്സ് 525, വില്യംങ്ടൺ ഐലന്റ്, കൊച്ചി 682003 | 25,000 |
| 2. ശ്രീ. വിജയൻ മേനോൻ, ശ്രേയസ്സ്, പള്ളിയിൽ ലെയ്ൻ, എറണാകുളം 682016 | 10,000 |
| 3. ശ്രീ. കിഷോർ, അംബുജ്, ദേവി കോളനി, ദിവാൻസ് റോഡ്, | 5,000 |
| 4. ശ്രീ. വി.കെ. ബലരാമൻ, ഫ്ളാറ്റ് നമ്പർ 602, നാഷണൽ എമ്പ്രസ് ഗാർഡൻ,വെണ്ണല | 5,000 |
| 5. ശ്രീമതി. എസ്, രാജേശ്വരി നായർ, H. No: XXVIII/215, സിന്ദൂരം ചിലവന്നൂർ, കൊച്ചി | 5,000 |
| 6. ശ്രീമതി. ഭവാനി. സി, ആതിര, ജസ്റ്റീസ് ലെയ്ൻ, വൈറ്റില, കൊച്ചി 682019 | 5,000 |

# ഒരിക്കൽ അവൾ പറഞ്ഞത്...



പറവൂർ രാജഗോപാൽ

ഒരിക്കൽ
എന്നോട് മാത്രമായി
അവൾ പറഞ്ഞു ;
ഓരോരോ ഇലകളായി
കൊഴിയാൻ തന്നെയാണ്
ഈ കിളിർപ്പുകൾ എന്ന്.

തുള്ളിതുള്ളിയായ് പൊടിഞ്ഞു -
പൊഴിഞ്ഞുതീരാനാണ്
അംബരം കടം കൊണ്ടൊരീ -
മുകിൽക്കീറുകളെന്ന്.

ഓരോ മൗനത്തിലുമാണ്ട്
മുഖം പൂഴ്ത്താനാണീ -
കാലത്തിന്റെ മുറ -
വിളികളോരോന്നുമെന്ന്.

ഓരോ തിരിവെട്ടകാന്തിയും
ഇരുളറ്റങ്ങളിൽ
പടർന്നുപൊലിയാൻവെമ്പും
കരിന്തിരിപടർപ്പുകൾ മാത്രമെന്ന്.

തിരയെടുത്തു-
മാഞ്ഞുപോകാൻ വിധിച്ചിട്ടുള്ളതാണ്
തീരത്തെന്നോ ആരോ വിരലാൽ
വരച്ചിട്ടൊരീ ലിപികൾഎന്ന്.

അടരാൻവെമ്പും
ദളപുടങ്ങളിലമർന്നു തേങ്ങും
വിറയാർന്ന അധരങ്ങൾ പോലും
നെടുവീർപ്പാക്കുന്നു ഇന്നും
കരളിൽ കാളും ധ്യാനമന്ത്രങ്ങൾ, എന്നും!

## വിശേഷദിവസങ്ങൾ

### ആഗസ്റ്റ് 16 മുതൽ സെപ്റ്റംബർ 15 വരെ

| | | |
|---|---|---|
| ആഗസ്റ്റ് | 17 | **കൊല്ലവർഷാരംഭം** |
| | 18 | വിനായക ചതുർത്ഥി |
| | 19 | അത്തചമയം, തൃക്കാക്കര വാമനമൂർത്തി ക്ഷേത്രത്തിൽ കൊടിയേറ്റ് |
| | 27 | **ഒന്നാം ഓണം. കരയോഗം ഓണംഫെയർ സമാപനം** |
| | 28 | **തിരുവോണം,** തൃക്കാക്കര വാമനമൂർത്തി ക്ഷേത്രത്തിൽ ആറാട്ട്, വാമനാവതാരം |
| | 30 | ശ്രീ നാരായണഗുരു ജയന്തി |
| | 31 | ആറൻമുള വള്ളം കളി |
| സെപ്റ്റംബർ | 3 | ചട്ടമ്പിസ്വാമി ജയന്തി |
| | 5 | അഷ്ടമിരോഹിണി,രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ അഷ്ടമിരോഹിണി മഹോത്സവം |
| | 15 | കൽക്കി അവതാരം |

# സംസ്കൃത ദിന ചിന്തകൾ

**ഡോ.എം.വി. നടേശൻ**
(അസോ: പ്രൊഫ. ശ്രീ ശങ്കരാചാര്യ
സംസ്കൃതസർവ്വകലാശാല കാലടി)

ഭാഷാശാസ്ത്രജ്ഞർ ലോകത്തിലെ ഭാഷകളെ പല കുടുംബങ്ങളായി തിരിച്ചിട്ടുണ്ട്. അതിൽ ഇന്തോ - യൂറോപ്യൻ എന്ന ഭാഷാഗോത്രമാണ് ഏറ്റവും പ്രാചീനവും ഒട്ടേറെ സവിശേഷതകളുള്ളതും. സംസ്കൃതമാണ് മേൽപ്പറഞ്ഞ ഭാഷാഗോത്രത്തിലെ പ്രമുഖ ഭാഷ. ചിന്തയെ പ്രതിഫലിപ്പിക്കുന്നതു മാത്രമല്ല ചിന്തയെ രൂപപ്പെടുത്തുന്നതും ഭാഷയാണെന്നാണ് ഭർത്തൃഹരിയുടെ ഭാഷാദർശനം. പാണിനിയും പതഞ്ജലിയും രൂപപ്പെടുത്തിയ സംസ്കൃതഭാഷയുടെ ഘടനാപരമായ സവിശേഷതകളെക്കുറിച്ച് ഏഷ്യാറ്റിക് സൊസൈറ്റിയുടെ സമ്മേളനത്തിൽ വെച്ച് സർ വില്യം ജോൺസിന്റെ (1786) പ്രസ്താവന ഭാഷയെക്കുറിച്ചുള്ള ലോക ചിന്തയിൽ പോലും കാതലായ മാറ്റം വരുത്തിയെന്നത് ചരിത്രമാണ്.

ഭാഷ എങ്ങനെ ഉച്ചരിക്കണം എങ്ങനെ ഉച്ചരിക്കരുത് എന്നതിനുമാത്രം ഒരു ശാസ്ത്രശാഖയായ ശിക്ഷ (Phoneties) ലോകത്തിലെ തന്നെ ആദ്യത്തെ അർത്ഥവിജ്ഞാനീയമായ നിരുക്തം (Etymology). വാക്യശാസ്ത്രമെന്ന് അപരനാമത്തിൽ അറിയപ്പെടുന്ന മീമാംസ. ഇവയെല്ലാം ഭാഷയെക്കുറിച്ച് ചിന്തിച്ചിട്ടുള്ള ജ്ഞാനശാഖകളിൽ ചിലതാണ്. ഇതിലടങ്ങിയിട്ടുള്ള സാഹിത്യം - ശാസ്ത്രം - ദർശനം - കല തുടങ്ങിയവ പ്രതിപാദിക്കുന്ന ശാഖകൾ വേറെയാണ്.

ഇങ്ങനെ വ്യത്യസ്തമായ വിജ്ഞാനങ്ങളാൽ സമ്പന്നമായ സംസ്കൃതത്തിന്റെ ചരിത്രം ഇന്നും തിട്ടപ്പെടുത്തിയിട്ടില്ല എന്നാൽ മാനവരാശിയുടെ ആദ്യത്തെ ഗ്രന്ഥമായ ഋഗ്വേദം സംസ്കൃതത്തിലാണ്. മറാഠി - ഹിന്ദി - അസമിയ - ഒഡിസി - പഞ്ചാബി - രാജസ്ഥാനി തുടങ്ങിയ ഉത്തരേന്ത്യൻ ഭാഷകൾക്ക് ജനനിയും, തമിഴ്, തെലുങ്ക്, കന്നട, മലയാളം തുടങ്ങിയ ദക്ഷിണേന്ത്യൻ ഭാഷകളുടെ പോഷകയുമാണ് സംസ്കൃതമെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. അതുപോലെ യോഗ, ആയൂർവേദം, വാസ്തു, വേദാന്തം, ഗീത, ഗണിതം തുടങ്ങിയ വിഷയങ്ങൾ ദീർഘകാലത്തെ പഠനത്താലും പ്രയോഗത്താലും അതിലെ ഗുണപരമായ വശങ്ങൾ അനുഭവവേദ്യമായതിന്റെ അടിസ്ഥാനത്തിൽ ഇവയെ ലോകം ഇന്ന് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ജൂൺ 21 അന്തർദേശീയ യോഗദിനമായി യു.എൻ പൊതുസഭ അംഗീകരിച്ചത് ഇതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്.

ഭാരതത്തിന്റെ ഭരണഘടനയിൽ എട്ടാം പട്ടികയിൽ (8th Schedule - Article 344 (1) 351)) ഉൾപ്പെട്ട ഇരുപത്തിനാല് ദേശീയ ഭാഷകളിൽ ഒന്നായ സംസ്കൃതം ഇന്നും ജനജീവിതത്തിന്റെ ഒട്ടനവധി വ്യവഹാരങ്ങളിൽ ഒഴിച്ചുകൂടാനാകാത്ത കണ്ണിയാണ്.

ഭാഷ ഒരു സംസ്കാരമാണ്. അത് മറയുമ്പോൾ പ്രകൃതിയെപ്പറ്റി, ഋതുഭേദങ്ങളെപ്പറ്റി, ജീവജാലങ്ങളെ, കലകളെ, പ്രപഞ്ചബോധത്തെപ്പറ്റിയൊക്കെ അറിഞ്ഞതും പകർന്നു കിട്ടിയതുമായ പൂർവ്വാനുഭവങ്ങളാണ് മാഞ്ഞു പോകുന്നത്. ഇനിയും തുറക്കാത്ത അറിവിന്റെ എത്രയെത്ര ബിനിലവറകളാണ് സംസ്കൃതവുമായി ബന്ധപ്പെട്ട് ഉള്ളതെന്ന് കേന്ദ്ര സാംസ്കാരിക വകുപ്പ് അടുത്തകാലത്ത് ഇറക്കിയ കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്.

മറ്റെന്തൊക്കെ നഷ്ടപ്പെട്ടാലും പൈതൃകമായി നാം നേടിയ വിവിധ അറിവുകളുടെയും അനുഭവത്തിന്റെയും ആധാരമായ ഈ ഭാഷാനിർഝരി വറ്റിവരളാത്തോളം കാലം ഭാരതം എന്നും തലയുയർത്തി നില്ക്കുമെന്ന് മലയാളത്തിന്റെ പ്രിയ കവി വൈലോപ്പിള്ളി സംസ്കൃതമെന്ന കവിതയിൽ ഇക്കാര്യം ഇങ്ങനെ കുറിച്ചു.

“ ഭാരതസംസ്കാരത്തിൻ ജീവ
നാഡികേ നിന്റെ
നീരുറവകൾ വറ്റാതിരിക്കും കാലത്തോളം

എത്രയും ദരിദ്രമായ് ദീനമായിരിക്കലും
നിത്യവും സ്വർഗ്ഗത്തോടു സല്ലപി
ക്കുമീ രാജ്യം".

ഇതേ വസ്തുത 1994 ഒക്ടോബർ 4 ന് ജസ്റ്റിസ് കുൽദീപ് സിംഗ് നടത്തിയ ഒരു വിധി ന്യായത്തിൽ (SCC 599) പറഞ്ഞത് ശ്രദ്ധേയമാണ്. "നമ്മൾ ഇന്ത്യയിലെ ജനങ്ങൾ മഹത്തായ ഈ നാടിന്റെ ഉന്നതമായ സാംസ്കാരിക പൈതൃകം ഉയർത്തിപിടിക്കുന്നവരും അതിലഭിമാനിക്കുന്ന വരുമാണ്. എന്നാൽ ഈ പാരമ്പര്യം നിലനിറു ത്താൻ സംസ്കൃത പഠനം അനിവാര്യമാണ്. അല്ലാത്തപക്ഷം നമ്മുടെ മഹത്തായ സാംസ്കാരികധാരയുടെ അരുവി വറ്റി വരണ്ട് നശിച്ചു പോകും".

സംസ്കൃതപഠനം കൂടാതെ ശരിയായ ഭാരതീയനാകാനോ പണ്ഡിതനാകാനോ കഴിയു കയില്ലെന്ന ഗാന്ധിജിയുടെ പ്രസ്താവനയും, സ്വതന്ത്ര ഭാരതത്തിന്റെ ഔദ്യോഗിക ഭാഷയാകേ ണ്ടത് സംസ്കൃതമാണ്" എന്ന ഭരണഘടനാ ശില്പിയായ അംബോദ്കറുടെ (19.12.1949 - ദി ലീഡർ (ഇംഗ്ലീഷ്) - അലഹബാദ്) അഭിപ്രാ യവും ഈ നിലയിലാണ് പ്രസക്തമാകുന്നത്.

ചരിത്രം, സംസ്കാരം, ഭാഷ, സാഹിത്യം, കല, ദർശനം, ശാസ്ത്രം, ആധ്യാത്മികത തുടങ്ങി നിരവധി വിഷയങ്ങളെക്കുറിച്ച് ആധികാരിക മായി ചിന്തിക്കുകയും അവ രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ള എത്രയോ ഗ്രന്ഥങ്ങളാണ് ഈ ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ളത്. അവയിൽ ബഹു ഭൂരിപക്ഷം വിഷയങ്ങളും ഇന്നും അജ്ഞാത മായി തന്നെ നിലകൊള്ളുന്നുവെന്നത് ചിന്തിക്കു മ്പോഴാണ് വിദ്യാഭ്യാസമെന്ന പ്രക്രിയയിലൂടെ നാം എന്തുനേടി എന്ന് ചോദിച്ചു പോകുന്നത്.

നമ്മുടെ ദേശീയവും അന്തർദേശീയവു മായ കാഴ്ചപാടുകളെ പാകപ്പെടുത്തിയ നിരവധി ആശയങ്ങളെ പ്രതിനിധാനം ചെയ്യുന്ന വാക്യ ങ്ങൾ ശരിയായി മനസിലാക്കാൻ സംസ്കൃത വിജ്ഞാനം കൂടിയേ കഴിയൂ. "സത്യേമേവ ജയതേ" എന്ന ഉപനിഷത് സൂക്തം നമ്മുടെ ദേശീയ ധ്യേയവാക്യം (Motto) ആണ്. ഇതുപോലെ "ധർമ്മ ചക്രപ്രവത്തനായ" എന്നത് ലോകസഭയുടെയും, "യതോ ധർമ്മ തതോ ജയ" ഃഎന്നത് സുപ്രീം കോടതിയുടെയും ധ്യേയവാക്യ ങ്ങളാണല്ലോ. ഇവിടെ പറഞ്ഞിരിക്കുന്ന സത്യം, ധർമ്മം എന്നീവാക്കുകളുടെ അർത്ഥവ്യാപ്തി മാത്രമറിഞ്ഞാൽ മതി ഭാരതീയ സംസ്കാരം എന്തെന്നു മനസിലാക്കാൻ. പ്രപഞ്ചത്തോളം വളർന്ന ജീവിതാനുഭവങ്ങൾ വാക്യങ്ങളായി മാറിയ ഈ സൂക്തങ്ങൾ ഏതെങ്കിലും ഒരു ഭാഷയിലേക്ക് മൊഴിമാറ്റം ചെയ്താൽ മനസിലാകുന്ന ഒന്നല്ല.

സത്യധർമ്മങ്ങളെ വ്യാഖ്യാനിക്കാനാണ് വേദങ്ങൾ, ഉപവേദങ്ങൾ, വേദാംഗങ്ങൾ, ഉപ നിഷത്തുകൾ, എന്നിവയടങ്ങിയ സാഹിത്യവും, ശൈവ, ശാക്തേയ, വൈഷ്ണവമെന്ന ഉൾപ്പിരിവു കളോടെയുള്ള താന്ത്രിക വിഭാഗങ്ങളും വളർന്ന് വന്നത്. മഹാകാവ്യങ്ങളും മഹാനാടകങ്ങളു മായി വളർന്നു വന്ന ലൗകിക സാഹിത്യവും ചർച്ച ചെയ്തതും മറ്റൊന്നാ യിരുന്നില്ല.

ശ്രീരാമ കഥയിലൂടെ, ശ്രീകൃഷ്ണ കഥയി ലൂടെ സത്യധർമ്മത്തിന്റെ പാഠാനുഭവങ്ങൾ പകരുന്നതിനായിരുന്നു ഇവിടെ ഇതിഹാസ കാവ്യങ്ങൾ ഉപദേശിക്കപ്പെട്ടത്. അർത്ഥകാമന കൾ നേടുന്നത് ധർമ്മത്തിന്റെ അടിസ്ഥാനത്തി ലാകണമെന്ന ജീവിതദർശനം രൂപപ്പെടുത്തി, പ്രായോഗിക ജീവിതത്തിലേക്ക് സംക്രമിപ്പിച്ച യുഗപുരുഷൻമാരായ ശ്രീശങ്കരൻ, ശ്രീബുദ്ധൻ, രാമാനുജാചാര്യർ, രാമകൃഷ്ണ വിവേകനന്ദൻമാർ, ശ്രീനാരായണ ഗുരുദേവൻ, ചട്ടമ്പിസ്വാമികൾ തുടങ്ങിയവർ സത്യധർമ്മങ്ങൾക്ക് പുതുഭാവം നൽകിയവരാണ്.

ഇങ്ങനെ സംസ്കാരസമ്പന്നമായൊരു ജീവിതത്തെ ചിട്ടപ്പെടുത്താൻ ഉതകുന്ന ഒട്ടേറെ അനുഭവങ്ങളുടെ അറിവുകൾ ഉൾക്കൊള്ളുന്ന സംസ്കൃത ഭാഷ, സാംസ്കാരിക ഭാഷ എന്ന നിലയിലാണ് നമ്മുടെ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നത്. വിദ്യാലയങ്ങളിൽ മാത്രമല്ല സമൂഹത്തിന്റെ നാനാ തുറകളിലുള്ളവരും ഈ സാംസ്കാരിക സന്ദേശത്തെ ഉൾക്കൊള്ളണമെന്ന കാഴ്ചപ്പാടൊടെയാണ് 'സംസ്കൃതവാരാ' ഘോഷം സംഘടിപ്പിക്കുന്നത്. എല്ലാ വർഷവും ശ്രാവണ പൗർണമിയോടടുപ്പിച്ചുള്ള ഒരാഴ്ചക്കാലമാണ് ഇങ്ങനെ സംസ്കൃതവാരമായി ആചരിക്കുന്നത്. ഈ വർഷം ഓഗസ്റ്റ് 26 മുതൽ സെപ്തബർ 2 വരെയാണ് ഔദ്യോഗികമായി ഇത് ആചരിക്കുന്നത്. എല്ലാവർഷവുമെന്നെപോലെ കഴിഞ്ഞവർഷവും 'സംസ്കൃതവാരാചരണത്തിന്റെ' സൂചനാപത്രം കേന്ദ്രഗവൺമെന്റ ഇറക്കിയപ്പോൾ തമിഴ്നാട്ടിലെ

ജയലളിത സർക്കാരും ചില അതിപുരോഗമന വാദികളും പറഞ്ഞുപരത്തിയത് നരേന്ദ്രമോദി സർക്കാരിന്റെ സംസ്കൃതപഠനം അടിച്ചേൽപ്പിക്കുന്ന ഈ പരിപാടി നടത്താൻ സമ്മതിക്കില്ലന്നാണ്.

1956 - 1957 കാലഘട്ടത്തിൽ അന്നത്തെ കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയായിരുന്ന മൗലാനാ അബ്ദുൾകലാമിന്റെ നിർദ്ദേശപ്രകാരം നിയോഗിച്ച സംസ്കൃത വിദ്യാഭ്യാസ കമ്മീഷന്റെ ശുപാർശ പ്രകാരം 1969 മുതൽക്കാണ് സംസ്കൃതാചരണം നടത്തിവന്നിരുന്നത്. ബംഗാൾ നിയമസഭയിലെ ലെജിസ്ലേറ്റീവ് കൗൺസിൽ ചെയർമാനും പ്രശസ്ത പണ്ഡിതനുമായ ഡോ. സുനീത്കുമാർ ചാറ്റർജി അദ്ധ്യക്ഷനായ പ്രസ്തുത കമ്മീഷനിൽ പ്രൊഫ. വിശ്വബന്ധുശാസ്ത്രി, പ്രൊഫ. ആർ.എൻ ദണ്ഡേക്കർ പണ്ഡിതരാജൻ വി.എസ് രാമചന്ദ്രശാസ്ത്രി, പ്രൊഫ. വി. രാഘവൻ തുടങ്ങി എട്ടു വിശ്രുതപണ്ഡിതൻമാരാണ് അംഗങ്ങളായിട്ടുണ്ടായിരുന്നത്.

സംസ്കൃതഭാഷയുടെയും അതിലടങ്ങിയിരിക്കുന്ന അറിവുകളുടെ വ്യാപനത്തിലൂടെയും രാജ്യത്തിന്റെ സാംസ്കാരിക മൂല്യങ്ങളുടെ പരിരക്ഷണം, ഭാരതീയ ഭാഷകളുടെയും സാഹിത്യത്തിന്റെയും വളർച്ച, വ്യക്തിവികാസവും മാനവമൂല്യങ്ങളുടെ പരിപോഷണം, ലോക സമാധാനം, ബൗദ്ധികപരാമ്പര്യത്തിന്റെയും നവോത്ഥാന പാരമ്പര്യത്തിന്റെയും തുടർച്ച എന്നിവ ലക്ഷ്യം വെക്കുന്നുവെന്ന് പ്രസ്തുത കമ്മീഷൻ വിശദമായ ചർച്ചകൾക്ക് ശേഷം പ്രസ്താവിക്കുന്നുണ്ട്. ഇക്കാര്യങ്ങളുടെ ഗൗരവങ്ങൾ മനസിലാക്കിയതുകൊണ്ടാണ് ഈ കഴിഞ്ഞ നാൽപതിലേറെ വർഷങ്ങളിൽ വിവിധ രാഷ്ട്രീയ നേതൃത്വങ്ങൾ കേന്ദ്രസർക്കാരിൽ വന്നിട്ടും ഈ പരിപാടി യാതൊരു മുടക്കവും കൂടാതെ നടത്തുന്നത്. 2000 ത്തിൽ അന്നത്തെ വാജ്പേയ് സർക്കാർ ഈ വിഷയത്തിൽ ജനകീയമായ പങ്കാളിത്തം ഉണ്ടാകണമെന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയുണ്ടായി.

ഞങ്ങൾ അധികാരത്തിൽ വന്നാൽ സംസ്കൃത ഭാഷയുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപ്പിലാക്കും എന്ന് പ്രകടനപത്രികയിൽ വ്യക്തമായി അഭിപ്രായം എഴുതുകയും നിരവധി അംഗങ്ങൾ സംസ്കൃതത്തിൽ സത്യപ്രതിജ്ഞ യെടുക്കുകയും ചെയ്തിട്ടുള്ള ഒരു സർക്കാരാണ് ഇന്ന് കേന്ദ്രം ഭരിക്കുന്നത്. പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ ആക്ഷേപങ്ങൾ ചൊരിയുന്നത് ഒരു തരത്തിലും നീതികരിക്കാനാവുന്നതല്ല. അതുകൊണ്ട് ഈ നാടിന്റെ സാംസ്കാരിക പാരമ്പര്യത്തിൽ അല്പമെങ്കിലും അഭിമാനമുള്ളവർക്ക് ഇതിൽ നിന്നും വിട്ടു നില്കാനാകില്ല. സംസ്കൃതഭാരതി, ലോകഭാഷാ പ്രചാരസമിതി, വിദ്യാഭാരതി തുടങ്ങിയ പ്രസ്ഥാനങ്ങൾ ഇന്ത്യയിലുടനീളം ലോകത്തിന്റെ പല ഭാഗങ്ങളിലും വ്യത്യസ്തമായ പരിപാടികളോടെ സംസ്കൃതവാരം ആഘോഷിച്ചു വരുന്നുണ്ട്.

ഐക്യരാഷ്ട്രസഭയിൽ അംഗങ്ങളായ 193 രാജ്യങ്ങളിൽ അന്താരാഷ്ട്രയോഗദിനം ആചരിച്ചത് നാം കണ്ടതാണല്ലോ. യോഗ അടക്കം നിരവധി വിജ്ഞാനങ്ങൾ ഉൾക്കൊള്ളുന്ന സംസ്കൃതം അതുകൊണ്ട് തന്നെ ലോകം വരും കാലങ്ങളിൽ കൂടുതൽ ശ്രദ്ധിക്കും എന്ന കാര്യത്തിൽ തർക്കമില്ല. ■

# അംബാസ്വരമാല സ്തോത്രം

**എത്തിച്ചിടാൻ തവപദങ്ങളിലെന്റെ പൂജാ**
**നിത്യാക്രമം തുടരുവേൻ പതിനാറുപേർക്കും**
**ഹൃത്താർഗരും കവിലകർണ്ണിഗരും ഗുരുക്കൾ**
**ക്കൊത്തോരു പൂജയിത ചേർന്നു സുധാ ഭജേഹം**

അവിടുത്തെ പാദങ്ങളിൽ എന്റെ പൂജ എത്തിക്കാൻ വേണ്ടി ഞാൻ 16 നിത്യകളേയും പൂജിക്കുന്നു. ഹൃദയകമലത്തിലും ബ്രഹ്മരന്ധ്രത്തിലും വിളങ്ങുന്ന ഗുരുക്കൾക്കു ചേർന്ന പൂജയും അമൃതുകൊണ്ട് അർച്ചന ചെയ്തു ഞാൻ ഭജിക്കുന്നു. (ശ്രീവിദ്യാ സപര്യയുടെ ഭാഗമായി വിശേഷർഘ്യം കൊണ്ടു ചെയ്യപ്പെടുന്ന നിത്യായജനവും, ഗുരുമണ്ഡല പൂജയും വിവക്ഷിതം)

**ശ്രീ. നന്ദകുമാർ മേനോൻ**

# ERNAKULAM KARAYOGAM

D.H.ROAD,TDM HALL COMPLEX, COCHIN 682016
PH.2361160(30 Lines) Extn : 35/38

## NAVARATHRI CELEBRATIONS 2015
## COMPETITIONS

| DATE | TIME | ITEM | SECTION |
|---|---|---|---|
| 13/09/2015 (Sunday) | 9.30 a.m. | Lalitha sahasranamam | Sub Juniors |
| | | Vishnu Sahasranamam | '' |
| | | Bhagavath Geetha, Narayaneeyam | '' |
| | | Harinamakeerthanam | '' |
| | | Ramayanam, Jnanappana | '' |
| | | Pathinaluvritham, Krishnagatha | '' |
| | 1 p.m. | Lalitha Sahasranamam | Juniors |
| | | Vishnu Sahasranamam | '' |
| | | Bhagavath Geetha, Narayaneeyam | '' |
| | | Njanappana, Ramayanam | '' |
| | | Harinama Keerthanam, Pathinalu vritham, Krishnagatha | '' |
| 20/09/2015 (Sunday) | 9.30 a.m. | Lalitha Sahasranamam | Seniors |
| | | Vishnu Sahasranamam | '' |
| | | Devimahatmyam, Bhagavath Geetha | '' |
| | | Narayaneeyam, Bharatham | '' |
| | | Ramayanam,Pathinaluvritham, Harinama Keerthanam, Krishnagatha | '' |
| | 3.00 p.m. | Veena, Violin, Mridangam | Combined |
| | | Ottamthullal, Kathakali, Cholliyattom | Combined |
| | | Kathakalipadam | '' |
| | | Sopanasangeetham (Ashtapathi) | '' |
| 21/09/2015 (Monday) | 9.30 a.m. | Namavali (Malayalam) (Single) | Sub Juniors |
| | | Namavali (Malayalam) (Single & Group) | Juniors |
| | | Namavali (Malayalam) (Single & Group) | Seniors |
| | | Patriotic Song | Combined |
| | 2.00 p.m. | Extempore Speech (English & Malayalam) | Juniors& Seniors |
| | 3.00 p.m. | Light Music | Sub Juniors & Juniors |
| | | Light Music | Seniors |
| 27/09/2015 (Sunday) | 9.00 a.m. | Carnatic Music | Sub Juniors, Juniors |
| | 11.00 a.m. | Painting | Sub Juniors, Juniors & Seniors |
| | 12.00 Noon | Floral arrangement | Combined |
| | 2.00 p.m. | Carnatic Music | Seniors |
| | 4.00 p.m. | Purana-Quiz | Sub Juniors |
| | | Purana Quiz (writteen test) | Juniors & Seniors |

| | | | |
|---|---|---|---|
| 02/10/2015 (Friday) | 9.30 a.m. | Recitation in Malayalam | Sub-Juniors & Juniors |
| | 10.30 a.m. | Aksharaslokam | Juniors & Seniors |
| | 2.00p.m. | Essay (English, Malayalam, Hindi) | Sub-Juniors, Juniors & Seniors |
| | 3.00 p.m. | Recitation | Seniors |
| | 5.00 p.m. | Karayogam Smaranikageetham | Sub Junior, Junior & Senior |
| 04/10/2015 (Sunday) | 9.30 a.m. | Thiruvathirakali | Combined |
| | | Folk dance (Single) | Sub-Juniors, Juniors & Seniors |
| | | Folk dance (Group) | Sub-Juniors, Juniors & Seniors |
| | 2.00 p.m. | Handwriting (English, Malayalam & Hindi) | Sub-Juniors, Juniors & Seniors |
| 10/10/2015 (Saturday) | 8.30 a.m. | Bharathanatyam | Seniors |
| | | Kuchippudi, Mohiniyattom, | Seniors |
| 11/10/2015 (Sunday) | 8.30 a.m. | Bharathanatyam Kuchippudi, Mohiniyattom | Juniors |

# മത്സരങ്ങളിൽ ചൊല്ലേണ്ട ഭാഗങ്ങൾ

## സബ് ജൂനിയർ വിഭാഗം

1 **ലളിതാ സഹസ്രനാമം**
ആദിശക്തി-----------------ഗന്ധർവ്വ സേവിതാ (124 മുതൽ 126 വരെ)

2. **വിഷ്ണുസഹസ്രനാമം**
ഋതു:സുദർശന:കാലാ:-------------------ജ്ഞാനമുത്തമം (58 മുതൽ 61 വരെ)

3. **ഭഗവദ്ഗീത**
അർജ്ജുന ഉവാച—സേനയോരുഭയോർമദ്ധ്യേ
-----------------സമവേതാൻകുരുനിതി (21മുതൽ 25 വരെ)

4. **നാരായണീയം - മുപ്പത്തെട്ടാം ദശകം**
ആനന്ദരൂപ! ————————-------------------ത്വമിഹാവിരാസീ: (1 -2)

5. **ഹരിനാമകീർത്തനം**
അയ്യഞ്ചുമഞ്ചു-—— എത്തുന്നുമോക്ഷമതിൽ നാരായണാ നമഃ (26 മുതൽ 27 വരെ)

6. **രാമായണം - ബാലകാണ്ഡം -ശിവൻ കഥപറയുന്നത്**
സാദ്ധ്യമല്ലൊരുവനും----------പരിതപ്തമാനസന്മാരാം (420 മുതൽ 429 വരെ)

7. **ജ്ഞാനപ്പാന**
സ്ഥാനമാനങ്ങൾ ചൊല്ലികലഹിച്ചു -——-—കൊടുക്കുന്നില്ലാ ചിലർ (12വരികൾ)

8. **പതിന്നാലുവൃത്തം -**
ഇന്നുഭവാന്മാരിരുവരുമോർത്താൽ ———————---വമ്പുള്ളവരിവർ
നാരായണജയ (31 മുതൽ 32 വരെ)

9. **കൃഷ്ണഗാഥ - കാളിയമർദ്ദനം**
ബാലകന്മാരുമായ്-------— ആനന്ദമേററം വളർത്തിനിന്നാർ (1 മുതൽ 4 വരെ)

## ജൂനിയർ വിഭാഗം

1. **ലളിതാ സഹസ്രനാമം**
കനകാംഗദകേയുര——---------ജാനുദ്വയവിരാജിത (13 മുതൽ 17 വരെ - 10 വരി)
2. **വിഷ്ണുസഹസ്രനാമം**
അർച്ചിഷ്മാനർച്ചിത: --------പുണ്യകീർത്തിരനാമയാ (81 മുതൽ 86 വരെ - 12 വരി)
3. **നാരായണീയം - പഞ്ചമസ്കന്ധം - 21-ാം ദശകം**
വർഷം ഹിരണ്മയ -------------പരിപാഹി വിഷ്ണോ (6 മുതൽ 8 വരെ -12 വരി)
4. **ഭഗവദ്ഗീത (ഷഷ്ഠോദ്ധ്യായ —അദ്ധ്യാത്മയോഗഃ)**
യുക്താഹാര വിഹാരസ്യ----------വിചാല്യതേ (17 മുതൽ 22 വരെ - 12 വരി)
5. **ഹരിനാമകീർത്തനം**
ഛന്നത്വമാർന്ന കനൽ——---ചേതസ്സിലാകമമ നാരായണായ നമഃ (16 വരി)
6. **രാമായണം (അയോദ്ധ്യാകാണ്ഡം - നാരദരാഘവ സംവാദം)**
എന്തിനെന്നെ മോഹിപ്പിപ്പതിന്നു നീ —----മായാഭഗവതി (111 - 112വരെ 12 വരി)
7. **ജ്ഞാനപ്പാന**
സക്തികൂടാതെ നാമങ്ങളെപ്പൊഴും —–-നൃത്തം കുതിക്കണം (12 വരികൾ)
8. **പതിന്നാലുവൃത്തം - പതിനാലാം വൃത്തം**
ഹരേകൃഷ്ണ ഗോവിന്ദ ---------————മഹാമായയെല്ലാം നമസ്തേ നമസ്തേ
9. **കൃഷ്ണഗാഥ - കാളിയമർദ്ദനം**
അച്ഛനുമമ്മയും മററുള്ളലോകരും --------—ഏതുമേ മിണ്ടുവാൻ വല്ലീലപ്പോൾ

## സീനിയർ വിഭാഗം

1. **ലളിതാ സഹസ്രനാമം**
ഗംഭീരാഗഗനാന്തസ്ഥാ.............വിശ്വഭ്രമണകാരിണി (160 മുതൽ 165 വരെ -12 വരികൾ)
2. **വിഷ്ണുസഹസ്രനാമം**
ത്രിസാമാ സാമഗഃ ----------—ശോകനാശന(75 മുതൽ 80വരെ-12വരികൾ)
3. **ദേവീമാഹാത്മ്യം - പന്ത്രണ്ടാമദ്ധ്യായ: ദേവിചരിതമാഹാത്മ്യം**
ബലിപ്രഭാനേ പൂജായാം ------- മൈത്രികരണമുത്തമം (10മുതൽ 18 വരെ )
4. **ഭഗവദ്ഗീത- രണ്ടാമദ്ധ്യായ:**
അശോച്യാനന്വശോചസ്ത്വം--------------താംസ്തിതിക്ഷസ്വഭാരത
(11 മുതൽ 14 വരെ - 12 വരികൾ)
5. **നാരായണീയം- മുപ്പത്തെട്ടാം ദശകം**
വക്ഷസ്ഥലീസുഖ ------— മാനുഷബാലവേഷം 4മുതൽ 7വരെ -16 വരികൾ)
6. **ഭാരതം- കർണ്ണപർവ്വം-പാർത്ഥസാരഥി വർണ്ണനം**
തെളിക്ക്തേരെന്നു പറഞ്ഞു ————തെളിക്ക്തേരേതുംമഴിക്കരുതിപ്പൊൾ (18 വരികൾ)
7. **രാമായണം - സുന്ദരകാണ്ഡം - സീതാദർശനം**
ഉദകനിധിനടുവിൽമരുവും ——--------— ഉദ്യാനദേശേ തിരഞ്ഞു തുടങ്ങിനാൻ
( 221-238വരെ -18 വരികൾ)

8 ഹരിനാമകീർത്തനം
സത്യംവദാമി-----------------
ഒരു പോതമായ് വരിക നാരായണായ നമഃ (63 മുതൽ 67 വരെ - 20 വരി)

9. കൃഷ്ണഗാഥ (ഗ്രീഷ്മ വർണ്ണനം)
വല്ലവീമാരുടെ--------ലീലകളും (1 മുതൽ 5 വരെ 10 വരി)

10. പതിന്നാലുവൃത്തം- നവമവൃത്തം
തേരിൽ നിന്നു നിലത്തിറങ്ങിവിളങ്ങു -ചിരായശങ്കരപാഹിമാം (1മുതൽ 3വരെ)

# മത്സരങ്ങളെ സംബന്ധിച്ച നിബന്ധനകൾ

1. പ്രായ പരിധി:

| | | |
|---|---|---|
| 1. | സബ്ജൂനിയർ | 8 വയസ്സുവരെ |
| 2. | ജൂനിയർ | 8 വയസ്സു മുതൽ 12 വയസ്സു വരെ |
| 3. | സീനിയർ | 12 വയസ്സു മുതൽ 16 വയസ്സു വരെ |

പൊതുവെ മൽസരങ്ങളിൽ 16 വയസ്സിനു മീതെയുള്ളവർക്ക് ചേരുവാനുള്ള അർഹതയില്ല, പക്ഷെ വീണ, വയലിൻ, മൃദംഗം, ഓട്ടൻതുള്ളൽ, കഥകളിപ്പദം, കഥകളി ചൊല്ലിയാട്ടം, ദേശഭക്തിഗാനം എന്നിവയിലുള്ള മൽസരങ്ങളിൽ 18 വയസ്സുവരെയുള്ളവർക്ക് ചേരാവുന്നതാണ്. തിരുവാതിരകളി മൽസരങ്ങളിൽ 18 വയസ്സിനു മുകളിലുള്ളവർക്ക് ചേരാവുന്നതാണ്. (പങ്കെടുക്കാവുന്നവർ - 8, പിന്നണിയിൽ പാട്ടു മാത്രവും കൈമണിയും ഉപയോഗിക്കാം. പാട്ടുകാർ രണ്ടുപേരിൽ കൂടരുത്). 2015 ആഗസ്റ്റ് 31നുള്ള വയസ്സാണ് മുകളിൽ കൊടുത്തിരിക്കുന്ന പ്രായപരിധിയുടെ അടിസ്ഥാനം. ഭരതനാട്യം, കുച്ചിപ്പുഡി, മോഹിനിയാട്ടം,നാടോടിനൃത്തം(ഫോക്ഡാൻസ്) ഓട്ടൻതുള്ളൽ, കഥകളിചൊല്ലിയാട്ടം എന്നിങ്ങനെയുള്ള മത്സരങ്ങൾക്ക് ആവശ്യമായ പിന്നണിവാദ്യസംഘങ്ങളെ സ്വന്തം ചെലവിൽ മൽസരിക്കുന്നവർ തന്നെ കൊണ്ടുവരേണ്ടതാണ്. (സി.ഡി. ഉപയോഗിക്കാവുന്നതാണ്). ഇത് തിരുവാതിര മത്സരത്തിന് ബാധകമല്ല. ഒറ്റയ്ക്കായോഗ്രൂപ്പായോ ഉള്ള ഒരോ ഇനത്തിലും പങ്കെടുക്കുന്നതിനായി ആൺകുട്ടികളും പെൺകുട്ടികളും യഥാക്രമം 5പേർ/3ഗ്രൂപ്പ് വീതം ഇല്ലെങ്കിൽ അവർക്കായി വെവ്വേറെ മത്സരം നടത്തുന്നതല്ല. എന്നിട്ടും 5പേർ/3ഗ്രൂപ്പ് വീതം ഇല്ലെങ്കിൽ മത്സരം നടത്തുന്നതല്ല. ആ വിവരം മത്സരാർത്ഥികളെ തലേ ദിവസം അറിയിക്കുന്നതാണ്. ഓരോ ഇനത്തിലും മത്സരിക്കുന്നതിന് വെവ്വേറെ അപേക്ഷാഫോറം പൂരിപ്പിച്ച് കൊടുക്കേണ്ടതാണ്.

2. **ജനന തീയതിക്കുള്ള തെളിവ്** - മൽസരങ്ങളിൽ ചേരുന്നവർ തങ്ങളുടെ അപേക്ഷകളോടൊപ്പം ജനനതീയതിക്കുള്ള തെളിവെന്ന നിലയിൽ സ്കൂളിൽ നിന്നുള്ള സർട്ടിഫിക്കറ്റോ/മറ്റേതെങ്കിലും രേഖകളോ ഹാജരാക്കേണ്ടതാണ്.

3. 2015 ആഗസ്റ്റ് 20 മുതൽ കരയോഗം ആഫീസിൽ നിന്ന് അപേക്ഷാ ഫോറങ്ങൾ ലഭിക്കുന്നതാണ്. ഓരോ ഫോറത്തിനും 20 രൂപ വീതം കൊടുക്കേണ്ടതുണ്ട്.

4. പൂരിപ്പിച്ച അപേക്ഷാഫോറങ്ങൾ 2015 സെപ്തംബർ 10-ാംതീയതി വരെ സ്വീകരിക്കുന്നതാണ്. 2015 സെപ്തംബർ 10-ാം തീയതിക്കു ശേഷം ലഭിക്കുന്ന ഓരോ അപേക്ഷാഫോറത്തിനും 50 രൂപ വീതം ഈടാക്കുന്നതാണ്.

# രാമായണാമൃതം

(കവിത)

പി.ഐ ശങ്കരനാരായണൻ



കൺകളിലഗ്നി ജ്വലിപ്പിച്ചു ലക്ഷ്മണൻ
നില്പൂ കുപിതനായ്, ലോകമെല്ലാം
ഒരു മാത്രകൊണ്ടിതാ ഭസ്മമാക്കും, എന്റെ
ശരവീര്യമീ വില്ലിലിന്നു കാണും!
പ്രിയദർശനൻ ധർമ്മസത്യവ്രതൻ മമ
ഭ്രാതാവിനായ് വനവാസകർമ്മം
ആരു കല്പിച്ചു? മഹാരാജനച്ഛനോ?
ആരാകിലും ഞാൻ അരിഞ്ഞു വീഴ്ത്തും!
കോപിച്ചു നിൽക്കുന്ന ലക്ഷ്മണൻ മുന്നിലും
ശാന്തനായ് പുഞ്ചിരി തൂകി രാമൻ.
വില്ലു താഴ്ത്തിച്ചിട്ടനുജനെത്തൻ മാറു
ചേർത്തു പുണർന്നു തഴുകി രാമൻ
സൗമ്യമധുരമായ് ചൊല്ലുന്നു വാക്കുകൾഃ
കോപം വെടിയുകെൻ സോദരാ നീ.
കോപിച്ചിടേണ്ടതു ഞാനല്ലേ ലക്ഷ്മണാ?
നോക്കുക, ഞാനെത്ര ശാന്തനാണ്!
നാളെ നടക്കേണ്ട കല്യാണകർമ്മത്തി-
ലിന്നു ഞാൻ ആഹ്ലാദം കാട്ടിയില്ല.
ഇന്നു കൈവന്നൊരു ദുർവിധിയോർത്തിട്ടു
തെല്ലും ഞാൻ സങ്കടം കാട്ടുന്നില്ല.
ചുട്ടുപഴുത്തതാം ചട്ടുകത്തിലൊരു
തുള്ളി വെള്ളം പതിക്കുന്നപോലെ
അത്രവേഗത്തിൽ മറയുമീ ജീവിതം,
ഗർവ്വിച്ചിടായ്കതിൽ ലക്ഷ്മണാ നീ .
പാമ്പിന്റെ വായയിൽ പെട്ട തവളയും
പാറുമീച്ചക്കായി നാവു നീട്ടും!
അതുപോലെ മരണത്തിൻ വായിലും ഹാ,
സുഖം
തേടിയോടുന്നു മനുഷ്യരെങ്ങും!

മക്കൾ ബന്ധുക്കൾ, ഗൃഹം, ധനം, കീർത്തിക-
ളൊക്കെ വെറും സ്വപ്നമാണു കുഞ്ഞേ.
കൈവന്നതിൽ തുഷ്ടികൊള്ളണം സർവ്വദാ
കർമ്മങ്ങൾ ചെയ്യണം നിസ്പൃഹനായ്.
കാമവും ക്രോധവും ലോഭവും മോഹവും
ശത്രുക്കളായി മനം പിളർക്കേ,
രോഗ വാർദ്ധക്യാദി ശത്രുക്കളും വന്നു
ദേഹത്തിനേയും തളർത്തി നിൽക്കേ,
അല്പം പഴുതു ലഭിക്കുവാനായ് മൃത്യു
തക്കവും പാർത്തിട്ടരികിൽ നിൽക്കേ,
കൈവിടുന്നീലാ മനുഷ്യൻ സുഖക്കൊതി
കാണ്മീല ഈശ്വര വൈഭവത്തെ!
ദേഹാഭിമാനികൾ മൂഢരായ് കോപിച്ചു
മോഹവിവശരായ് തെറ്റുചെയ്യും
അമ്മയച്ഛൻ ഭാര്യ മക്കളെന്നൊന്നുമേ
നോക്കാതെ കൊന്നു കൊലവിളിക്കും.
കോപത്തിനാൽ ശാന്തിനാശം വരും, ബുദ്ധി
നാശം വരും, സർവ്വ നാശം വരും.
ആകയാൽ കോപം വെടിയുകെൻ ലക്ഷ്മണാ
മുക്തിക്കു വേണ്ടതു ശാന്തിയല്ലോ.
എല്ലാം ത്യജിച്ചു പഠിക്കുമ്പോഴേ മനഃ
ശാന്തിയും ജ്ഞാനവും വന്നുചേരൂ.
ആ വഴിക്കാണെൻ വനയാത്ര, കേകയ
മാതാവും നൽകിയ ഭാഗ്യപൂരം!
"എങ്കിലെൻ ജ്യേഷ്ഠാ! വരുന്നു ഞാനും രാമ
മാർഗ്ഗമാണെന്റെയും ശാന്തി മാർഗ്ഗം"
"എന്നെയും കൂട്ടണേ!" എന്നു ചൊല്ലീ സീത-
യെത്തുന്നു ഭർത്തൃപദാംബുജത്തിൽ
"ഭർത്താവിനെ വിട്ടു ഭാര്യ ജീവിക്കുമോ?
ഭർത്തൃ പദസേവ എന്റെ മോക്ഷം."
ആറു പാദങ്ങൾ നടക്കയായങ്ങനെ
ഘോരകാന്താര വഴിയിലൂടെ.
ആറു കാണ്ഡങ്ങളായ്, ആറു ചക്രങ്ങളായ്
ധ്യാനസഹസ്രാരമാർഗ്ഗമായി,
രാമായണം നിസ്തുലാനന്ദധാരയായ്
ലോകത്തിനാകേ അമൃതമായി!

# ഗാന്ധിസൂക്തം

## ഗവർണർമാർക്കും മന്ത്രിമാർക്കും ഒരു പെരുമാറ്റച്ചട്ടം

**1)** ഭാരതത്തിലെ ഒരു മന്ത്രി അഥവാ ഗവർണർ ഇന്ത്യൻ നിർമ്മിത സാധനങ്ങളെ ഉപയോഗിക്കാവൂ. അവരുടെ കുടുംബാംഗങ്ങൾ പോലും ഖാദിയേ ധരിക്കാവൂ. ഭാരതത്തിലെ ദരിദ്രർക്ക് അതൊരു ജീവിതമാർഗ്ഗമാണ്. അഹിംസയുടെ സന്ദേശം വിളിച്ചറിയിക്കുന്ന ചർക്ക പ്രവർത്തിപ്പിക്കുകയും ചെയ്യണം.

**2)** ഹിന്ദിയും ഉറുദുവും ഇവർ പഠിച്ചിരിക്കണം. സഹപ്രവർത്തകരുമായി ഇംഗ്ലീഷിൽ സംസാരിക്കുന്നത് ഒഴിവാക്കണം. പകരം പ്രാദേശിക ഭാഷ ഉപയോഗിക്കാം. സർക്കാർ ഉത്തരവുകളും എഴുത്തുകളും മറ്റും കഴിയുമെങ്കിൽ ഹിന്ദുസ്ഥാനി ഭാഷയിലേ എഴുതാവൂ. അതുമൂലം ജനങ്ങൾക്ക് ആ ഭാഷ പഠിക്കാൻ ഉത്സാഹം കൂടും. കാലക്രമേണ അത് ദേശീയഭാഷയാകുകയും ചെയ്യും.

**3)** മന്ത്രിമാർ വർഗ്ഗ വ്യത്യാസങ്ങൾ പുലർത്തരുത്. സ്വജനപക്ഷാഭേദം ഒരിക്കലും കാട്ടരുത്. മന്ത്രിയുടെ മകനോ സഹോദരനോ പോലും പാവപ്പെട്ട തൊഴിലാളി ഉൾപ്പെടെയുള്ള സാധാരണക്കാരിൽ നിന്നും ഉന്നതനല്ല.

**4)** മന്ത്രിമാരുടെ സ്വകാര്യ ജീവിതം ലളിതമായിരിക്കണം. എങ്കിലേ ജനങ്ങൾക്ക് ആദരവും ഭക്തിയും ഉണ്ടാകൂ. ജനങ്ങൾക്ക് പ്രചോദനം നൽകത്തക്കവിധം കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും ഉത്പാദനപരമായ കായികാദ്ധ്വാനം ചെയ്യണം.ഒരു മണിക്കൂർ നൂൽ നൂൽക്കുകയോ അഥവാ സ്വന്തം പുരയിടത്തിൽ പച്ചക്കറികൾ കൃഷി ചെയ്യുകയോ ചെയ്യാം.

**5)** മന്ത്രിമാർ ബാംഗ്ലാവുകളും മോട്ടോർ കാറുകളും ഒഴിവാക്കണം. അടിയന്തിരഘട്ടങ്ങളിൽ ദീർഘയാത്രയ്ക്ക് തീർച്ചയായും കാർ ഉപയോഗിക്കാം. പക്ഷേ അതിന്റെ ഉപയോഗം കഴിയുന്നത്ര ചുരുക്കണം. ഇപ്പോഴത്തെ അവസ്ഥയിൽ കാർ എന്നത് ഒരാവശ്യമാണ് എന്നു ഞാൻ കാണുന്നു.

**6)** മറ്റുള്ള സഹപ്രവർത്തകരോടൊപ്പം ഒരേ കോളനിയിലാണ് മന്ത്രിയും താമസിക്കേണ്ടത്. സമൂഹബോധമുണ്ടാകാൻ ഇത് അത്യാവശ്യമാണ്. മന്ത്രിയുടെ കുടുംബാംഗങ്ങളും അതേ രീതിയിൽ മറ്റ് സഹപ്രവർത്തകരുടെ കുടുംബാംഗങ്ങളുമായി ഇടപഴകണം.

**7)** കുട്ടികൾ ഉൾപ്പെടെ മന്ത്രികുടുംബത്തിലെ മറ്റംഗങ്ങൾ വീട്ടുജോലികൾ സ്വയം ചെയ്യണം. വളരെ ചുരുക്കമായേ വേലക്കാരുടെ സഹായം തേടാവൂ.

**8)** വിദേശ നിർമ്മിത വീട്ടുപകരണങ്ങൾ കൊണ്ട് മന്ത്രിമന്ദിരങ്ങൾ അലങ്കരിക്കരുത്. കോടിക്കണക്കിന് ദരിദ്രജനങ്ങൾക്ക് ഇരിക്കാനൊരു തുണ്ട് പായയോ ഉടുക്കാൻ ഒരുതുണ്ട് തുണിയോ കിട്ടാൻ ബുദ്ധിമുട്ടാണെന്നറിയുക.

**9)** മന്ത്രിമാർ മദ്യപിക്കുകയോ പുകവലിക്കുകയോ ചെയ്യരുത്.

**(ബിഹാർണി കോമി അഗ്മാൻ (ഗുജറാത്തി), പുറം 227 - 228)**

■

## അറിയിപ്പ്

നിങ്ങളുടെ പ്രദേശത്തുള്ള ക്ഷേത്രങ്ങളെക്കുറിച്ച് വിശദമായ റിപ്പോർട്ട് (ഐതിഹ്യം, ആചാരാനുഷ്ഠാനങ്ങൾ, പ്രധാന വഴിപാടുകൾ തുടങ്ങിയവ സഹിതം) അയച്ചു തന്നാൽ പ്രസിദ്ധീകരണ യോഗ്യമായവ കരയോഗ സൗഹൃദത്തിലെ ക്ഷേത്ര മാഹാത്മ്യം എന്ന പംക്തിയിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. ക്ഷേത്രോല്പത്തിയും പ്രാധാന്യവും വിശദമായി എഴുതി അയക്കുക. ക്ഷേത്രത്തിന്റെ ഫോട്ടോ ലഭ്യമെങ്കിൽ അതും അയച്ചു തരിക. കരയോഗ സൗഹൃദത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത ക്ഷേത്രങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾക്കായിരിക്കും മുൻഗണന.

\- എഡിറ്റർ -



എസ്. ശ്രീകുമാർ

# ഹിമാലയത്തിന്റെ മടിത്തട്ടിൽ

ഈയിടെ ഉത്തരാഞ്ചലിൽ ഉണ്ടായ വൻ മലയിടിച്ചിലിനും വെള്ളപ്പൊക്കത്തിനും മറ്റ് അപകടങ്ങൾക്കും ശേഷം സഞ്ചാരികൾക്കുള്ള നിബന്ധനകൾ കുറേക്കൂടി കർശനമാക്കി. തുടർന്ന് ഈ പുണ്യയാത്രയുടെ ആദ്യപടിയായ യമുനോത്രിയിലേക്കുള്ള യാത്രയുടെ ബേസ് ആയ സൈനാച്ചട്ടി (Synachatty)യിൽ (യമുനോത്രിയിൽ നിന്ന് 20 കിലോമീറ്റർ) താമസം തുടങ്ങി. ഹരിദ്വാറിൽ സൈനാച്ചട്ടിയിലേക്കുള്ള 330 കി. മീറ്റർ ദൂരത്തിനിടയിലാണ് മുസോറി, ഡറാഡൂൺ എന്നീ പ്രസിദ്ധമായ സ്ഥലങ്ങൾ. അതിൽ പ്രസിദ്ധമായ നാഷണൽ പോലീസ് അക്കാഡമി മുസോറിയിൽ സ്ഥിതിചെയ്യുന്നു. ഇന്ത്യോടിബറ്റൻ ബോർഡർ ഫോഴ്സിന്റെ സാന്നിധ്യം ഇവിടെ പ്രകടമാണ്. ഡറാഡൂണിലെ ഇൻഡ്യൻ സിവിൽ അക്കാഡമിയും പ്രസിദ്ധമാണ്.

ഈ യാത്രയെക്കുറിച്ച് പറയുമ്പോൾ ഇവിടത്തെ ഭൂപ്രകൃതിയെക്കുറിച്ച് പറയാതിരിക്കാൻ വയ്യ. ചാർധാം യാത്ര മുഴുവൻ ഉത്തരാഞ്ചൽ എന്ന സ്റ്റേറ്റിനുള്ളിലൂടെയാണ്. പഴയ യുപിയിൽ നിന്നും അടർത്തി എടുത്താണ് ഉത്തരാഞ്ചൽ എന്ന ഈ പുതിയ സ്റ്റേറ്റ് രൂപികരിച്ചത്. ഇവിടം മാനം മുട്ടുന്ന മലനിരകളാൽ സമ്പന്നമാണ്. എവിടെ തിരിഞ്ഞൊന്നു നോക്കിയാലും നമ്മളെ അത്ഭുതപരതന്ത്രരാക്കുന്ന മലനിരകൾ മാത്രം. ഒരു വശത്ത് മാനം മുട്ടെ ഉയർന്നു നിൽക്കുന്ന മലകൾ മറുവശത്ത് അഗാധമായ കൊക്കകൾ. അടുത്ത മലയുടെ തള്ളിനിൽക്കുന്ന, ഏതു സമയത്തും അടർന്നു വീഴാവുന്ന പാറക്കൂട്ടങ്ങൾ. ഇവയ്ക്ക് ഇടയിലൂടെയാണ് വളവും തിരിവും നിറയെയുള്ള ഉത്തരാഞ്ചലിലെ റോഡുകളിലൂടെയുള്ള യാത്ര. നമ്മളിൽ തികച്ചും അത്ഭുതവും അമ്പരപ്പും

കൊച്ചിയിൽ നിന്നും 28.05.2015 ന് വിമാനം പറന്നു പൊങ്ങിയത് ചാർധാം യാത്രികരുടെ ഹിമലായൻ സ്വപ്നങ്ങളുമായിട്ടാണ്. പണ്ടേ വായിച്ചും കേട്ടും പറഞ്ഞും അറിഞ്ഞ ഹരിദ്വാർ, കേദാർനാഥ്, ബദരിനാഥ്, ഗംഗ, യമുന എന്നിവയുടെ എല്ലാം ഏറ്റവും നിറം പിടിപ്പിച്ച സ്വപ്നങ്ങളുമായാണ് ഞാൻ ചാർധാം യാത്രക്ക് ഒരുങ്ങിയത്. ഒരു നിയോഗം പോലെ വന്നു പെടുകയായിരുന്നു ഈ യാത്ര. കഴിഞ്ഞ തവണ കരയോഗത്തിൽ നിന്ന് യാത്രക്കൊരുങ്ങിയപ്പോൾ അവിചാരിതമായി തടസ്സം നേരിട്ടിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഒരുപോലെ അനുഭവം ആവർത്തിച്ച് അടിപ്പിച്ച് വരിക എന്നുള്ളത് എന്റെ എക്കാലത്തേയും അനുഭവങ്ങളിൽ നിന്ന് ഞാൻ മനസ്സിലാക്കിയിട്ടുള്ളതാണ്. ആയതിനാൽ യാത്ര തുടങ്ങും വരെ ചെറിയ അശുഭചിന്തകൾ എന്നെ പിന്തുടർന്നിരുന്നു. എന്നാൽ അത്തരം ചിന്തകളെയെല്ലാം മറികടന്ന് സുഗമമായി യാത്ര ആരംഭിച്ചു.

മേയ് മാസം 28 ാം തീയ്യതി കൊച്ചിയിൽ സൂര്യകിരണങ്ങൾ ഭൂമിയിൽ പതിക്കുന്നതിന് മുമ്പ് ആദ്യ സംഘം വിമാനം കയറി. രണ്ടു സംഘങ്ങളായി 27 പേർ ഡൽഹിയിൽ ഒത്തുചേർന്നു വൈകിട്ട്, ശതകോടി ഭക്തൻമാരുടെ പുണ്യഭൂമിയായ ഹരിദ്വാറിലേക്ക് യാത്ര തിരിക്കുകയും 29 ാം തീയതി പുലർച്ചേ ആ പുണ്യഭൂമിയിൽ കാലു കുത്തുകയും ചെയ്തു. ദീർഘമായ ഡൽഹി ഹരിദ്വാർ (220 കി.മീ) റോഡ് യാത്രയുടെ ക്ഷീണം മാറ്റി പ്രഭാത കൃത്യങ്ങൾക്കുശേഷം ചാർധാം യാത്രക്ക് നിർബന്ധമായും വേണ്ട രജിസ്ട്രേഷൻ നടപടിക്കായി ഋഷികേശിലേക്ക് പോയി. നടപടികൾ പൂർത്തിയാക്കി അവനവന്റെ Bio Metric കാർഡ് കരസ്തമാക്കി ലക്ഷ്യസ്ഥാനത്തേക്കുള്ള യാത്ര തുടർന്നു.

ഉളവാക്കുന്ന കാഴ്ചകളാണ് ചുറ്റും. റോഡിന് വീതി നന്നേ കുറവ്. മലനിരകളിൽ ഇത്രയും തന്നെ റോഡുണ്ടാക്കിയത് ബോർഡർ റോഡ്സ് കോർപ്പറേഷന്റെ കഴിവാണ്. ഏത് നേരത്തും മലയിടിച്ചിൽ ഉണ്ടാകാം. അതാണിവിടത്തെ പ്രകൃതി. കൊക്കയിൽ പോയാൽ തരിപോലും കിട്ടില്ല.

ഈ സാഹചര്യത്തിലാണ് മിടുക്കനായ ഒരു ഡ്രൈവറുടെ പ്രസക്തി. നല്ല മിടുമിടുക്കനായ ഒരു ഡ്രൈവറെ ഞങ്ങൾക്ക് കിട്ടിയതുതന്നെ ഒരു പുണ്യമായിട്ടാണ് എല്ലാവരും കരുതിയത്. അസാമാന്യമായ മെയ്‌വഴക്കത്തോടെയും തികഞ്ഞ മനസാന്നിധ്യത്തോടെയും ധാരാളം വളവും തിരിവുമുള്ള ദുർഘടമായ ഈ പാതയിൽ കൂടി അനായാസമായി ഞങ്ങളുടെ സാരഥി ഞങ്ങളെ നയിച്ചു എന്ന് പറയാതിരിക്കുവാൻ നിവൃത്തിയില്ല. കാരണം ഈ തീർത്ഥാടനത്തിൽ പങ്കെടുത്ത എല്ലാവരും തന്നെ തലകുലുക്കി സമ്മതിച്ചതാണ് ഈ കാര്യം. ഇത്രയും സൂചിപ്പിച്ചത് ജോഗ്രഫിക്കൽ കണ്ടീഷൻ വ്യക്തമാക്കാനാണ്.

തീർത്ഥയാത്രികർ ഇപ്പോൾ 6540 അടി സമുദ്രനിരപ്പിൽ നിന്നും ഉയരമുള്ള സൈന്നാ ച്ചട്ടിയിലാണ് താമസം. നാളത്തെ യമുനോത്രി യിലേക്കുള്ള യാത്രാമദ്ധ്യേ നല്ല തണുപ്പുണ്ട്. പൊതുവെ തണുപ്പുള്ള കാലാവസ്ഥയാണ് ഇപ്പോൾ. 30.05.2015 രാവിലെ ഈ പുണ്യയാത്രയിലെ ആദ്യത്തെ കാൽവെയ്പ്പായ 10800 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന യമുന എന്ന പുണ്യനദിയുടെ ഉത്ഭവസ്ഥാനത്തേക്കുള്ള യാത്രയിൽ ജാൻകി ചട്ടിയിലെത്തി. ഇവിടെ നിന്ന് 6 കിലോമീറ്ററോളം വളവും തിരിവും ചരിവും ഉള്ള കുത്തനെയുള്ള കയറ്റമാണ്. അവ തന്നെ ഇടക്കിടെ പൊട്ടി പൊളിഞ്ഞതും പടികൾ ഉള്ളതുമായ വഴിയാണ്. ഈ റോഡിൽ കൂടി സഞ്ചരിക്കണമെങ്കിൽ ഒന്നുകിൽ നാലുപേർ ചുമക്കുന്ന ഡോളി വേണം. അല്ലെങ്കിൽ കുതിര/പോണി വേണം. അതുമല്ലെങ്കിൽ ചെറുപ്പവും ഊർജ്ജവും വേണ്ടുവോളമുണ്ടെങ്കിൽ 3.5 മണിക്കൂർ കൊണ്ട് നടന്ന് ലക്ഷ്യസ്ഥാനത്ത് എത്താം. ലക്ഷ്യ സ്ഥാനത്തെത്തിയാലോ തണുപ്പിന്റെ പൂരം. തണുപ്പിനെ അതിജീവിക്കാൻ വസ്ത്രങ്ങൾ ഇല്ലാത്തവർ ചുരുക്കം. ഇവിടുത്തെ ഉയരം ഓർമ്മയിൽ വയ്ക്കുക. 10800 അടി. സംഘാംഗങ്ങൾ അധികം പേരും ഡോളിയിലും ലേഖകനുൾപ്പെടെ രണ്ടുപേർ കുതിരപ്പുറത്തും കുറച്ചുപേർ നടന്നും ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു. സത്യം പറഞ്ഞാൽ ആ മരവിപ്പിക്കുന്ന തണുപ്പിലും ഹിമഗിരിശൃംഗങ്ങളുടെ മഞ്ഞണിഞ്ഞ ആ കാഴ്ച കേരിത്തരിപ്പിക്കുന്നതായിരുന്നു. ഒരുപക്ഷേ ഫോട്ടോകളിൽ മാത്രം കണ്ടിരുന്ന മഞ്ഞണിഞ്ഞ കൊടുമുടികൾ നൽകിയ ദൃശ്യവിരുന്ന് അപൂർവ്വം തന്നെയാണ്.

കൊടുമുടികളുടെ പശ്ചാത്തലത്തിലാണ് യമുനോത്രി. അഥവാ യമുനയുടെ ആരംഭം. അവിടത്തെ അമ്പലത്തിൽ തൊഴുത് അർച്ചനകൾ നടത്തി നിർവൃതി നേടി.അത്ഭുതകരമായ മറ്റൊരു വസ്തുത മരവിപ്പിക്കുന്ന തണുപ്പിലും തിളക്കുന്ന ഒരു ഉറവ അവിടെ യാത്രികരെ സദാ ആകർഷിച്ചു കൊണ്ടിരിക്കുന്നു. ഇവിടെ പ്രകൃതിയിൽ നിന്നും ഉറവ ഉണ്ടാകുന്നു എന്നുള്ളത് നമ്മളെ അത്ഭുത പ്പെടുത്തും. ആ മരവിപ്പിക്കുന്ന തണുപ്പത്ത് ആ പുണ്യമായ തിളക്കുന്ന നീരുറവയിൽ സ്നാനം ചെയ്ത് നിർവൃതി നേടി. തുടർന്ന് മടക്കയാത്ര. അന്ന് സന്ധ്യയോടെ താമസസ്ഥലത്തെത്തി വിശ്രമിച്ചു.

അടുത്ത ദിവസം (31.05.2015) സൈനാച്ചട്ടിയിൽ നിന്നും അടുത്ത പുണ്യ സ്ഥലമായ ഗംഗോത്രിയിലേക്കുള്ള യാത്രാ മദ്ധ്യേ 115 കിലോമീറ്റർ അകലെയുള്ള ഉത്തരകാശിയിൽ (3500 അടി ഉയരം) എത്തുകയും വിശ്വനാഥ ക്ഷേത്രത്തിൽ ദർശനം നടത്തുകയും, യാത്രാക്ഷീണം മാറ്റാനും ഗംഗോത്രിക്ക് തിരിക്കാനും വേണ്ടി അന്ന് അവിടെ തങ്ങി. തണുപ്പ് അസഹനീയമായിരുന്നു.

അടുത്ത ദിവസം രാവിലെ 01.06.2015 ഉത്തരകാശിയിൽ നിന്നും 100 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ഗംഗോത്രി എന്ന ഗംഗയുടെ ഉത്ഭവസ്ഥാനത്തേക്കുള്ള യാത്ര ആരംഭിക്കുകയും ഉദ്ദേശ്യം 11 മണിയോടെ 4200 അടിയിൽ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഗംഗോത്രിയിൽ എത്തിച്ചേരുകയും ചെയ്തു. ആ സമയത്ത് 4 ഡിഗ്രി സെൽഷ്യസ് ആണ് അവിടത്തെ തണുപ്പ് . കഠിനമായ തണുപ്പ് കൂടെ ചെറുചാറ്റൽ മഴയും . എല്ലാവരും കുറച്ച് നേരത്തേക്ക് തണുത്തു വിറച്ചു എന്നത് സത്യം. ദേഹം ആസകലം തണുപ്പിനെ പ്രതിരോധി ക്കുവാനുള്ള ഉപായങ്ങൾ പ്രയോഗിച്ച് പിടിച്ചു നിന്നു. മഴ പെയ്തൊഴി ഞ്ഞപ്പോൾ പകുതി ആശ്വാസമായി. ഗംഗോത്രി എന്നത് ഭാരതത്തിലെ പുണ്യ നദിയായ ഗംഗയുടെ

ഉത്ഭവസ്ഥാനമാണ്. ഗംഗയെ മാതാവായിട്ടാണ് ഭാരതീയർ ആരാധിക്കുന്നത്. ഗംഗാമാതാവവിന്റെ പേരിലുള്ള ദേവാലയത്തിൽ തൊഴുത് അർച്ചനകൾ ചെയ്ത ശേഷം പവിത്രമായ ഗംഗയിൽ ഇറങ്ങി ഗംഗാമാതാവിനെ വന്ദിച്ച ശേഷം മടക്കയാത്ര ക്കൊരുങ്ങി. ഹിമവാന്റെ മടിത്തട്ടിൽ തന്നെയാണ് ഗംഗയുടെ പിറവിയും. ഗംഗയുടെ പിറവി ശിവനുമായുള്ള കഥ ഇത്തരുണത്തിൽ ഓർമ്മിക്കുക. തിരിച്ച് ഉത്തരകാശിയിലെത്തി താമസിച്ചു.

02.06.2015 രാവിലെ ഉത്തരകാശിയിൽ നിന്ന് യാത്ര തിരിച്ച് അടുത്ത പുണ്യക്ഷേത്രമായ പ്രസിദ്ധമായ കേദാർനാഥിലേക്കുള്ള യാത്രാമദ്ധ്യേ ഉത്തരകാശിയിൽ നിന്നും 230 കി. മീറ്റർ അകലെയുള്ള ഗുപ്ത കാശിയിൽ എത്തുകയും ക്ഷേത്ര ദർശനത്തിനുശേഷം അന്ന് അവിടെ താസിക്കുകയും ചെയ്തു.

03.06.2015 രാവിലെ ഗുപ്തകാശിൽ നിന്നും കേദാർനാഥിലേക്കുള്ള ഹെലി പാഡിലേക്കുള്ള 12കി.മീറ്റർ അകലെയുള്ള ഹാട്ടയിലെത്തുകയും തുടർന്നു 6പേർ വീതം ഹെലികോപ്ടറിൽ യാത്ര ചെയ്തു പ്രസിദ്ധമായ കേദാർനാഥ് ക്ഷേത്രത്തിലെത്തുകയും (11200 അടി) ഹിമാവാന്റെ മടിത്തട്ടിൽ സ്ഥിതിചെയ്യുന്ന സാക്ഷാൽ ശിവന്റെ ആവാസകേന്ദ്രമായ ഹിമവൽ സാനുക്കളുടെ സാന്നിദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന കേദാർനാഥനെ തൊഴുതു വന്ദിച്ച് തിരിച്ച് മടങ്ങി.

ഒരു നിമിഷം നമ്മൾ സ്വപ്നമാണോ കാണുന്നത് എന്ന് സംശയിച്ച് പോയി. മഞ്ഞുകൊണ്ടു മൂടികിടക്കുന്ന കൊടുമടികളുടെ പശ്ചാത്തലം അവർണ്ണനീയമത്രേ. തികഞ്ഞ തണുപ്പായിരുന്നിട്ടും ആ മനോഹര കാഴ്ച നമ്മളെ പിടിച്ചുനിർത്തും തീർച്ച. ഈയിടെ അവിടെ യുണ്ടായ പ്രളയക്കെടുതിയിൽ അമ്പലമൊഴികെ എല്ലാം തകർന്നു തരിപ്പണമായി. എങ്ങും പാറക്കൂട്ടങ്ങളും കെട്ടിടാവശിഷ്ടങ്ങളും മാത്രം ഭഗവാന്റെ ശക്തിവിശേഷം എന്നല്ലാതെ എന്തു പറയാൻ. താല്ക്കാലികമായി ചില ടെന്റുകൾ ഉയർന്നു വരുന്നുണ്ട്. പഴയ പടിയാവാൻ കാലം ഏറെ വേണ്ടി വരും. ഹാട്ടയിൽ നിന്നും മലനിരകൾ ക്കിടയിലൂടെ 11200 അടി ഉയത്തിലേക്കുള്ള യാത്ര അത്ഭുതവും അമ്പരപ്പും ഒരേ സമയം ഉളവാക്കും. അംഗങ്ങളെല്ലാം തന്നെ ഏറെ ആസ്വദിച്ച ഒന്നാണ് ഈ ഹെലികോപ്ടർ യാത്ര. കേദാർനാഥിൽ നിന്ന് തിരിച്ച് ഗുപ്തകാശിയിലെത്തി. ബദരീനാഥി ലേക്കുള്ള യാത്രാമദ്ധ്യേ 128 കി. മീറ്റർ അകലെയുള്ള പിപ്പലികോട്ട എന്ന സ്ഥലത്തെത്തി താമസിച്ചു.

അടുത്ത ദിവസം 04.06.2015 രാവിലെ 80 കിമീറ്റർ അകലെയുള്ള ബദരീനാഥക്ഷേത്രം ലക്ഷ്യമാക്കി യാത്ര തുടർന്നു. ഉച്ചക്ക് ശേഷം കഠിനമായ തണുപ്പ് അനുഭവപ്പെടുന്ന 10240 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ബദരീനാഥിലെത്തി താമസിച്ചു. തുടർന്ന് വൈകിട്ട് പ്രസിദ്ധമായ ആദിനാരായണ ക്ഷേത്ര ത്തിൽ ദർശനം നടത്തി. ആരതി തൊഴുകയും ഭഗവാനെ വണങ്ങി അർച്ചനകൾ നടത്തുകയും ചെയ്തു.

ഇവിടെ ആദിനാരായണ രൂപമായ വിഷ്ണുവാണ് പ്രതിഷ്ഠ. പ്രസിദ്ധമായ അളകനന്ദ എന്ന നദി ഈ ക്ഷേത്രത്തിന് മുമ്പിൽ കൂടി കുണിങ്ങി ഒഴുകുന്ന കാഴ്ച ആരിലും വിസ്മയം ഉളവാക്കും. ഇവിടെയും യമുനോത്രിയിലെന്ന പോലെ പ്രകൃതിയിൽ നിന്നും നേരിട്ടു വരുന്ന ചൂടുള്ള ഉറവ (സപ്ത ഗുണ്ട്) ഒരു അത്ഭുതം തന്നെയാണ്. എത്രയോ പേർ ആ പുണ്യ ഉറവയിൽ സ്നാനം ചെയ്ത് മോക്ഷം നേടി. ഒരു വശത്ത് കടുത്ത തണുപ്പ് - മറുവശത്ത് പ്രകൃതിയുടെ ചൂടുള്ള - ഉറവ ഭഗവാന്റെ മായാവിലാസം എന്നല്ലാതെ എന്തു പറയാൻ. രാത്രി മലയാളിയായ പയ്യന്നൂർക്കാരൻ പൂജാരിയുമായി ഞങ്ങളുടെ സംഘം ഒരു സത്സംഗം നടത്തി അനുഗ്രഹം വാങ്ങി. തണുപ്പിനെ പ്രതിരോധിക്കാൻ എല്ലാ ഉപായങ്ങളും പയറ്റേണ്ടിവന്നു.

അടുത്ത ദിവസം (05.06.2015) രാവിലെ അരമണിക്കുറോളം നീണ്ടു നിന്ന പിതൃതർപ്പണം ക്ഷേത്ര സന്നിധിയിൽ നടത്തുകയും നമ്മുടെ പൂർവ്വിക രെയെല്ലാം ആ അവസരത്തിൽ ഓർമ്മിക്കുകയും ചെയ്തു. തുടർന്നു ഇൻഡ്യയുടേയും ചൈനയുടേയും ബോർഡർ വില്ലേജായ മനായിലെത്തുകയും (ഇന്ത്യയുടെ അവസാനത്തെ വില്ലേജ്) വ്യാസൻ തപസിരുന്ന വ്യാസഗുഹയും മറ്റും സന്ദർശിക്കുകയും തിരിച്ച് ബദരീനാഥിലെത്തി അവിടെ താമസിക്കുകയും ചെയ്തു.


അടുത്ത ദിവസം (06.06.2015) രാവിലെ ബദരീനാഥിൽ നിന്നും ഹരിദ്വാറിലേക്കുള്ള യാത്രാ മദ്ധ്യേ രുദ്രപ്രയാഗിലെത്തുകയും അവിടെ പുരാതന ക്ഷേത്രമായ ആദി ബദരിക്ഷേത്രം സന്ദർശിക്കുകയും തുടർന്ന് സാക്ഷാൽ ശങ്കരാചാര്യൻ തപസ്സിരുന്ന വൃക്ഷവും താമസിച്ചിരുന്ന സ്ഥലവും കണ്ട്

(ശേഷം പേജ് 66-ൽ)

# നെഫ്രോട്ടിക് സിൻഡ്രോം (NEPHROTIC SYDROME)



ഡോ.സരിത രമേഷ്




പയറുമണിയുടെ ആകൃതിയിൽ ഉദരത്തിനകത്ത് നട്ടെല്ലിന്റെ ഇരുവശത്തുമായി സ്ഥിതി ചെയ്യുന്ന ഒരു ജോഡി അവയവങ്ങളാണ് വൃക്കകൾ. വിസർജനാവയങ്ങളായാണ് ഇവ അറിയപ്പെടുന്നതെങ്കിലും വൃക്കകൾക്ക് മറ്റു പ്രധാന ധർമ്മങ്ങളുണ്ട്.

1) ശരീരത്തിലെ വിസർജ്യവസ്തുക്കളെ മൂത്രത്തിലൂടെ പുറന്തള്ളുന്നു.

2) ശരീരത്തിലെ ലവണങ്ങളുടെയും ജലാംശത്തി ന്റെയും സന്തുലനം

3) രക്ത സമ്മർദ്ദ നിയന്ത്രണം

4) ചുവന്ന രക്താണുക്കളുടെ ഉൽപാദന ക്രമീകരണം

5) അസ്ഥികളുടെ രൂപവൽകരണത്തിന് ആവശ്യ മായ ജീവകം ഡി യെ (Vitmin-D) സജീവ രൂപത്തി ലാക്കാൻ

6) രക്തത്തിലെ അമ്ലാവസ്ഥ നിയന്ത്രിക്കൽ.

കുട്ടികളിൽ കണ്ടുവരുന്ന വൃക്കരോഗങ്ങളിൽ ഒന്നാണ് നെഫ്രോട്ടിക് സിൻഡ്രം (Nephrotic syndrom). സാധാരണയായി മൂത്രത്തിലൂടെ വളരെ നിസ്സാരമായ അളവിൽ മാത്രമേ പ്രോട്ടീൻ അഥവാ ആൽബുമിൻ പുറന്തള്ളപ്പെടുകയുള്ളൂ. നിശ്ചിത അളവിലും വളരെ കൂടുതലായി പ്രോട്ടീൻ മൂത്രത്തിലൂടെ പോകുന്ന അവസ്ഥയെ നെഫ്രോട്ടിക് സിൻഡ്രം എന്ന് വിളിക്കുന്നു. മൂത്രത്തിൽ പ്രോട്ടീൻ നഷ്ടപ്പെടുന്നതുകൊണ്ട് രക്തത്തിൽ ആൽബുമിന്റെ അളവ് കുറയുകയും കൊഴുപ്പിന്റെ അളവ് കൂടുകയും ചെയ്യുന്നു. ഈ രോഗാവസ്ഥ രണ്ടു വൃക്കകളെയും ബാധിക്കാറുണ്ട്.

മുഖത്തും കാലിലും ചിലപ്പോൾ ശരീരമാസകലവും വീക്കമോ നീർക്കെട്ടോ പ്രത്യക്ഷ പെടും. രാവിലെ എഴുന്നേൽക്കുന്ന സമയത്ത്

മുഖത്തും വൈകുന്നേരമാകുമ്പോൾ കാലുകളിലുമാണ് നീർക്കെട്ട് ഉണ്ടാകുന്നത്. വയറ്റിൽ നീർക്കെട്ട് ഉണ്ടാകുന്നത് വയറ്റിൽ നീരുണ്ടാകുന്നതിനാൽ വയറ്റുവേദന, വയർ സ്തംഭനം എന്നിവ യുണ്ടാകാം ശ്വാസകോശങ്ങൾക്ക് അകത്തോ പുറത്തോ നീർക്കെട്ടുണ്ടായാൽ ശ്വാസം മുട്ടലും ശ്വാസ തടസ്സവും അനുഭവപ്പെട്ടേക്കാം. രക്ത ത്തിലെ ആൽബുമിന്റെ അളവ് കുറയുന്നതു മൂലം ശരീരത്തിൽ അമിതമായ ജലാംശം ഉണ്ടാകുന്ന താണ് നീർക്കെട്ടിന് കാരണം, മൂത്രത്തിൽ പ്രോട്ടീൻ അമിതമാകുമ്പോൾ പതയുണ്ടാകുന്നു. പതഞ്ഞു പോകുന്ന മൂത്രം ഈ രോഗത്തിന്റെ ലക്ഷണമാണ്.

അലർജിയും ആസ്മയുമുള്ള കുട്ടി കളിൽ നെഫ്രോട്ടിക് സിൻഡ്രോം കൂടുതലായി കണ്ടുവരുന്നു. ജനിതക ഘടകങ്ങളിൽ പ്രത്യേക വ്യതിയാനം ഉണ്ടായാൽ കുട്ടികളിൽ മൂത്രത്തിലൂടെ അമിതമായി പ്രോട്ടീൻ നഷ്ടപ്പെടുന്നു. ചില രോഗങ്ങളും വൃക്കകളെ ബാധിച്ച് നെഫ്രോട്ടിക് സിൻഡ്രോം ഉണ്ടാകാറുണ്ട്.

മൂത്രപരിശോധയിലൂടെ ഈ രോഗം കണ്ടുപിടിക്കാനാകും. രക്തവും (Serum Albumin, Serum Creatinine) മൂത്രവും പരിശോധിച്ചാൽ ഈ രോഗത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണ ലഭിക്കും.

■



# മുടി കൊഴിച്ചിൽ



ഡോ.എം. ദേവിദാസ് വെള്ളോടി

ഒരു ശരാശരി ഇന്ത്യക്കാരനെ അലട്ടുന്ന ഒരു വലിയ പ്രശ്നമാണ് മുടി കൊഴിച്ചിൽ. മുടികൊഴിച്ചിലിനുള്ള മരുന്നന്വേഷിച്ചുകൊണ്ട് എനിക്ക് ദിവസേന 3 - 4 ഇ - മെയിലുകളെങ്കിലും വരാറുണ്ട്. ക്ലിനിക്കിൽ വരുന്ന രോഗികളിൽ 2 - 3 രോഗികളെങ്കിലും മുടി കൊഴിച്ചിലിനുള്ള തൈലം ചോദിച്ച് വാങ്ങാറുണ്ട്. യഥാർത്ഥത്തിൽ മുടികൊഴിച്ചിൽ തലക്ക് തൈലം തേച്ച് കുളിച്ചാൽ മാത്രം മാറുമോ? നല്ല പനങ്കുലപോലെ മുടിയുള്ള യുവതിയുടെ (ഇനി കൃത്രിമ മുടിയാണോ എന്നും സംശയമുണ്ട്) ഫോട്ടോ കാണിച്ച് മുടി കൊഴിച്ചിലിനുള്ള എണ്ണ വിറ്റ് മാത്രം ധനികരാകുന്ന കച്ചവടക്കാർ കൂടി വരുന്നു. എന്നാൽ സത്യത്തിൽ മുടികൊഴിയുന്നവരുടെ എണ്ണവും കൂടുന്നു. പനങ്കുലപോലെയുള്ള മുടിക്ക് പകരം കവുങ്ങിൻ പൂക്കില പോലെയാണ് മിക്ക സുന്ദരിമാരുടെയും തലമുടി. യുവാക്കളുടെ കാര്യം പറയാനില്ല. എല്ലാവരും ഫഹദ് ഫാസിൽ സ്റ്റൈൽ അനുകരിച്ചു തുടങ്ങിയിരിക്കുന്നു.

**എന്താണ് മുടികൊഴിച്ചിൽ:**

ശിരസ്സിൽ നിന്നോ ദേഹത്തുനിന്നോ ക്രമാതീതമായി മുടി അല്ലെങ്കിൽ രോമം (Hair) കൊഴിയുന്നതിനെ സമാന്യമായി 'മുടികൊഴിച്ചിൽ' എന്ന് വിശേഷിപ്പിക്കാം. ഇത് പുരുഷൻമാരിൽ സാധാരണ കണ്ടുവരാറുള്ള കഷണ്ടി (Baldness) രൂപത്തിലോ ഇന്ദ്രലുപ്ത രൂപത്തിലോ (വട്ടത്തിൽ മുടി കൊഴിയുക (Alopcia Areata)), മുടി പൊട്ടിപോകുന്ന തരത്തിലോ, മുടിയുടെ സമൃദ്ധി കുറയുന്ന രീതിയിലോ കാണാം.

**ലക്ഷണങ്ങൾ :**

തലമുടി വട്ടത്തിൽ മുഴുവനായി കൊഴിയുന്നതാണ് ഇന്ദ്രലുപ്തം (Alopacia Areata), മുടി ഭാഗികമായോ മുഴുവനായോ കൊഴിഞ്ഞ് ചർമത്തിന് തിളക്കം വരുന്ന അവസ്ഥയാണ് കഷണ്ടി (Baldness). മുടിയുടെ നീളം കുറയുന്നതും സമൃദ്ധി (Thickness) കുറയുന്നതും മുടി കൊഴിച്ചിൽ കൊണ്ടുതന്നെയാണ്.

**തലമുടി (Hair) :**

ചർമ്മത്തിലെ ഏറ്റവും പുറത്തെ ആവരണത്തിൽ (Outer layer) രോമകൂപങ്ങളുണ്ട് (Hair folicles). ഈ ഫോളിക്കിൾസ് ഉൽപാദിപ്പിക്കുന്ന "കെരാറ്റിൻ" (Keratin) എന്ന പ്രോട്ടിനാൽ ഉണ്ടാക്കപ്പെട്ടതാണ് തലമുടി അഥവാ രോമം. നിർജീവമായ കരാറ്റിൻ കോശങ്ങളാണ് നാം പുറത്തേക്ക് കാണുന്ന തലമുടി അഥവാ രോമം. രോമകൂപങ്ങൾ (Hair folicles) പഴയ കോശങ്ങളെ കളയുകയും പുതിയവ ഉൽപാദിപ്പിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഒരു ശരാശരി മനുഷ്യന്റെ തലയിൽ 1,00,000 - 1,50,000 തലമുടിയുണ്ട്. ഇതിൽ ദിവസേന നൂറ് മുടിയെങ്കിലും കൊഴിയുന്നുണ്ട്. മുടികൊഴിയുന്നതിനനുസരിച്ച് പുതിയവ വരുന്നതിനാൽ നാമിത് ശ്രദ്ധിക്കാറില്ല. തലമുടി പുതിയവ വരുന്നതിനേക്കാളും കൂടുതലായി കൊഴിഞ്ഞാൽ നമുക്ക് മുടികൊഴിച്ചിലായി അനുഭവപ്പെടും. വാർധക്യത്തിൽ സ്വാഭാവികമായി കൂടുതൽ (Hair folicles) രോമകൂപങ്ങൾ വിശ്രമത്തിലേക്ക് പോകുകയും അതിനാൽ മുടികൊഴിച്ചിൽ കൂടുതലാവുകയും മുടിയുടെ സമൃദ്ധി കുറയുകയും ചെയ്യും.

**കാരണങ്ങൾ:**

**(A) കഷണ്ടി (Androgenic Alopacia) :**

**1)** പാരമ്പര്യമായി കഷണ്ടി കണ്ട് വരാറുണ്ട്. മാതാപിതാക്കളുടെ ജീനുകളിലൂടെ ഇത് പുതിയ തലമുറയിലേക്ക് എത്തിപ്പെടുന്നു.

**2)** പോഷണത്തിന്റെ (Nutrition) കുറവ്

അടുത്തകാലത്തായി നടന്ന പഠനങ്ങ

ളിൽ ബയോട്ടിൻ, പ്രോട്ടീൻ, സിങ്ക്, ഫെരിറ്റിൻ എന്നിവയുടെ കുറവ് തലമുടി കൊഴിച്ചിലിന് കാരണമായി പറയുന്നു. മൃഗങ്ങളുടെ കൊഴുപ്പ് (Animal Fat) കൂടുതൽ കഴിക്കുന്നതും വിറ്റാമിൻ A യുടെ അമിതോപയോഗവും മുടി കൊഴിയാൻ കാരണമാകുന്നു.

**3)** രോഗാണുബാധ (Infection)

ഫംഗൽ ഇൻഫെക്ഷൻ, ഫോളിക്കുലൈറ്റിസ്, സെല്ലുലൈറ്റിസ് തുടങ്ങിയ രോഗാണുബാധമൂലം മുടികൊഴിയും.

**4)** ആഘാതം (Trauma)

വളരെ ശക്തിയിൽ മുടി പടിച്ചു വലിക്കുന്നതും Straightening, മുടി കൂടുതൽ ചൂടാക്കുന്നതും Chemotherapy (കീമോതെറാപ്പി), റേഡിയേഷനും മുടികൊഴിച്ചിൽ ഉണ്ടാക്കുന്നു.

## (B) ഇന്ദ്രലുപ്തം (Alopacia Areata)

വട്ടത്തിൽ മുടികൊഴിയുന്നതാണ് ഇതിന്റെ പ്രധാന വ്യത്യാസം. രോഗപ്രതിരോധന ശേഷിയിലുള്ള കുറവ് (Auto Immune Disorder) ആണ് ഇങ്ങിനെ മുടികൊഴിയുന്നതിന് കാരണം. തുടക്കത്തിൽ കൃത്യമായി പരിചരിച്ചാൽ നിയന്ത്രണത്തിൽ കൊണ്ടുവരാവുന്നതാണ്. മാറിയ ജീവതശൈലിയും ഭക്ഷണക്രമവും, വ്യായാമക്കുറവും, അമിതമായ മാനസിക പിരിമുറുക്കവും (Stress) ഈ Auto Immunel Disorder ന് പ്രത്യേക കാരണങ്ങളായി പറയുന്നു.

## (C) Hypothyroidism(തൈറോയ്ഡ് ഗ്രന്ഥിയുടെ പ്രവർത്തനക്കുറവ്)

തൈറോയ്ഡ് ഹോർമോണിന്റെ ഉൽപാദനക്കുറവ് മുടികൊഴിച്ചിലിന് പ്രത്യേക കാരണമാണ്.

## (D) PCOS (Poly Cystic Ovarian Syndrom)

സ്ത്രീകളിൽ ആർത്തവ സംബന്ധമായി ഇപ്പോൾ വളരെ വ്യാപകമായി കാണുന്ന PCOS ഉള്ളവരിൽ മുടികൊഴിച്ചിൽ കൂടുതലായി കാണന്നു.

## (E) മാനസിക പിരുമുറുക്കം (Stress)

അമിതമായി മാനസിക പിരിമുറുക്കം, ഉറക്കമില്ലായ്മ, അമിതമായ ആകാംക്ഷ എന്നിവ ക്രമേണ Auto Immune Disorder ആയി മാറുകയും തുടർന്ന് മുടികൊഴച്ചിൽ കണ്ട് തുടങ്ങുകയും ചെയ്യും.

## മുടികൊഴിച്ചിലിനുള്ള ചികിത്സ :

### സാമാന്യ ചികിത്സ :

നിത്യവും മുടി വൃത്തിയായി കഴുകുക, അനുയോജ്യമായ തൈലങ്ങളാൽ സാന്ത്വനിപ്പിക്കുക, വൃത്തിയായി ചീകി വെയ്ക്കുകയോ മെടഞ്ഞിടുകയോ ചെയ്യുക, അധികം എരിവില്ലാത്ത, മൃഗക്കൊഴുപ്പില്ലാത്ത ഭക്ഷണം കൃത്യസമയത്ത് കഴിക്കുക, രാത്രി ഉറക്കമൊഴിക്കാതിരിക്കുക, മാനസിക പിരിമുറുക്കം നിയന്ത്രിക്കുക, സ്ഥിരമായി വ്യായാമം ചെയ്യുക എന്നിവ സാമാന്യമായി മുടികൊഴിച്ചിൽ കുറയുന്നതിനും സമൃദ്ധമായി മുടി വളരുന്നതിനും കാരണമാകുന്നു.

## Hair Transplant (പറിച്ച് നടൽ)

ഇതൊരു ശസ്ത്രക്രിയ ഉപാധിയാണ്. സമൃദ്ധമായി മുടിയുള്ള ഭാഗങ്ങളിൽ നിന്ന് മുടി എടുത്ത് തീരെ മുടിയില്ലാത്തിടത്ത് വെച്ച് പിടിപ്പിക്കുന്ന രീതിയാണ്. കഷണ്ടി ഒരു മാനസിക പ്രശ്നമായവർക്ക് ഈ രീതി ഉത്തമമാണ്.

പോഷണക്കുറവിനാലുള്ള മുടികൊഴിച്ചിലിന് ഡോക്ടറുടെ നിർദ്ദേശപ്രകാരം വൈറ്റമിൻ, പ്രോട്ടീൻസ്, അയേൺ സപ്ലിമെന്റുകൾ കഴിക്കുന്നത് മുടി വളരാൻ കാരണമാകുന്നു. PCOS തൈറോയ്ഡ് രോഗങ്ങളിൽ കൃത്യമായി ചികിത്സ ചെയ്യുകയാണെങ്കിൽ മുടികൊഴിച്ചിൽ നിയന്ത്രണത്തിൽ വരുത്തുവാൻ കഴിയും.

## മുടികൊഴിച്ചിലിന് ആയുർവ്വേദ ചികിത്സ :

ആയുർവ്വേദത്തിൽ മുടികൊഴിച്ചിൽ പിത്തദോഷത്തിന്റെ തകരാറായി പരാമർശിക്കുന്നു. മിതമായ ഭക്ഷണക്രമം, ജീവിതശൈലി ക്രമീകരിക്കുന്നതും തലമുടി ദിവസേന യുക്തമായ തൈലങ്ങൾ തേച്ച് സ്നിഗ്ധമാക്കി വൃത്തിയായി കഴുകിയുണക്കി സൂക്ഷിക്കുന്നതിനും നിർദ്ദേശിക്കുന്നു. മുടികൊഴിച്ചിലിന്റെ ഘടനയും ദോഷത്തിന്റെ (വാതപിത്തകഫങ്ങളുടെ) ഏറ്റക്കുറച്ചിലും പരിഗണിച്ച് വേണം തലയിൽ തേക്കുവാനുള്ള എണ്ണ തിരഞ്ഞെടുക്കേണ്ടത്.

## താരൻ:

തലയിലെ താരൻ മുടികൊഴിച്ചിലിന് ഒരു

പ്രധാന കാരണമാണ്. തലമുടിയിലെ പൊടിപടല ങ്ങളും വിയർപ്പും ചേർന്ന് താരന് വളക്കൂറേകുന്നു. ദുർദ്ധൂര പത്രാദി വെളിച്ചെണ്ണ, പാമാന്തക തൈലം തുടങ്ങിയ വെളിച്ചെണ്ണകൾ തലയിൽ തേച്ച് കുളിക്കുന്നതും മൃദുവായ താളിയാലോ ഷാംപൂവിനാലോ തലയിലെ അഴുക്കുകളയുന്നതും താരനെ ഇല്ലാതാക്കാം. കഴിയുന്നതും സ്വന്തം തോർത്തുമുണ്ടോ, ടവ്വലോ, ചീർപ്പോ മറ്റുള്ളവരു മായി പങ്കുവെയ്ക്കാതിരിക്കുക.

### ഇന്ദ്രലുപ്തം (Alopacia Areata) (വട്ടത്തിൽ മുടിപോവുക)

ഇന്ദ്രലുപ്തത്തിന് ആയുർവ്വേദത്തിൽ ഫലപ്രദമായ ചികിത്സയുണ്ട്. മാലത്യാദ്രി തൈലം പോലുള്ളവ തലയിൽ തേയ്ക്കാൻ നല്ലതാണ്. "ഹസ്തിദന്ത മഷി" എന്ന ലേപം വൈദ്യനിർദ്ദേശാനുസരണം ഉപയോഗിക്കണം. യുക്തമായ മരുന്ന് സേവയും വേണ്ടി വരും.

**മുടിയുടെ ഘനം കുറഞ്ഞുവരുന്നതിന് :**

പ്രത്യേകിച്ച് കാരണങ്ങളൊന്നുമില്ലാതെ മുടിയുടെ സമൃദ്ധി കുറയുന്നതിന് നീലഭൃംഗാദി വെളിച്ചെണ്ണ, ക്ഷീരബലതൈലം, കുന്തളകാന്തി തൈലം, തുടങ്ങിയവ ഫലപ്രദമാണ്. ഓട്ടോ ഇമ്യൂൺ അസുഖങ്ങളായ തൈറോയ്ഡ് രോഗം, പോളിസിസ്റ്റിക് ഓവേറിയൻ ഡിസീസ് (PCOS) തുടങ്ങിയവയിൽ പ്രധാനവ്യാധി നിയന്ത്രണത്തിൽ വരുമ്പോൾ മുടികൊഴിച്ചിലും കുറയും.

**മാനസികപിരിമുറുക്കത്തിൽ ചികിത്സ:**

മാനസിക സംഘർഷം കുറയ്ക്കുന്ന ജീവിത ശൈലി സ്വീകരിക്കുക. ഹിതവും മിതവു മായ ഭക്ഷണം കഴിക്കുക, സമയത്തിന് ഉറങ്ങുക, ക്ഷീരബലതൈലം തുടങ്ങിയ തൈലങ്ങളാൽ 'പിചു', 'ധാര' തുടങ്ങിയ ചികിത്സകൾ ചെയ്യുക, വൈദ്യനിർദ്ദേശാനുസരണം ഔഷധങ്ങൾ സേവിക്കുക മുടികൊഴിച്ചിൽ കുറയും.

**ചില ആയുർവ്വേദ മരുന്നുകൾ:**

1) ഭൃംഗരാജാസവം 25ml 2 നേരം ഭക്ഷിക്കുക.

2) കയ്യുണ്യാദി എണ്ണ, ബ്രഹ്മീതൈലം

3) ത്രിഫലചൂർണം ദിവസേന രാത്രി കഴിക്കുക

4) പോഷകക്കുറവുള്ള രോഗികളിൽ ച്യവന പ്രാശം, അശ്വഗന്ധചൂർണം, അശ്വഗന്ധാരിഷ്ടം, ലോഹാസവം തുടങ്ങിയവ ഫലപ്രദമാണ്.

5) കറ്റാർവാഴനീര് തേച്ചിരുന്ന് 1/2 മണിക്കൂർ ശേഷം തലകഴുകുക

6) ചെമ്പരത്തിപൂവും ഇലയും ചേർത്ത് വാട്ടി പിഴിഞ്ഞെടുക്കുന്നത് ഷാംപൂവായി ഉപയോഗിക്കുക

7) നെല്ലിക്ക നീര് 25ml (2 നെല്ലിക്ക) സേവിക്കുക

8) താരനുണ്ടെങ്കിൽ പാമാന്തക തൈലം, ദുർദ്ധൂരപത്രാദി വെളിച്ചെണ്ണ എന്നിവ ഉപയോ ഗിക്കുക.

**ഭക്ഷണശീലവും വ്യായാമവും**

1) പച്ചക്കറികളും, ഇലക്കറികളും, പഴവർഗ്ഗ ങ്ങളും ധാരളമായി ഉപയോഗിക്കുക
2) ദിവസേന 1 ഗ്ലാസ് മോര് കുടിക്കുക
3) എരിവ് കുറഞ്ഞ ഭക്ഷണം കഴിക്കുക
4) പോഷകാംശം കുറഞ്ഞ (Junk food) ഭക്ഷണം ഒഴിവാക്കുക
5) സോഡ, മറ്റു കാർബണേറ്റിംങ്ങ് പാനീയ ങ്ങൾ കഴിക്കരുത്.
6) ക്യാരറ്റ് ജൂസ് മധുരമിടാതെ കുടിക്കുക
7) നെല്ലിക്ക ജൂസ് കുടിക്കുക
8) ദിവസേന 2 1/2 ലിറ്റർ വെള്ളമെങ്കിലും കുടിക്കുക
9) മദ്യം, പുകവലി ഒഴിവാക്കുക
10) ദിവസേന യോഗാഭ്യാസം ചെയ്യുക
11) അമിതവണ്ണം നിയന്ത്രിക്കണം
12) രാസമിശ്രിതമായ ഷാംപൂ സ്ഥിരമായി ഉപയോഗിക്കരുത്
13) ഹെയർ ഡ്രൈയർ, Hair Straitner എന്നിവ ഉപയോഗിക്കാതിരിക്കുക
14) സ്ത്രീകൾ മുടി ഉണങ്ങിയ ശേഷം മെടഞ്ഞിടുക
15) പരസ്യങ്ങൾക്ക് പുറകെ പോകാതെ വൈദ്യന്റെ നിർദ്ദേശം അനുസരിക്കുക. ■



# ചിക്കൻ പോക്സ്

ഡോ.കല്യാണി മേനോൻ

ഈ പകർച്ച പനിക്ക് കാരണം Human Herpes Virus ആണ്. തൊലിപ്പുറത്തെ പാടുകൾ കാണുന്നതിന് രണ്ട് ദിവസം മുമ്പ് മുതൽ അവ ഉണങ്ങിക്കരിഞ്ഞു ഉതിർന്ന് പോകുന്നതുവരെ ആ രോഗിയിൽ നിന്ന് മറ്റുള്ളവർക്ക് രോഗം പകരാം. വൈറസ് ശരീരത്തിൽ പ്രവേശിച്ചാൽ രോഗലക്ഷണങ്ങൾ ഉണ്ടാവാൻ 11 - 21 ദിവസം പിടിക്കുന്നു. (Incubation Period) വായുവിൽ കൂടിയും. തൊലിപ്പുറത്തൂടെയുള്ള Contact വഴിയുമാണ് പകരുന്നത്.

**രോഗലക്ഷണങ്ങൾ:**

പനി, ക്ഷീണം, തൊലിപ്പുറത്തെ ചുവന്ന പാടുകൾ - ഇവ കുറച്ചു മണിക്കൂറുകൾക്കകം കൊച്ചു കുമിളകൾ പോലെ ആവുന്നു. കുറച്ചു ദിവസത്തിനകം അവ ഉണങ്ങിക്കരിഞ്ഞ് പോകുന്നു. ദേഹത്തും മുഖത്തും തലയോട്ടി(Scalp)യിലു മാണ് കൂടുതലുമുണ്ടാകുന്നത്. കൈകാലുകളിൽ അവയുടെ എണ്ണം കുറവാണ്. 1 - 5 ദിവസം ശരീര ത്തിലെ പല ഭാഗത്തുമായി ഇടയ്ക്കിടെ വന്ന് ഉണങ്ങിക്കരിഞ്ഞു പോകാൻ 7 - 21 ദിവസം പിടിക്കുന്നു.

**Complications :**

പ്രതിരോധശക്തി ഉള്ളവരിൽ അധികം പ്രശ്നങ്ങൾ ഉണ്ടാകാതെ രോഗം മാറുന്നു. എന്നാൽ അത് കുറഞ്ഞവരിൽ പല Complications ഉണ്ടാകാം. തലച്ചോർ, കരൾ, വൃക്ക, പാൻക്രിയാസ്, ഹൃദയം, ത്വക്ക്, ശ്വാസകോശം എന്നിവയെ ബാധിക്കാം. അതിനുമേൽ വരുന്ന അണുബാധയുടെ സ്ഥിതി കൂടുതൽ വഷളാക്കുന്നു. ഗർഭിണികളിൽ ഗർഭമലസൽ, ഗർഭസ്ഥ ശിശുമരണം ഉണ്ടാകാം. തലച്ചോർ, കൈകാലുകൾ, കാഴ്ച, കേൾവി എന്നിവയെ ബാധിക്കുന്ന ജൻമവൈകല്യങ്ങളും ഉണ്ടാവാൻ സാധ്യതയുണ്ട്. പ്രസവം കഴിഞ്ഞു അമ്മയ്ക്ക് വന്നാൽ നവജാതശിശുവിന് അത് വലിയ Risk ആണ്.

രോഗം വന്നശേഷം ചിലരിൽ Herpes Zoster Virus, Nerves ൽ Inactive ആയി ഇരിക്കുന്നു. പിന്നീട് വർഷങ്ങൾക്കുശേഷം പ്രത്യേകിച്ച് പ്രതിരോധശക്തി കുറയുന്ന സമയത്ത് അവ Reactivated ആവുന്നു. ഈ അവസ്ഥയിൽ ആ Nerves ന്റെ Distribution Area യിൽ തൊലിപ്പുറത്ത് ചിക്കൻപോക്സിന്റെ പോലെ കലകൾ ഉണ്ടാകുന്നു. മുഖത്തിന്റെ Nerve Supply ൽ പ്രധാന പങ്കുവഹിക്കുന്ന Facial Nerve നെ ബാധിച്ചാൽ കണ്ണ്, ചെവി, മുഖത്തിന്റെ ഒരു ഭാഗം Paralysed ആവുന്ന Bells Palsy എന്നിവ ഉണ്ടാകാം.

**Diagnosis**

രോഗലക്ഷണങ്ങൾ കൊണ്ടുതന്നെ യാണ് സാധാരണ രോഗനിർണ്ണയം. Antibody Detection Tests PCR, Tzanak Smear മുതലായ Tests ഉണ്ട്.

**ചികിത്സ:**

Acyclovir എന്ന Anti Viral മരുന്നാണ് സാധാരണ കൊടുക്കുന്നത്. പനിയുള്ള സമയത്ത് Bed Rest കലകൾ ഉണങ്ങിക്കരിഞ്ഞ് പോകുന്ന തുവരെ Isolation വേണം. Aspirin, Nsaids ഉപയോഗിക്കാൻ പാടില്ല.

**Prevention**

രോഗം വന്നാൽ Complications ഉണ്ടാകാൻ കൂടുതൽ സാധ്യതയുള്ളവർക്ക് HZIG (Herpes Zoster Immunoglobin) കൊടുക്കുന്നു.

Contact ഉണ്ടായി 72 മണിക്കൂറിനുള്ളിൽ Chicken Pox Vaccination എടുത്താൽ >85% അതു വരാതിരിക്കാനും, 95% -ൽ രോഗം വന്നാലും Serious complications ഒഴിവാക്കാനും സഹായിക്കുന്നു.

2 Dose 4 -8 ആഴ്ച ഇടവിട്ട് എടുക്കണം.

Live Vaccine ആയതുകാരണം പ്രതി രോധശക്തി കുറഞ്ഞിരിക്കുന്ന അവസ്ഥകളിൽ എടുക്കാൻ പാടില്ല. (ഗർഭമുള്ള സ്ത്രീകൾ പനിയോ, അസുഖങ്ങൾ കൂടിയിരിക്കുന്ന സമയത്തോ, HIV, AIDS, Transplant and Chemo എടുത്തുകൊണ്ടിരി ക്കുമ്പോൾ Long Term Steroids ഇവ ഈ വിഭാഗത്തിൽ പെടുന്നു.

പ്രതിരോധ കുത്തിവയ്പ്പ് എടുത്ത സ്ത്രീകൾ 3 മാസത്തേയ്ക്ക് ഗർഭം ധരിക്കാൻ പാടില്ല.

■

# ക്ഷേത്രധർമ്മ അവബോധന സമിതി

## ശുചിത്വം : സംസ്കാരത്തിൻെറ മാനദണ്ഡം

അനേകകോടി പ്രപഞ്ചസമൂഹങ്ങളിൽ നമ്മുടെ സൗരയൂഥത്തിലെ നാം അധിവസിക്കുന്ന ഭൂമിപോലെയുള്ള വിചിത്രസുന്ദരമായൊരു ജൈവഗ്രഹം പ്രപഞ്ചവ്യാപ്തിയുടെ അദൃശ്യ മേഖലയിലെ വിടെയെങ്കിലും സ്ഥിതിചെയ്യുന്നുണ്ടാവാമെന്നതിന് വിശ്വസനീയമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. അതുകൊണ്ട്, ജീവവൈവിധ്യങ്ങളുടെ ഈ അപൂർവ്വമാതാവിനെ ആ ദേവിയുടെ മക്കൾ എന്തു ത്യാഗം സഹിച്ചും നിലനിർത്തേണ്ടതാണ്. ഭൂമിയുടെ യൗവ്വനം നശിച്ചുപോയിരിക്കുന്നു. വരാൻ പോകുന്നത് പാപശുഷ്കമായ ദിവസങ്ങളാണ്.

"ലോകാ സമസ്താ സുഖിനോ ഭവന്തു" എന്ന ആർഷമായ ലോകാശംസ പ്രാപ്തമാകുന്നതിന് പല പ്രായോഗിക പദ്ധതികളും ജ്ഞാനികളായ ഋഷിമാർ സംഘടിപ്പിച്ചിട്ടുണ്ട്. പലതരത്തിലുള്ള അനുഷ്ഠാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ഇവയെല്ലാം ആദിമമായ ഏകത്വസങ്കല്പത്തെ അധിഷ്ഠാനമാക്കി സ്വരൂപിച്ചെടുത്ത പ്രപഞ്ച ഘടനയേയും മനുഷ്യ സ്വരൂപ ഘടനയേയും മാതൃകയാക്കിക്കൊണ്ടാണ്. അതിനാൽ ഇന്ത്യയുടെ ജീവിതപദ്ധതികളിലും അനുഷ്ഠാനങ്ങളിലും വൈദിക കർമ്മങ്ങളിലും അന്ധവിശ്വാസത്തിന് ഒരു സ്ഥാനവുമില്ല. ഋഷിമാർ നടപ്പിലാക്കിയ ആരാധനാ സമ്പ്രദായവും അതിനു വേണ്ടിയുള്ള ദേവാലയ നിർമ്മാണവും അവിടത്തെ പൂജാവിധികളും തർക്കശാസ്ത്ര പരമായ അടിസ്ഥാനത്തിൽ കല്പിക്കപ്പെട്ടിട്ടുള്ളതാണ്.

വാസ്തുവിദ്യ വെറും സൗധനിർമ്മാണമല്ല. ഒരു പ്രദേശത്തിൻെറ ഭൂപ്രകൃതിയും, ജലസ്രോതസ്സുകളും, പ്രകൃതി വിഭവങ്ങളും, പാരമ്പര്യവും, വിദ്യാഭ്യാസവും, ചിന്താരീതിയും, വിശ്വാസങ്ങളും വാസ്തുവിദ്യയുടെ പശ്ചാത്തലത്തിൽ പരിഗണിക്കപ്പെട്ടിട്ടുണ്ട്. സാഹിത്യവും, തത്വചിന്തയും, കലകളും വാസ്തുവിദ്യയിൽ അന്തർഭവിച്ചിട്ടുണ്ട്. ക്ഷേത്രം, ഭാരതത്തിൻെറ പ്രാചീന പാരമ്പര്യത്തിൽ, വിദ്യാഭ്യാസകേന്ദ്രവും, കലാകേന്ദ്രവും, കലാപ്രകടനകേന്ദ്രവും കൂടിയായിരുന്നു. സമകാലീനമായ ഉപഭോഗ സംസ്കാരത്തിൻെറ വ്യാപാര താല്പര്യവും ചൂഷണവ്യവസ്ഥയും ദേവാലയങ്ങളുടെ വിശുദ്ധിക്കും പരിക്ക് ഏല്പിച്ചുകൊണ്ടിരിക്കുന്നു. ഭൗതിക ജീവിതത്തിൻെറ വ്യഥകളെ ദൂരീകരിച്ച്, ആത്മീയമായ ശോഷണത്തിൽ നിന്ന് സമുദ്ധരിച്ച്, ആത്മചൈതന്യം ഉത്തേജിപ്പിക്കുന്നതിനുള്ള ഉപാധികളാണ് ക്ഷേത്രങ്ങൾ.

പല തരത്തിലുള്ള ലൗകികചിന്തകൾകൊണ്ടും, സ്വാർത്ഥമോഹികളുടെ കൈപ്പെരുമാറ്റത്തിൻെറ അഴുക്കുകൾ പുരണ്ടും, ആരാധനാലയങ്ങളും ആരാധനാക്രമങ്ങളും പൊതുവായും ഹൈന്ദവക്ഷേത്രങ്ങളും, ക്ഷേത്രാരാധനയും, പ്രത്യേകിച്ചും ഈ അടിസ്ഥാന ദർശനത്തിൽ നിന്ന് വളരെയേറെ വ്യതിചലിച്ചു പോയിരിക്കുന്നു. ദേവാലയങ്ങൾ ഒരു പ്രദേശത്തിൻെറയും അവിടെ വസിക്കുന്ന സമൂഹത്തിൻേറയും ആത്മീയ സ്രോതസ്സുകളാണ്. ലൗകികമായ ജീവിതത്തിൽ അഭിരമിക്കുമ്പോളുണ്ടാകുന്ന ആത്മീയ ശോഷണത്തെ പോക്കി ആത്മീയ ചൈതന്യത്തെ ഉദ്ദീപിപ്പിക്കുന്നതിനുള്ള ഉപാധികളാണ് ആരാധനാലയങ്ങൾ. കാലാകാലങ്ങളിലുണ്ടായ പല കാരണങ്ങൾ കൊണ്ടും ആരാധനക്രമങ്ങളും ആരാധനാലയങ്ങളും പൊതുവായും, ഹൈന്ദവ ക്ഷേത്രങ്ങളും, ക്ഷേത്രാരാധനയും, പ്രത്യേകിച്ചും ഈ അടിസ്ഥാനദർശനത്തിൽ നിന്നും വളരെയേറെ വ്യതിചലിച്ചുപോയിരിക്കുന്നു.

ക്ഷേത്രാരാധനയുടെയും ആചാരാനുഷ്ഠാനങ്ങളുടെയും പൊരുളറിയാത്ത ആരാധകരും ക്ഷേത്രഭരണാധികാരിയുമെല്ലാം ചേർന്ന് ക്ഷേത്രങ്ങളെ ഉപഭോഗസംസ്കാരത്തിൻെറ വരുമാന മാർഗ്ഗങ്ങളായി മാറ്റിക്കൊണ്ടിരിക്കുകയാണ്. ക്ഷേത്രങ്ങളേയും ക്ഷേത്രാരാധനയേയും ആരാധകരേയും വർദ്ധിച്ചുവരുന്ന ഉപഭോഗസംസ്കാരത്തിൻെറ പിടിയിൽ നിന്നും മുക്തമാക്കി, ആത്മീയതയുടെ വഴിയിലേക്ക് തിരിക്കേണ്ടത് ഇന്നത്തെ

കാലഘട്ടത്തിന്റെ വലിയൊരു വെല്ലുവിളിയായി മാറിയിരിക്കു കയാണ്.

വൈവിദ്ധ്യമാർന്ന ആചാരാനുഷ്ഠാന ങ്ങളാൽ സമൃദ്ധമാണ് കേരളം. മുപ്പത്തി മുക്കോടി മാദ്ധ്യമങ്ങളിലൂടെ ഈശ്വരനിൽ എത്താമെന്ന് ഉദ്ഘോഷിക്കുന്നതാണ്. അതുല്യമായ നമ്മുടെ സംസ്കാരപൈതൃകം. ആനയൂട്ട് മുതൽ പറശ്ശിനി കടവ് മുത്തപ്പസന്നിധിയിലെ ശ്വാനയൂട്ട് വരെ നമ്മെ പഠിപ്പിക്കുന്നത് സർവ്വ ചരാചരങ്ങളിലും ഈശ്വരാംശം ദർശിക്കുവാനാണ്. ഒരു വശത്ത് നൂറ്റാണ്ടുകൾ പഴക്കമുള്ള പാരമ്പര്യപ്രാധാന്യമുള്ള ക്ഷേത്രസമുച്ചയങ്ങൾ സാമ്പത്തിക പരാധീന തകൾ കാരണം അവയ്ക്കാവശ്യമായ പരിപാല നമോ പുനരുദ്ധാരണമോ ഇല്ലാതെ ജീർണ്ണിച്ചു കൊണ്ടിരിക്കുന്ന കാഴ്ച, മറുവശത്ത് ദേവീദേവൻ മാരോടൊപ്പം സ്ഥാനം പിടിക്കുന്ന രാഷ്ട്രീയ, സാമൂഹ്യ നേതാക്കൻമാരുടെ ഫ്ളക്സ് ബോർഡുകൾ അടക്കമുള്ള കമ്പോള സംസ്കാരത്തിന്റെ കെട്ടുകാഴ്ചകളും വെടിക്കെട്ടുകളും. ഈ വൈരുദ്ധ്യം നമ്മുടെ സംസ്കാരത്തിന്റെ മുഖമുദ്രയായി മാറിക്കൊണ്ടിരിക്കുന്നത് നിശബ്ദരായി, നിസംഗരായി നോക്കിക്കൊണ്ടിരിക്കുന്ന നമ്മുടെ സമൂഹത്തിന്റെ മനഃസാക്ഷിയെ ഉണർത്താനുള്ള കാലമായില്ലേ? അതിനുള്ള കർത്തവ്യവും ഉത്തരവാദിത്വവും ആർക്കാണ്? കമ്പോള സംസ്കാരത്തിൽ നിന്നും വ്യത്യസ്തമായ ഒരു ആചാരാനുഷ്ഠാന സംഹിതയും സംവിധാനവും ഇന്നത്തെ സാഹചര്യത്തിൽ സാധ്യമാണോ?

ഈ ചോദ്യങ്ങളും ഇവയോടനുബന്ധമായ എഴുതാപ്പുറത്തുള്ള മറ്റു ചോദ്യങ്ങളും ഭക്തജന ങ്ങളുടെ, ക്ഷേത്രാരാധകരുടെ, പുരോഹിത ശ്രേഷ്ഠൻമാരുടെ, സന്ന്യാസാചാര്യൻമാരുടെ, തത്വശാസ്ത്ര നിപുണൻമാരുടെ, സാംസ്കാരിക നേതാക്കൻമാരുടെ പരിഗണനയ്ക്കും, അഭിപ്രായ പ്രകടനത്തിനുമായി പൊതുജന സമക്ഷം സമർപ്പിക്കുന്നു.

ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാട്, ഗുരുവായൂർ, കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്, കുന്ദംകുളം, കണ്ഠരര് രാജീവര്, ശബരിമല തന്ത്രി, അക്കീരമൺ കാളിദാസൻ ഭട്ടതിരിപ്പാട്, യോഗക്ഷേമ സഭ സംസ്ഥാന പ്രസിഡന്റ്, അഡ്വ. രഘുരാമ പണിക്കർ, ആവണങ്ങാട്ട് കളരി, രാകേഷ് തന്ത്രികൾ, പറവൂർ, സുകുമാരൻ തന്ത്രികൾ, ഞാറയ്ക്കൽ, കെ.വി. മദനൻ, ദേശീയ ഉപാദ്ധ്യക്ഷൻ, വി.എച്ച്.പി, പെരുവനം കുട്ടൻമാരാർ, പി.എൻ.സുരേഷ്, ആറൻമുള, പ്രൊഫ.ശാന്തകുമാരി, ഗുരുവായൂർ, ഇന്ദിര രാജൻ, പെരുമ്പാവൂർ, അഡ്വ. ഡി. സോമ സുന്ദരം, ഓച്ചിറ, പ്രൊഫ.തുറവൂർ വിശ്വംഭരൻ, എറണാകുളം, എസ്.കെ.നായർ, കൊല്ലം, വിദ്യാധരൻ മാസ്റ്റർ, സംഗീതസംവിധായകൻ, ബി.ഗിരിരാജൻ, കോഴിക്കോട്, ഡോ.എ.പി.ചന്ദ്രശേഖരൻ നായർ, അയിരൂർ, വെങ്കിട്ടരാമയ്യർ, ആലപ്പുഴ, സി.ജി. രാജഗോപാൽ, എറണാകുളം, ടി.ജി.പത്മ നാഭൻനായർ, തുറവൂർ, പി. രാമചന്ദ്രൻ(വേണു), എറണാകുളം കരയോഗം, ടി.കെ.എ. നായർ ഐ.എ.എസ്, തിരുവനന്തപുരം എന്നിവർ നേതൃത്വം നൽകുന്ന ക്ഷേത്ര അവബോധന സമിതി ഇതിനെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ ക്ഷണിച്ചു കൊള്ളുന്നു. നിങ്ങളുടെ അഭിപ്രായങ്ങൾ kshethradharma@gmail.com. എന്ന ഈ മെയിൽ വിലാസത്തിലോ, പി. രാമചന്ദ്രൻ എറണാകുളം കരയോഗം, ടി.ഡി.എം. ഹാൾ കോംപ്ലക്സ്, ഡി.എച്ച്. റോഡ്, കൊച്ചിൻ -16 എന്ന വിലാസത്തിലോ അയയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു.

ടി. വിഷയം സംബന്ധിച്ച് സംസ്ഥാനാ ടിസ്ഥാനത്തിൽ വിപുലമായ ഒരു ചർച്ചയ്ക്ക് സെപ്റ്റംബർ മാസം ടി.ഡി.എം. ഹാളിൽ വേദിയൊരുക്കുന്നു. ■

## മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യുന്നവരുടെ ശ്രദ്ധയ്ക്ക്

എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് 2500/- രൂപ ഫീസ് നല്കേണ്ട താണ്. 6 മാസക്കാലം വരെ 75 ഡേറ്റ ഓൺലൈനിൽ നിന്നും പ്രിന്റെടുക്കുവാനുള്ള സൗകര്യം ഉണ്ടായിരി ക്കുന്നതാണ്. രജിസ്ട്രേഷൻ കാലാവധി രജിസ്ട്രേഷൻ ചെയ്ത ദിവസം മുതൽ 6 മാസക്കാലമായിരിക്കും. കാലാവധിക്കുശേഷം 1500/- രൂപ അടച്ച് ഒരു പ്രാവശ്യം മാത്രമേ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള സൗകര്യ മുണ്ടായിരിക്കുകയുള്ളു. കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്തവരുടെ പരസ്യം കരയോഗ സൌഹൃദ മാഗസിനിൽ രജിസ്ട്രേ ഷൻ ചെയ്ത തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ഒരു പ്രാവശ്യം സൗജന്യമായി പ്രസിദ്ധീകരിക്കുന്ന തായിരിക്കും. വീണ്ടും പരസ്യം ചെയ്യുന്നതിന് 750 രൂപ വീതം നല്കേണ്ടതാണ്.



(പാഠം 26)

# വദതു സംസ്കൃതം

ആർ. കിരൺകുമാർ

**മിത്രഭാഷണം**

| | | |
|---|---|---|
| വീട്ടുകാര്യം കഴിഞ്ഞോ? | - | ഗൃഹകാര്യം സമാപ്തം കിം? |
| ഏതാണ്ടൊക്കെ കഴിയാറായി | - | ആം സമാപ്തിപ്രായം |
| കഴിഞ്ഞ ദിവസം എവിടെ ആയിരുന്നു? | - | ഗതേ ദിനേ കുത്ര ആസീത്? |
| ഞാൻ അമ്മവീട്ടിൽ പോയി | - | അഹം മാതൃഗൃഹം ഗതവതീ |
| എനിക്ക് രാവിലെ മുതൽ ഒരുപാട് ജോലി ആണ് | - | മമ പ്രാതഃ ആരഭ്യ ബഹു കാര്യാണി |
| ജോലിക്കാരി ഇന്നു വന്നില്ല | - | കർമ്മകരീ അദ്യ ന ആഗതവതീ |
| നാളെ അതിഥികൾ വരും | - | ശ്വഃ അതിഥയഃ ആഗമിഷ്യന്തി |
| ഇന്ന് മാർക്കറ്റിൽ പോയാലോ | - | അദ്യ വിപണിം ഗഛാമഃ കിം? |
| ഇന്നെനിക്ക് സമയമില്ല | - | അദ്യ മമ സമയഃ നാസ്തി |
| നാളെ പോകാം | - | ശ്വഃ ഗമിഷ്യാമഃ |
| വരൂ. അമ്പലത്തിൽ പോകാം | - | ആഗഛതു. ദേവാലയം ഗഛാമഃ |
| കുറച്ച് പഞ്ചസാര തരാമോ? | - | കിഞ്ചിത് ശർക്കരാം ദദാതി വാ ? |
| അവളുടെ ഹെയർ സ്റ്റൈൽ നോക്കൂ | - | തസ്യാഃ കേശവിന്യാസം പശ്യതു |
| ഈ ഷർട്ട് എങ്ങനെയുണ്ട് | - | ഏതത് യുതകം കഥം അസ്തി ? |
| ഈ സാരി എവിടെനിന്ന് വാങ്ങിയതാ? | - | ഏതാം ശാടികാം കുതഃ ക്രീതവതീം? |
| രാജു വീട്ടിൽ ഉണ്ടോ | - | രാജു ഗൃഹേ അസ്തി കിം? |
| ഉള്ളിയുടെ വില എത്രയാ | - | പലാണ്ടോ മൂല്ല്യം കിം? |
| അരി നല്ലതല്ല | - | തണ്ഡുല ഃ സമ്യക് നാസ്തി |
| പഞ്ചസാര എത്രത്തോളം വേണം | - | ശർക്കരാം കിയത് ദദാമി ? |
| രണ്ട് കിലോ തരൂ | - | കിലോ ദ്വയം ദദാതു |
| ബില്ല് തരൂ | - | പ്രതിപത്രം ദദാതു |
| കുറച്ച് വെയ്റ്റ് ചെയ്യൂ | - | കിഞ്ചിത് തിഷ്ഠതു |
| ഇന്നെന്താ ബ്രേക്ക്ഫാസ്റ്റ് | - | അദ്യ കഃ അല്പാഹാരം? |
| ഒട്ടും കാറ്റ് ഇല്ല | - | വായുഃ ഏവ ന വാതി |
| എന്തൊരു ചൂട് | - | ഘർമോ ഘർമ്മ ഃ |
| എന്തൊരു മഴ | - | മഹതീ വൃഷ്ടി ഃ |
| ഒരു ചായ കുടിച്ചാലോ | - | ഏകാം ചായാം പിബാമഃ വാ ? |
| അതെനിക്ക് ഇഷ്ടമല്ല | - | തത് മഹ്യം ന രോചതേ |



### രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ 1191–ാം മാണ്ട്

# അഷ്ടമിരോഹിണി മഹോത്സവം

(1191 ചിങ്ങം 20 ശനിയാഴ്ച) (2015 സെപ്റ്റംബർ 5)

**5.9.2015 ശനിയാഴ്ച**

| | | |
|---|---|---|
| രാവിലെ 3.30 ന് | : | നടതുറക്കൽ, നിർമ്മാല്ല്യം, അഷ്ടാഭിഷേകം |
| 5.30 ന് | : | ഹരിനാമകീർത്തനം, വിഷ്ണുസഹസ്രനാമം, ഭഗവദ്ഗീതാപാരായണം |
| 6.30 ന് | : | **ഭജന** |
| 8 മുതൽ 11 വരെ | : | **ശീവേലി, പഞ്ചാരിമേളം** |
| 11 മുതൽ 12 വരെ | : | നാരായണിയ പാരായണം |
| 12 മുതൽ | : | ഓട്ടൻതുള്ളൽ |

**വൈകുന്നേരം**

| | | |
|---|---|---|
| 4.30 മുതൽ 7.00 വരെ | : | കാഴ്ചശ്ശീവേലി,പഞ്ചാരിമേളം, നിറമാല |
| 7.00 മുതൽ 7.30 വരെ | : | നാദസ്വരം, പഞ്ചവാദ്യം, ദീപാരാധന |
